# സാമൂഹ്യ ശാസ്ത്രം

## SOCIAL SCIENCE-MALAYALAM MEDIUM

### സ്റ്റാൻഡേർഡ് എട്ട്

### STANDARD EIGHT

ഭാഗം1

Term 1

# 1. മുഗളന്മാരുടെ ആഗമനം

### ബാബറുടെ ആക്രമണസമയത്ത് ഇന്ത്യയിലെ സ്ഥിതിഗതികൾ

ബാബർ ഇന്ത്യയെ ആക്രമിച്ച സമയത്ത് ഇന്ത്യ പല ചെറിയ രാജ്യങ്ങളായി വിഭജിയ്ക്കപ്പെട്ടിരുന്നു. ഈ രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഉത്തരേന്ത്യയിൽ രാഷ്ട്രീയ ഐക്യം ഇല്ലായിരുന്നു. ഡൽഹി സുൽത്താന്മാരുടെ ഭരണം ശക്തിയറ്റതായിരുന്നു. ലോഡിവംശത്തിലെ അവസാനത്തെ സുൽത്താനായ ഇബ്രാഹീം ലോഡിയ്ക്ക് പ്രഭുക്കന്മാരെ നിയന്ത്രിയ്ക്കാൻ കഴിഞ്ഞില്ല. രജപുത്രർ റാണാ സംഗയുടെ നേതൃത്വത്തിൽ ഡൽഹിയെ പിടിച്ചെടുക്കുന്നതിന് ശക്തമായ ശ്രമം നടത്തുകയായിരുന്നു. ഈസന്ദർഭത്തിൽ ഇന്ത്യയുടെമേൽ യുദ്ധം ചെയ്യാൻ ആലംഖാൻ ലോഡി ബാബറെ ക്ഷണിക്കുകയും, പഞ്ചാബിലെ ഗവർണറായിരുന്ന ദൗളത്ത്ഖാൻ ലോഡിയും ബാബറെ ഇന്ത്യയെ ആക്രമിയ്ക്കുന്നതിനുവേണ്ടി ക്ഷണിച്ചു.



ബാബർ

ദക്ഷിണേന്ത്യയിൽ വിജയനഗര സാമ്രാജ്യവും ബാമിനി സാമ്രാജ്യവും സ്വതന്ത്ര സാമ്രാജ്യങ്ങളായി നിലനിന്നിരുന്നു. ഈ സാമ്രാജ്യങ്ങൾ പരസ്പരം കലഹത്തിൽ ഏർപ്പെട്ടിരുന്നു. ഇത്തരം സാഹചര്യങ്ങളിലാണ് ബാബർ ഇന്ത്യയെ ആക്രമിച്ചത്..

### ബാബർ (ക്രി.പി. 1526 – ക്രി.പി.1530)

സാഹിർ-ഉദ്-ദിൻ മുഹമ്മദ് ബാബർ ക്രിപി. 1483-ൽ മദ്ധ്യേഷ്യയിൽ ഉള്ള ഫർഗാനയിൽ ഉമർ ഷേഖ് മിർസാ എന്നയാളിന്റെ മൂത്ത പുത്രനായി ജനിച്ചു. ബാബർ പിതാവ് വഴി തുർക്കിയിലെ തൈമൂർ വംശജനും മാതാവു വഴി മംഗോളിയായിലെ രാജാവായിരുന്ന ചെങ്കിസ്ഖാന്റെ വംശജനുമായിരുന്നു. ക്രി.പി. 1494-ൽ പിതാവിന്റെ മരണശേഷം തന്റെ പതിനൊന്നാമത്തെ വയസ്സിൽ ബാബർ ഫർഗാനയുടെ രാജാവായി.

### ആക്രമണങ്ങൾ: ഒന്നാം പാനിപ്പട്ട് യുദ്ധം (ക്രി.പി. 1526)

പഞ്ചാബ് ഗവർണ്ണറായ ദൗളത്ത് ഖാൻ ലോഡിയുടെ ക്ഷണം സ്വീകരിച്ച ബാബർ വിപുലമായ തയ്യാറെടുപ്പോടെ ഇന്ത്യയെ ആക്രമിയ്ക്കാനെത്തി. ക്രി.പി. 1526 ഏപ്രിൽ 21-ാം തിയതി ചരിത്ര പ്രസിദ്ധമായ പാനിപ്പട്ട് യുദ്ധക്കളത്തിൽ ഡൽഹിയിലെ സുൽത്താനായ ഇബ്രാഹിം ലോഡിയെ തോൽപ്പിച്ചു. ഈ യുദ്ധത്തിൽ അദ്ദേഹത്തിന്റെ പീരങ്കിപ്പട വളരെ പ്രധാന പങ്കുവഹിച്ചു. ഇബ്രാഹീം ലോഡിയെക്കാളും വളരെക്കുറച്ച് സൈന്യത്തെ കൊണ്ടിരുന്ന ബാബർ വളരെ എളുപ്പത്തിൽ ലോഡിയുടെസൈന്യത്തെ പരാജയപ്പെടുത്തി. യുദ്ധത്തിൽ ഇബ്രാ ഹീം ലോഡി കൊല്ലപ്പെട്ടു. അതോടെഡൽഹി സുൽത്താൻ ഭരണത്തിന് തിരശ്ശീല വീണു. ഇന്ത്യയിൽ മുഗൾ ഭരണത്തിന് ബാബർ അടിത്തറപാകി.

**പ്രവർത്തനം:-**
ഒന്നാം പാനിപ്പട്ട് യുദ്ധത്തിൽ ബാബറിന്റെ സൈനീക തന്ത്രങ്ങളെ ക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക

പാനിപ്പട്ട് യുദ്ധത്തിന്റെ വിജയം കൊണ്ട് ബാബറിന് ഇന്ത്യയുടെ യഥാർത്ഥ ഭരണാധികാരിയാകാൻ സാധിച്ചില്ല. എന്തെന്നാൽ പാനിപ്പട്ട് യുദ്ധത്തിൽ ബാബർ വിജയം കൈവരിച്ചു എങ്കിലും മേവാർ ഭരിച്ചിരുന്ന രജപുത്ര രാജാവായ റാണാസംഗ അദ്ദേഹത്തിന് ഒരു വലിയ ഭീഷണിയായി നിലകൊണ്ടു.മേവാറിനെ ഭരിച്ചിരുന്ന റാണാസംഗ എന്ന രജപുത്ര രാജാവിനെക്രി.പി. 1527-ൽ കാൺവാ യുദ്ധത്തിൽ പരാജയപ്പെടുത്തി. മാളവത്തെ ഭരിച്ചിരുന്ന മേദിനീ റോയെ ക്രി.പി.1528-ൽ ചന്ദേരിഎന്ന സ്ഥലത്തു വച്ച് പരാജ യപ്പെടുത്തി. കി.പി. 1529-ൽ ബംഗാൾ ഭരിച്ചിരുന്ന അഫ്ഗാൻ പ്രഭു വായ മുഹദ്ലോഡിയെ ഗോഗ്ര യുദ്ധത്തിൽ പരാജയപ്പെടുത്തി. അങ്ങനെ ബാബർ ഇന്ത്യയിൽ മുഗൾ സാമ്രാജ്യം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ സാമ്രാജ്യം കിഴക്ക് ബീഹാർ മുതൽ പടിഞ്ഞാറ് പഞ്ചാബ്, കാബൂൾ കാണ്ഡഹാർ, ബഡാക്ഷാൻ വരെ വ്യാപിച്ചിരുന്നു. പക്ഷേ അദ്ദേഹം ഈ വിജയങ്ങളെ അനുഭവിയ്ക്കു ന്നതിനു വേണ്ടി അധികകാലം ജീവി ച്ചിരുന്നില്ല. ക്രി.പി. 1530-ൽ തന്റെ 47-ാ മത്തെ വയസ്സിൽ ബാബർ അസുഖം ബാധിച്ച് മരണമടഞ്ഞു. അദ്ദേഹത്തിനു ശേഷം പുത്രനായ ഹുമയൂൺ അധി കാരത്തിലെത്തി.

## ചരിത്രത്തിൽ ബാബറിനുള്ള സ്ഥാനം:

മദ്ധ്യകാല ഇന്ത്യയിൽ ജീവിച്ചിരുന്ന പ്രശസ്തരായ രാജാക്കന്മാരിൽ ഒരാളായിരുന്നു ബാബർ. അദ്ദേഹം യുദ്ധവീരൻ, പണ്ഡിതൻ,കവി എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയെ ബാബറുടെ സ്മരണകൾ **തുസുക്കി-ഇ- ബാബറി അല്ലെങ്കിൽ "ബാബർ നാമ"** എന്ന ഗ്രന്ഥത്തെ തുർക്കി ഭാഷയിൽ രചിച്ചു. ഏഷ്യൻ രാജാക്കന്മാരിൽ വെച്ച് ഏറ്റവും ധിഷണാശാലിയായ ഒരു രാജാവായിരുന്നു ബാബർ. ബാബറാൽ അടിത്തറയിടപ്പെട്ട മുഗൾസാമ്രാജ്യം അക്ബറാൽ ശക്തിപ്പെട്ടു. 200 വർഷത്തിലധികം ഭരണം നടത്തിയ മുഗൾ സാമ്രാജ്യത്തിന് അടിത്തറ പാകിയത് ബാബറാണ് എന്നതിൽ സംശയമില്ല.

## ഹുമയൂൺ (ക്രി.പി.1530 - 1540, 1555-1556)

ബാബറുടെ മരണശേഷം അദ്ദേഹത്തിന്റെ പുത്രനായ ഹുമയൂൺ ക്രി.പി. 1530 അധികാരത്തിൽ വന്നു. ഹുമയൂൺ 1508-ൽ കാബൂളിൽ ജനിച്ചു. അദ്ദേഹത്തിന് കമ്രാൻ, അസ്ക്കാരി, ഹിൻഡാൻ എന്നീ മൂന്നു സഹോദരന്മാർ ഉണ്ടായിരുന്നു. തന്റെ ഇരുപതാമത്തെ വയസ്സിൽ അദ്ദേഹം ബഡാക്ഷയിലെ ഗവർണറായി നിയമിയ്ക്കപ്പെട്ടു.

ഹുമയൂണിന് തന്റെ പിതാവിൽ നിന്ന് സുരക്ഷിതമായ ഒരു സാമ്രാജ്യമല്ല ലഭിച്ചത്. അദ്ദേഹം രാജാവായ ഉടനെ ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിയ്ക്കേണ്ടതായിവന്നു. പരമ്പരാഗത അവകാശനിയമം ഇല്ലാതിരുന്നതിനാൽ ബാബറുടെ മരണശേഷം അധികാര മോഹികളായ ഹുമയൂണിന്റെ സഹോ ദരന്മാർ ഡൽഹി സിംഹാസനത്തിനു വേണ്ടി മത്സരിച്ചു. രജപുത്രന്മാരും, മുഗളന്മാരെ ഇന്ത്യയിൽ നിന്നും തുരത്തണമെന്നാഗ്രഹിച്ചു. ഗുജറാത്തിലെ ബഹദൂർഷായും ഹുമയൂണിന് ഭീഷണിയായിരുന്നു. അവർ ഹുമയൂണിനെ ഭീഷണിപ്പെടുത്തി. ബംഗാളിനേയും, ബീഹാറിനേയും ഭരിച്ചിരുന്ന ഷെർഖാൻ ഡൽഹിയെ പിടിച്ചെടുക്കു ന്നതിന് ആഗ്രഹിച്ചു. അദ്ദേഹം ഹുമയൂ ണിന് ഒരു വെല്ലു വിളിയായിരുന്നു. ഇങ്ങനെ ഹുമയൂണിന് എല്ലാവശത്തു നിന്നും ശത്രു ക്കളെ നേരിടേണ്ടിവന്നു.

ക്രി.പി.1539-ൽ ചൗസാ യുദ്ധത്തിൽ ഷെർഖായോട് ഹുമയൂൺ പരാജയപ്പെട്ടു.വീണ്ടും ക്രിപി 1540-ൽ കനൗജ് യുദ്ധത്തിലും ഹുമയൂൺ

പരാജയപ്പെട്ടു. ജീവരക്ഷാർത്ഥം ഓടിപ്പോയി, ഏകദേശം പതിനഞ്ചു വർഷക്കാലം നാടോടി ജീവിതം നയിച്ചു. ആ കാലഘട്ടത്തിൽ അദ്ദേഹം ഹമീദാ ഭാനുബീഗം എന്ന സ്ത്രീയെ വിവാഹം കഴിച്ചു. ക്രിപി 1542-ൽ അമർക്കോട്ട് എന്ന സ്ഥലത്തു വച്ച് അവർക്ക് ഒരു പുത്രൻ ജനിച്ചു. അദ്ദേഹമാണ് അക്ബർ. പേർഷ്യൻ ചക്രവർത്തിയുടെ സഹായത്തോടെ ഹുമയൂൺ കാബുൾ, കാണ്ഡഹാർ എന്നീ പ്രദേശങ്ങളെ തന്റെ സഹോദരനായ കമ്രാനിൽ നിന്നും പിടിച്ചെടുത്തു. ക്രി.പി. 1555-ൽ ഹുമയൂൺ ഡൽഹിയേയും, ആഗ്ര യേയും കീഴടക്കി 15 വർഷങ്ങൾക്കു ശേഷം വീണ്ടും മുഗൾ സാമ്രാജ്യത്തിന്റെ അധിപനായി.

ഹുമയൂൺ എന്ന വാക്കിന് **‘ഭാഗ്യം’** എന്നാണർത്ഥം. പക്ഷേ അദ്ദേഹം ബാബറുടെ **“നിർഭാഗ്യവാനായ”** പുത്രനായി ജീവിച്ചു. ഒരു രാജാ വെന്ന നിലയിൽ അദ്ദേഹത്തിന്റെ ജീവിതം വമ്പിച്ച പരാജയമായിരുന്നു. ജീവിതകാലം മുഴുവനും കാലിടറിയ ഹുമയൂണിന് ജീവിതാന്ത്യവും കാലിടർച്ചയിലൂടെ തന്നെ സംഭവിച്ചു. ക്രി.പി. 1556-ൽ അദ്ദേഹം മരണമടഞ്ഞു. മരിക്കുന്നതിനു മുമ്പു തന്റെ സാമ്രാജ്യത്തെ മകനായ അക്ബറെ ഏൽപ്പിക്കുകയും അക്ബറുടെ സംരക്ഷകനായി ബൈറാംഖാനെ നിയോഗിക്കുകയും ചെയ്തു.

## ഷെർഷാസൂർ (ക്രി.പി.1540 - 1545)

ഷെർഷയുടെ യഥാർത്ഥ നാമധേയം ഫരീദ്ഖാൻ എന്നായിരുന്നു. ഷെർഷാ ക്രി.പി. 1472-ൽ ഹുസൈന്റെ മകനായി ജനിച്ചു. ജാൺപൂരിനെ ഭരിച്ച അഫ്ഗാൻ ഗവർണ്ണർ ഇദ്ദേഹത്തിന് **“ഷെർഖാൻ”** എന്ന നാമധേയം നൽകി. പിന്നീട് ബംഗാൾ ഗവർണറോട് ജോലിക്കു ചേർന്ന് അതിനുശേഷം ബീഹാറിന്റെ രാജാവായി. തന്നെ സ്വയം ഷെർഷാ എന്ന് വിളിച്ചിരുന്നു. ഇദ്ദേഹത്താൽ ആരംഭിക്കപ്പെട്ട സാമ്രാജ്യം **“സൂർ”**വംശം എന്ന് വിളിക്കപ്പെട്ടിരുന്നു.

## ഷെർഷയുടെ വിജയങ്ങൾ

ക്രി.പി.1539-ൽ ചൗസാ യുദ്ധത്തിൽ ഷെർഖാൻ ഹുമയൂണിനെ പരാജയപ്പെടുത്തി. ഈ വിജയത്തിനുശേഷം ഡൽഹി സിംഹാസനത്തെ പിടിച്ചെടുക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ബംഗാൾ, ബീഹാർ എന്നീ പ്രദേശങ്ങളുടെ രാജാവായി അദ്ദേഹം സ്വയം പ്രഖ്യാപിച്ചു. ക്രി.പി. 1540-ൽ കനൗജ് യുദ്ധത്തിൽ വീണ്ടും ഹുമയൂണിനെ പരാജയപ്പെടുത്തി ഡൽഹി, ആഗ്ര എന്നീ പ്രദേശങ്ങളെ പിടിച്ചെടുക്കുകയും ഷെർഷാ എന്ന നാമധേയം സ്വയം സ്വീകരിക്കുകയും ചെയ്തു. പിന്നീട് സിന്ധ്, മുൾട്ടാൻ എന്നീ പ്രദേശങ്ങളെയും ആക്രമിച്ചു. മാൾവാ, റെയ്സിൻ, മാർവാർ എന്നീ പ്രദേശങ്ങളെ തന്റെ അധീനതയിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ അവസാനത്തെ ആക്രമണം ക്രി.പി. 1545- ൽ ബന്ധേൽഖണ്ഡിലുള്ള കലിഞ്ജർ കോട്ടയ്ക്ക് എതിരായിരുന്നു. ഈ ആക്രമണത്തിൽ അപ്രതീക്ഷിതമായി വെടി മരുന്നു പൊട്ടിത്തെറിച്ച് മുറിവേറ്റതിനാൽ ക്രി.പി. 1545-ൽ അദ്ദേഹം മരണമടഞ്ഞു.

## ഷെർഷായുടെ ഭരണരീതി.
### കേന്ദ്രഭരണം

വളരെ ശ്രേഷ്ഠമായ ഒരു ഭരണരീതിയുടെ ശില്പിയാണ് ഷെർഷാ. ഇദ്ദേഹം ഒരു സ്വേച്ഛാധിപതിയായ രാജാവ് മാത്രമല്ല വളരെ പ്രശസ്തനായ ഒരു ഭരണാധികാരി കൂടി

യായിരുന്നു. അദ്ദേഹം മുസ്ലീം മതത്തലവന്മാരുടെ **(ഉലേമകൾ)** ഉപദേശങ്ങളെ ചെവികൊണ്ടില്ല. ഭരണത്തിൽ വളരെ ചെറിയ കാര്യങ്ങൾക്കു പോലും പ്രാധാന്യം നൽകി. ഭരണത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിന് നാലു മന്ത്രിമാർ അടങ്ങുന്ന ഒരു മന്ത്രിസഭ ഉണ്ടായി രുന്നു.

ദിവാൻ-ഇ-വിശാരദ് എന്ന വരവു ചിലവു കണക്കിന്റെ അധികാരമുള്ള മന്ത്രി

ദിവാൻ-ഇ-ആരീസ് എന്ന സൈനീകാധികാരമുള്ള മന്ത്രി

ദിവാൻ-ഇ-റസാലദ് എന്ന വിദേശ കാര്യാലയ മന്ത്രി

ദിവാൻ-ഇ-ഇൻഷാ എന്ന സർക്കാർ ഉത്തരവുകൾ കൂടാതെ തപാൽ വിനിയോഗ മന്ത്രി.

## സംസ്ഥാന ഭരണം

ഭരണ സൗകര്യത്തിനുവേണ്ടി സാമ്രാജ്യത്തെ പല സർക്കാരുകളാ യും സർക്കാരുകളെ ഫർഗാന കളായും, ഫർഗാനകളെ ഗ്രാമങ്ങളായും വിഭജിച്ചിരുന്നു. സംസ്ഥാന ഭരണത്തിന്റെ ഏറ്റവുംചെറിയ ഘടകമാണ് ഗ്രാമം.

## ഭൂനികുതി വ്യവസ്ഥ

ഷെർഷായുടെ ഭൂനികുതി വ്യവസ്ഥ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. നിലങ്ങളെ ഫലപുഷ്ടിയുടെ അടിസ്ഥാനത്തിൽ വിഭജിക്കുകയും അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തിരുന്നു. നിലനികുതിയായിരുന്നു രാജ്യത്തിന്റെ പ്രധാന വരുമാനം. വിളവിന്റെ (1/3) മൂന്നിൽ ഒരു ഭാഗം നികുതിയായി ഈടാക്കിയി രുന്നു. ഭൂനികുതി വ്യവസ്ഥയിൽ ഷെർഷാ കൊണ്ടുവന്ന പുതിയ രീതിയാണ് **'റയത്വാരി സമ്പ്രദായം'** ഈ സമ്പ്രദായത്തെ പിന്നീട് മുഗൾ ചക്രവർത്തിയായിരുന്ന അക്ബർ പിൻതുടർന്നു. അതിനാൽ ഷെർഷയെ **അക്ബറുടെ മുന്നോടിയായി** കരുതുന്നു.

## സൈനിക ഭരണം

ഷെർഷാ ഒരു നല്ല യുദ്ധവീരൻ മാത്രമല്ല മികച്ച സൈന്യാധിപനുമായിരുന്നു. അലാവുദീൻഖിൽജിയുടെ സൈനികരീതി ഇദ്ദേഹവും പിൻതുടർന്നു. അദ്ദേഹത്തിന്റെ കീഴിൽ വളരെ നല്ല ഒരു സൈന്യം ഉണ്ടായി രുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ കാലാൾപ്പട, കുതിരപ്പട, ആനപ്പട, പീരങ്കിപ്പട എന്നീ നാലു വിധത്തി ലുള്ള പടകൾ ഉണ്ടായിരുന്നു. കുതിരപ്പടയ്ക്കു കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നു. അഫ്ഗാൻ സൈനികരെ ഉന്നത പദവികളിൽ നിയമിച്ചു. കുതിരപ്പടയിൽ കുതിരകൾക്ക് ചൂടുവയ്ക്കുന്ന രീതിയെ ആദ്യമായി കൊണ്ടുവന്നു.

## നീതിന്യായ പരിപാലനം

ഷെർഷാ നല്ല നീതിബോധമുള്ള രാജാവായിരുന്നു. നിയമത്തിനു മുന്നിൽ എല്ലാപേരും സമന്മാരാണെന്ന് കരുതി. രാജാവാണ് രാജ്യത്തിന്റെ ഏറ്റവും വലിയ ന്യായാധിപൻ. അദ്ദേഹത്തെ സഹായിക്കുന്നതിന് മുഖ്യ ഖാസി എന്ന ഉദ്യോഗസ്ഥനുണ്ടായിരുന്നു. കുറ്റവാളികൾക്ക് രക്ഷപ്പെടുന്നതിനുള്ള സാധ്യത കുറ വായിരുന്നു.

## മറ്റു പരിഷ്കാരങ്ങൾ
## രഹസ്യാന്വേഷണ വിഭാഗം

ഷെർഷാ രഹസ്യതപാൽ സമ്പ്രദായവും രഹസ്യാ ന്വേഷണ സമ്പ്രദായവും കൊണ്ടുവന്നു. ഈ സമ്പ്രദായങ്ങൾ വളരെ പ്രഗത്ഭമായ രീതിയിൽ പ്രവർത്തിച്ചിരുന്നതിനാൽ സാമ്രാജ്യ

ത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന എല്ലാ കാര്യങ്ങളും യഥാസമയം തന്നെ രാജാവിന് അറിയാൻ കഴിഞ്ഞു.

## റോഡുകൾ

ഷെർഷാ ഗതാഗത വാർത്താ വിനിമയങ്ങളെ പ്രോത്സാഹിപ്പിച്ചു. പുതിയ റോഡുകൾ നിർമ്മിക്കുകയും പഴയ റോഡുകളെ പുതുക്കിപ്പണിയുകയും ചെയ്തു. സമ്രാജ്യത്തിന്റെ നാലു കോണുകളെയും ബന്ധിപ്പിക്കുന്നതിന് റോഡുകൾ നിർമ്മിച്ചു. യാത്രാക്കാരുടെ സൗകര്യത്തിനായി റോഡുകളുടെ ഇരുവശങ്ങളിലും തണൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചു. കൂടാതെ റോഡിന്റെ വശങ്ങളിൽ വഴിയമ്പലങ്ങളും, സത്രങ്ങളും സ്ഥാപിച്ചു. അദ്ദേഹം തപാൽ സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു.

## നാണയ പരിഷ്കരണം

ഷെർഷാ പഴയ നാണയങ്ങളെ നിർത്തലാക്കി. വെള്ളിയും സ്വർണ്ണവും കൊണ്ടുള്ള പുതിയ നാണയങ്ങൾ വലിയ തോതിൽ അടിച്ചിറക്കി രാജ്യത്തിലെ നാണയസമ്പ്രദായം പരിഷ്ക്കരിച്ചു. ഈ നാണയങ്ങൾ തമ്മിലുള്ള അനുപാതവും നിശ്ചയിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് പുറത്തിറക്കപ്പെട്ട നാണയങ്ങളിൽ അദ്ദേഹത്തിന്റെ പേര് ദേവനാഗിരി ഭാഷയിൽ മുദ്രണം ചെയ്തിരുന്നു. ഈ നാണയങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക നിലയെ പോഷിപ്പിക്കുന്നതിന് വളരെയധികം സഹായിച്ചു. ഈ കാരണങ്ങളാൽ ഷെർഷായെ 'ആധുനിക നാണയത്തിന്റെ പിതാവ്' എന്ന് വിശേഷിപ്പിക്കുന്നു.

## സംഗ്രഹം

ഷെർഷാ വളരെ പ്രഗത്ഭനായ ഒരു സാമ്രാജ്യ സ്ഥാപകൻ മാത്രമല്ല നല്ലൊരു ഭരണാധികാരിയും കൂടിയായിരുന്നു. കൂടാതെ വാസ്തുകല, ശിൽപകല എന്നിവയെയും പ്രോത്സാഹിപ്പിച്ചു. ബീഹാറിലെ 'സസാരം' എന്ന സ്ഥലത്ത് നിർമ്മിക്കപ്പെട്ട അദ്ദേഹത്തിന്റെ ശവ കുടീരം ഇൻഡോ-മുസ്ലീം ശിൽപ കലാ മാതൃകയിലുള്ളതാണ്. ഡൽഹി യിൽ അദ്ദേഹം നിർമ്മിച്ച പുരാണകില വാസ്തു ശില്പ കലയ്ക്ക് ഉദാഹരണമാണ്. ഇൻഡ്യയിലെ പ്രഗത്ഭരായരാജാക്ക ന്മാരിലൊരാളാണ് ഷെർഷാ. അദ്ദേഹം വളരെക്കാലം ജീവിച്ചിരുന്നെങ്കിൽ മുഗളന്മാർക്ക് തങ്ങളുടെ ഭരണത്തെ വീണ്ടും ഇൻഡ്യയിൽ സ്ഥാപിക്കാൻ കഴിയു മായിരുന്നില്ല.

## മഹാനായ അക്ബർ (ക്രി.പി. 1556 -ക്രിപി. 1605)


അക്ബർ വളരെ പ്രഗത്ഭനായ ഒരു രാജാവായിരുന്നു. ക്രി.പി. 1542 നവംബർ 23-ാം തിയതി അമർക്കോട്ട് എന്ന സ്ഥലത്തു ജലാലുദ്ദീൻ മുഹമ്മദ് അക്ബർ ജനിച്ചു. തന്റെ പതിനാലാമത്തെ വയസ്സിൽ ക്രി.പി 1556-ൽ ഡൽഹിയുടെ ഭരണാധികാരിയായി. തന്റെ പിതാവായ



അക്ബർ

ഹുമയൂൺ ബൈറാംഖാനെ അക്ബറുടെ സംരക്ഷകനാക്കി.

# അക്ബറുടെ സാമ്രാജ്യം



വ
കാബൂൾ
കാണ്ഡഹാർ
ലാഹോർ
മുൾട്ടാൻ
ഡൽഹി
ആഗ്ര
അജ്മീർ
ഗോവ
ബിജാപ്പൂർ
അറബിക്കടൽ
പഴവേർക്കാട്
കൊച്ചി
ശ്രീലങ്ക
ബംഗാൾ ഉൾക്കടൽ
ഇന്ത്യൻ മഹാ സമുദ്രം

### ആക്രമണങ്ങൾ:
### രണ്ടാം പാനിപ്പട്ട് യുദ്ധം
### ക്രി.പി. 1556- ക്രി.പി. 1605

അക്ബർ രാജാവായപ്പോൾ അദ്ദേഹത്തിന് പല പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിവന്നു. ആദ്യമായി ബംഗാളിലെ മുഹമ്മദ് ഷായുടെ പ്രധാനമന്ത്രിയായിരുന്ന ഹെമു വിനെ നേരിടേണ്ട തായി വന്നു. ഹെമു ഡൽഹി, ആഗ്ര എന്നീ പ്രദേശങ്ങളെ മുഗളന്മാരിൽ നിന്നും പിടിച്ചെടുത്തു. അതിനാൽ ക്രി.പി. 1556-ൽ ഹെമുവിന്റെയും അക്ബറുടെയും സൈന്യങ്ങൾ ഡൽഹിയിലെ പാനിപ്പട്ട് എന്ന സ്ഥല ത്തുവച്ച് ഏറ്റുമുട്ടി. യുദ്ധത്തിൽ ഹെമു പരാജയപ്പെടുകയും, കൊല്ലപ്പെടുക യും ചെയ്തു. അക്ബർ ഡൽഹി, ആഗ്ര എന്നിവിടങ്ങളിൽ മുഗൾ സാമ്രാജ്യത്തെ വളരെ ശക്തമായി സ്ഥാപിച്ചു.

അക്ബർ ഏകദേശം നാലു വർഷക്കാലം ബൈറാംഖാന്റെ സംര ക്ഷണത്തിലിരുന്നു. രാജ്യഭരണം നിർ വ്വഹിച്ചിരുന്നത് ബൈറാംഖാനായി രുന്നു. അക്ബർ സ്വയം രാജാവാകാൻ ആഗ്രഹിച്ചു. ആയതിനാൽ ബൈറാം ഖാന്റെ ഭരണത്തിന് അന്ത്യം കുറിക്കു ന്നതിനുവേണ്ടി അദ്ദേഹത്തെ തീർത് ഥാടനത്തിന് അയച്ചു. യാത്രാമധ്യേ അദ്ദേഹം കൊല്ലപ്പെട്ടു. പിന്നീട് അക് ബറിന്റെ വളർത്തമ്മയായ മഹം അനഘ രണ്ടു വർഷക്കാലം ഭരണം നിർവ്വഹിച്ചു. ഈ ഭരണ കാലഘട്ടം **'അന്ത:പുരഭ രണം (Petticoat Government)'** എന്നറിയപ്പെടുന്നു. മഹം അനഘയുടെ ഭരണം തൃപ്തികരമാകാ ത്തതിനാൽ അക്ബർ അവരെ ഭരണ ത്തിൽ നിന്നും മാറ്റാൻ ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം അവരുടെ പുത്രനായ ആദംഖാനെ കൊന്നു. പുത്രൻ കൊല്ലപ്പെട്ട ദുഃഖത്താൽ മഹംഅനഘ മരണ മടഞ്ഞു. അതിനു ശേഷം അക്ബർ ഡൽഹിയുടെ ഭരണാധി കാരി യായി.

### മറ്റു വിജയങ്ങൾ

അക്ബർ നിരവധി ആക്രമണങ്ങൾ മൂലം തന്റെ സാമ്രാജ്യത്തെ വിസ്ത്രൃതമാക്കി. മാളവം, ചുനാർ എന്നീ പ്രദേശങ്ങളെ തന്റെ സാമ്രാജ്യ ത്തോട് കൂട്ടിച്ചേർത്തു. ആംപൂർ എന്ന പ്രദേശത്തെ ഭരിച്ചിരുന്ന ബീഹാരിമാൽ അക്ബറുടെ ആധിപത്യത്തെ അംഗീകരിച്ചു. അദ്ദേ ഹം തന്റെ മകളെ അക്ബർക്ക് വിവാ ഹം കഴിച്ചുകൊടുത്തു. ആ രജപുത്ര വനിതയിൽ അക്ബർക്ക് ജനിച്ച പുത്രനാണ് ജഹാംഗീർ. പിന്നീട് അക്ബർ രജപുത്ര രാഞ്ജി റാണി ദുർഗ്ഗാവതിയെ പരാജയപ്പെടുത്തി, ഗോണ്ട്വാന പ്രദേശത്തെ കീഴടക്കി. റാണി ദുർഗ്ഗാവതി ധീരമായി പോരാടി യെങ്കിലും പരാജയപ്പെട്ടു.

ബിക്കാനീർ, ജയ്സാൽമർ, ജോധ്പൂർ എന്നീ പ്രദേശങ്ങളെയും അക്ബർ ആക്രമിച്ച് തന്റെ സാമ്രാ ജ്യത്തോട് ചേർത്തു. അക്ബറുടെ സാമ്രാജ്യം കിഴക്കു ബംഗാൾ മുതൽ പടിഞ്ഞാറ് അഫ്ഗാനിസ്ഥാൻ വരെയും വടക്ക് ഹിമാലയം മുതൽ തെക്ക് ഗോൽക്കൊണ്ട വരെയും വ്യാപിച്ചിരുന്നു.

### അക്ബറുടെ രജപുത്രനയം

ധീരതയും, സത്യസന്ധതയു മുള്ള രജപുത്രരുടെ സൗഹൃദത്തെ അക്ബർ വളരെയധികം മാനിച്ചു. അദ്ദേഹം ജയ്പൂർ രാജകുമാരി ജ്യോത്ബായിയെ വിവാഹം കഴിച്ചു. ബിക്കാനീർ, ജയ്സാൽമർ എന്നീ പ്രദേശങ്ങളിലെ രാജക്കന്മാരും

തങ്ങളുടെ പുത്രിമാരെ അക്ബറിന് വിവാഹം ചെയ്തു കൊടുത്തു. രജപുത്രന്മാരുടെ പ്രീതി ലഭിക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും അക്ബർ സ്വീകരിച്ചു. രാജാമാൻസിംഗ്, രാജാഭഗവൻദാസ് തുടങ്ങിയ രജപുത്രന്മാരെ ഭരണ നിർവ്വവഹണത്തിൽ ഉന്നത സ്ഥാനങ്ങളിൽ നിയമിച്ചു. ഹിന്ദുക്കളായ തോടർമാൻ, ബീർബൽ എന്നി വർ അദ്ദേഹത്തിന്റെ ഭരണത്തിൽ ഉന്നതപദവി വഹിച്ചിരുന്നു. ഹിന്ദുക്കളിൽ നിന്നും മുസ്ലീങ്ങൾ അല്ലാത്തവരിൽ നിന്നും മുഗളന്മാർ ഈടാക്കിയിരുന്ന **'ജസിയ'**, തീർത്ഥാടന നികുതി എന്നിവയെ അക്ബർ നിർത്തലാക്കി.

## അക്ബറുടെ ഡക്കാൺ നയം

തന്റെ സാമ്രാജ്യത്തെ വിസ്തൃതിപ്പെടുത്തുന്നതിനും, പോർച്ചുഗീസുകാരുടെ വളർച്ചയെ തടുക്കുന്നതിനും വേണ്ടി അക്ബർ തന്റെ ശ്രദ്ധയെ ഡക്കാൺ പ്രദേശത്തിലേക്ക് തിരിച്ചുവിട്ടു. അഹമ്മദ്നഗറിനെ ഭരിച്ചിരുന്ന ചാന്ദ്ബീബിയെ പരാജയപ്പെടുത്തി ആ പ്രദേശത്തെ തന്റെ സാമ്രാജ്യത്തോടുചേർത്തു. ബീറാർ ഖാണ്ടേഷ് എന്നീ പ്രദേശങ്ങളെയും അദ്ദേഹം ആക്രമിച്ച് കീഴടക്കി.

## സാഹിത്യസംഭാവനകൾ

അക്ബർ അക്ഷരാഭ്യാസം ഇല്ലാത്ത ആളായിരുന്നുവെങ്കിലും പണ്ഡിതന്മാരെ ആദരിച്ചിരുന്നു. അദ്ദേഹത്തിന്റെ സദസ്സിലെ രാജതോടർമാൾ ഭാഗവതപുരാണത്തെ പേർഷ്യൻ ഭാഷയിലേയ്ക്ക് തർജ്ജിമ ചെയ്തു. അബുൽ ഫാസലും അദ്ദേഹത്തിന്റെ സഹാദരനായ അബുൽ ഫൈസിയും സംസ്കൃത സാഹിത്യ കൃതികളെ പേർഷ്യൻ ഭാഷയിലേയ്ക്ക് തർജ്ജിമ ചെയ്തു. അബുൽ ഫാസൽ **അയിനി അക്ബറി, അക്ബർ നാമ** എന്നീ ചരിത്ര പ്രസിദ്ധമായ ഗ്രന്ഥങ്ങളെ രചിച്ചു.

അബുൽ ഫൈസി ഇതിഹാസങ്ങളായ രാമായണം, മഹാ ഭാരതം എന്നീ കൃതികളെ പേർഷ്യൻ ഭാഷയിലേയ്ക്ക് തർജ്ജിമ ചെയ്തു. പ്രസിദ്ധ സംഗീത വിദ്വാനായ **ടാൻസൻ** അക്ബറുടെ സദസ്സിനെ അലങ്കരിച്ചിരുന്നു.

## മതനയം (ദീൻ-ഇലാഹി)

അക്ബർ മത സഹിഷ്ണതയുള്ള ഒരു മഹാനായ ചക്രവർത്തിയായിരുന്നു. അക്ബറുടെ പിതാവ് മുസ്ലീം സുന്നി വിഭാഗത്തിൽപ്പെട്ട ആളായിരുന്നു.എന്നാൽ മാതാവ് ഷിയാ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അദ്ദേഹത്തിന്റെ സംരക്ഷകനായിരുന്ന ബൈറാംഖാൻ ഷിയാ വിഭാഗത്തിൽപ്പെട്ട ആളായിരുന്നു. അക്ബറുടെ ഗുരുവായ ഷേക് മുബാറക് ഒരു മിതവാദിയായിരുന്നു. അദ്ദേഹവും ഷിയാ വിഭാഗത്തിൽപ്പെട്ട ആളായിരുന്നു. ഇവയെല്ലാം അക്ബർ സഹിഷ്ണുതയുള്ള ആളായി തീരുന്നതിന് പ്രധാന കാരണങ്ങളായിരുന്നു. ക്രി.പി. 1575-ൽ അക്ബർ **'ഇബാദദ് ഖാന'** എന്ന നിസ്ക്കരിക്കുന്നതിനുള്ള സ്ഥലത്തെ നിർമ്മിച്ച്, പല മതനേതാക്കന്മാരെ ക്ഷണിച്ച് എല്ലാ മതങ്ങളുടെയും നല്ല തത്വങ്ങളെക്കുറിച്ച് ഗവേഷണം നടത്തി. ഈ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ അക്ബർ മത നേതാവായും, രാജാവായും അറിയിക്കപ്പെട്ടു. ക്രി.പി. 1582-ൽ അദ്ദേഹം **'ദീൻ-ഇലാഹി'** അഥവാ ദൈവീക മതത്തിനെ പ്രസിദ്ധീകരിച്ചു. ഈ മതത്തിന്റെ മുഖ്യ തത്വം പൂർണ മത സഹിഷ്ണുതയെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ദേശീയ മതത്തെ രൂപീകരിക്കുക എന്നതാണ്. ഈ മതം എല്ലാ

മതങ്ങളിലുമുള്ള മുഖ്യ തത്വങ്ങളെ ഉൾക്കൊണ്ടതാണ്. അക്ബർ താൻ ആരംഭിച്ച മതത്തെ എല്ലാപേരും പിൻതുടരണമെന്ന് നിർബന്ധിപ്പിച്ചില്ല. അതിനാൽ അക് ബറുടെ മരണ ശേഷം ഈ മതവും അപ്രത്യക്ഷമായി.

ദീൻ-ഇലാഹി അക്ബറിന്റെ അറിവിന്റെ വെളിപാടാകുന്നു.

### അക്ബറുടെ ഭൂനികുതി പരിഷ്കരണം

ഭൂനികുതി സമ്പ്രദായത്തിൽ അക്ബർ ഷെർഷയുടെ രീതി പിൻതുടർന്നു. അതിനാൽ ഷെർഷയെ അക്ബറുടെ മുന്നോടി എന്നു പറയുന്നു. അക്ബറിന്റെ ധനമന്ത്രിയായ രാജാടോഡർമൽ ആണ് നികുതി പരിഷ്ക്കരണത്തിന്റെ മുഖ്യശില്പി നിലങ്ങളെ അളന്ന് തിട്ടപ്പെടുത്തി വിളവിന്റെ മൂന്നിൽ ഒരു ഭാഗം (1/3) നികുതിയായി ഈടാക്കി. കർഷകർ നികുതി പണമായോ ധാന്യമായോ നൽകിയിരുന്നു. തവണമുറകളിൽ അടച്ച് തീർക്കാവുന്ന രീതിയിൽ കർഷകർക്ക് വായ്പകൾ നൽകിയിരുന്നു. ഓരോ കർഷകർക്കും ഭൂവുടമാവകാശത്തിനുള്ള പട്ടയം നല്കിയിരുന്നു. കർഷകരും, സർക്കാരും ഭൂനികുതി സംബന്ധമായ ഉടമ്പടി ചെയ്തിരുന്നു. (കുബിലിയാത്ത്).

### മാൻസബ്ദാരി സമ്പ്രദായം

അക്ബർ സൈനികഭരണത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി മാൻസബ്ദാരി സമ്പ്രദായം കൊണ്ടുവന്നു. ഈ സമ്പ്രദായത്തെ അക്ബർ പേർഷ്യയിൽ നിന്നാണ് സ്വീകരിച്ചത്. മാൻസബ് എന്ന പദത്തിന് റാങ്ക് അഥവാ നില എന്നാണർത്ഥം. മാൻ സബ്ദാർമാർ തങ്ങളുടെ സൈന്യങ്ങളെ ശക്തിപ്പെടുത്തുകയും ആവശ്യം വരുമ്പോൾ രാജാവിനെ സഹായിക്കുകയും ചെയ്തിരുന്നു. മൻസബാദാർമാർക്ക് അവരുടെ പദവിക്കനുസരിച്ച് നിലങ്ങൾ നൽകിയിരുന്നു. ആ നിലങ്ങളിൽ നിന്ന് തങ്ങളുടെ വരുമാനത്തെ ഈടാക്കിയിരുന്നു. ഈ സമ്പ്രദായം അക്ബറുടെ കാലത്ത് വളരെ പ്രഗത്ഭമായ രീതിയിൽ നിലനിന്നു. അക്ബറിനുശേഷം ഈ സമ്പ്രദായവും അധഃപതിച്ചു.

### കല, വാസ്തുശില്പകല

അക്ബറുടെ കാലത്ത് കലയും, വാസ്തു ശില്പകലയും പ്രശസ്തിയുടെ ഉച്ചകോടി യിലെത്തിയിരുന്നു. തന്റെ ഗുജറാത്ത് വിജയത്തിന്റെ ഓർമ്മക്കായി ഫത്തേപൂർസിക്രി എന്ന നഗരത്തെ അക്ബർ നിർമ്മിച്ചു. അതിലെ ബുലൻ ദർവാസാ എന്ന പ്രവേശന കവാടം വളരെ പ്രശസ്തമാണ്. ഇവിടെ ഒരു പുതിയ കൊട്ടാരവും അദ്ദേഹം നിർമ്മിച്ചു. അക്ബർ ചുവന്ന മണൽപ്പാറകൊണ്ട് (Red Sand Stone) കെട്ടിയ മറ്റു കെട്ടിടങ്ങളാണ് അക്ബരീമഹാൽ ജഹാംഗീരിമഹാൽലാഹൂർ കോട്ട പഞ്ചമഹൽ ജോദ്ബായിയുടെ കെട്ടാരം എന്നിവ.

### ചരിത്രത്തിൽ അക്ബറിന്റെ സ്ഥാനം

ഏകദേശം 50 വർഷക്കാലം ശ്രേഷ്ഠമായി ഭരണം നടത്തിയ അക്ബർ ക്രി.പി. 1605-ൽ തന്റെ 63-ാമത്തെ വയസ്സിൽ മരണമടഞ്ഞു. ഇന്ത്യൻ ചരിത്രത്തിൽ അക്ബർക്ക് ഒരു സുപ്രധാന സ്ഥാനം ഉണ്ട്. ഇദ്ദേഹത്തെ മുഗൾ സാമ്രാജ്യത്തിന്റെ യഥാർത്ഥ സ്ഥാപകനായി കരുതപ്പെടുന്നു.

### ജഹാംഗീർ (ക്രി.പി. 1605- ക്രി.പി. 1627)

അക്ബറുടെ മരണശേഷം അദ്ദേഹത്തിന്റെ മൂത്ത പുത്രനായ സലീം ലോകത്തെ ജയിച്ചവൻ എന്നർത്ഥം വരുന്ന 'ജഹാംഗീർ' എന്ന ബിരുദനാമം സ്വീകരിച്ച് ക്രി.പി. 1605-

ൽ ഇന്ത്യയുടെ രാജാവായി. അദ്ദേഹം രാജാവായി കുറച്ചു മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ മൂത്ത പുത്രനായ ഖുസ്രു പിതാവിനെതിരെ കലഹമുണ്ടാക്കി. അഞ്ചാമത്തെ സിക്കുഗുരു ഗുരു അർജുൻദേവ് ഖുസ്രുവിനെ സഹാ യിച്ചു. എന്നാൽ ഖുസ്രു പരാജയപ്പെ ടുകയും അന്ധനാക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് അദ്ദേഹം കൊല്ലപ്പെട്ടു. ഖുസ്രുവിനെ സഹായിച്ച ഗുരു അർജുൻ ദേവിനെയും ജഹാംഗീർ വധിച്ചു. മാത്രമല്ല അദ്ദേഹത്തിന്റെ സ്വത്തുമുഴുവനും കണ്ടുകെട്ടുകയും ചെയ്തു. ഈ സംഭവം മുഗളന്മാരെയും സിക്കുകാരെയും ബദ്ധശത്രു ക്കളാക്കി.

### ബ്രിട്ടീഷ് സഞ്ചാരികളുടെ ആഗമനം

ജഹാംഗീറിന്റെ ഭരണകാലത്ത് ക്യാപ്റ്റൻ വില്യം ഹാക്കിൻസ്, സർ തോമസ് റോ എന്നിവർ അദ്ദഹത്തിന്റ രാജ്യസദസ്സിൽ സന്ദർശിച്ചു. ക്രി.പി. 1615-ൽ സർ തോമസ് റോ സൂററ്റ് നഗരത്തിൽ വാണിജ്യം നടത്തുന്നതിനുള്ള അനുമതി ജഹാംഗീറിൽ നിന്നും നേടിയെടുത്തു.

വ്യത്യസ്ത കാലങ്ങളിൽ ഇന്ത്യയിൽ വന്ന യൂറോപ്യൻ സഞ്ചാരികളെ കുറിച്ച് ഓർമ്മിക്കുക.

### ജഹാംഗീർ സാഹിത്യത്തിന് നൽകിയ പ്രോത്സാഹനങ്ങൾ

ജഹാംഗീർ ഒരു നല്ല സാഹിത്യകാരനും, എഴുത്തുകാരനും ആയിരുന്നു. അദ്ദേഹം എഴുതിയ തുസുക്ക് - ഈ - ജഹാംഗിരി എന്ന തന്റെ ആത്മകഥ അദ്ദേഹത്തിന്റെ ഭരണത്തെ വെളിപ്പെടുത്തുന്നു. ഇദ്ദേഹം കല, കവിത എന്നിവയിൽ തൽപര നായിരുന്നു.

### നീതി പരിപാലനം

ജഹാംഗീർ നീതിപരി പാലനത്തിൽ പ്രശസ്തി നേടിയ രാജാവായിരുന്നു. നീതിപരിപാലനത്തിനായി "നീതിച്ചങ്ങല" ഏർപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ആഗ്രകോട്ടയിലുള്ള ഷാ ാർ ബർ ജി കൊട്ടാരത്തിനേയും യമുനാ നദീതിരത്തുള്ള കൽതൂണിനേയും ഒരു ചങ്ങല കൊണ്ട് ബന്ധിപ്പിച്ചു. നീതി തേടി വരുന്ന ജനങ്ങൾ ഈ ചങ്ങല പിടിച്ചു വലിച്ചാൽ അവർക്ക് നീതി ലഭിക്കു മായിരുന്നു.

പുരാതന തമിഴകത്തിൽ ഏതു രാജാവാണ് നീതിചങ്ങല രീതിയെ കൊണ്ടുവന്നത് ?

### നൂർജഹാൻ

മുഗളന്മാരുടെ ചരിത്രത്തിൽ നൂർജഹാൻ വളരെ പ്രശസ്തമായ ഒരു സ്ഥാനം നേടിയിരുന്നു. ഇവർ മിർസാ-ഗിയാസ്-ബഗ്ന്റെ മകളായിരുന്നു. അവരുടെ യഥാർത്ഥ പേർ മെഹർ-ഉൻ-നിസ എന്നായിരുന്നു. അതി സുന്ദരിയായ ഇവരെ ആദ്യം ഷെർ അഫഗാൻ എന്നയാൾ വിവാഹം കഴിച്ചു. എന്നാലദ്ദേഹം ജഹാംഗീറി നാൽ കൊല്ലപ്പെടുകയും ജഹാംഗീർ മെഹർ-ഉൻ-നിസയെ ക്രി.പി. 1611-ൽ വിവാഹം കഴിക്കുകയും ചെയ്തു. വിവാഹാനന്തരം ജഹാംഗീർ അവർക്ക് കൊട്ടാരത്തിന്റെ വിളക്ക് എന്നർത്ഥം വരുന്ന നൂർമഹൽ എന്നും പിന്നീട് ലോകത്തിന്റെ വിളക്ക് എന്നർത്ഥം വരുന്ന നൂർജഹാൻ എന്ന പേരും നൽകി. അതീവ ബുദ്ധിമതിയായിരുന്ന ഇവർ നല്ല വിദ്യാഭ്യാസവും സംസ്ക്കാരസമ്പന്നതയുമുള്ള വനിതയായിരുന്നു. ജഹാംഗീർ രാജാവായിരുന്നുവെങ്കിലും യഥാർത്ഥഭരണം നൂർജഹാന്റെ കൈകളിലായിരുന്നു. ക്രി.പി. 1611 മുതൽ ക്രി.പി. 1626 വരെയുള്ള കാലത്തെ 'നൂർജഹാൻ

യുഗം' എന്നറി യപ്പെടുന്നു. എന്നാൽ ജഹാംഗീറിന്റെ മരണശേഷം നൂർജഹാന്റെ മഹത്വം കുറഞ്ഞു. ക്രി.പി. 1645-ൽ നൂർജഹാൻ മരണമടഞ്ഞു.

**മദ്ധ്യകാല ഇന്ത്യയിലെ ആദ്യത്തെ വനിതാ ഭരണാധികാരി ആരായിരുന്നു ?**

### സംഗ്രഹം

ജഹാംഗീർ ദയാശീലനും ദാനധർമ്മിഷ്ഠനുമായ ഒരു രാജാവായിരുന്നു. അദ്ദേഹം മനോഹരങ്ങളായ പൂന്തോട്ടങ്ങൾ നിർമ്മിച്ചു. ശ്രീനഗറിൽ അദ്ദേഹം നിർമ്മിച്ച ഷാലിമർ, നിഷാദ് എന്നീ പൂന്തോട്ടങ്ങൾ വളരെ പ്രശസ്തങ്ങളാണ്. വാസ്തു ശിലപകലയിൽ അദ്ദേഹം വളരെ തല്പരനായിരുന്നു. അദ്ദേഹം പണികഴിപ്പിച്ച സിക്കന്ധരയിലുള്ള അക്ബറുടെ ശവകുടീരം, ലാഹൂറിലെ മുസ്ലീം പള്ളി എന്നിവ അദ്ദേഹത്തിന്റെ വാസ്തുശില്പ കലയ്ക്ക് ഉദാഹരണങ്ങളാണ്.

### ഷാജഹാൻ (ക്രി.പി. 1628 - ക്രി.പി. 1658)

ജഹാംഗീറിന്റെ പുത്രനാണ് ഷാജഹാൻ. അദ്ദേഹത്തിന്റെ യഥാർത്ഥപേര് ഖുറം എന്നായി രുന്നു. ക്രി.പി. 1592-ൽ ലാഹൂരിലാണ് അദ്ദേഹം ജനിച്ചത്. മാതാവ് ഒരു ഹിന്ദു വനിതയായിരുന്നു. ക്രി.പി. 1627-ൽ ജഹാംഗീറിന്റെ മരണശേഷം നൂർജഹാൻ അവരുടെ മരുമകനായ ഷാരിയറെ ഡൽഹിയുടെ രാജാവാക്കാൻ തീരുമാനിച്ചു. ആ സമയത്ത് ഖുറം ഡക്കാണിലായി രുന്നു. നൂർജഹാൻ ഷാരിയറെ രാജാ വായി പ്രഖ്യാപിച്ചു. എന്നാൽ ഖുറമിന്റെ അമ്മാവനായ അസഫ്ഖാൻ നൂർജഹാനും ഷാരിയർക്കും എതിരെ ഒരു സൈന്യത്തെ അയക്കുകയും യുദ്ധത്തിൽ അവരെ പരാജയപ്പെടുത്തിഖുറാമിനെ 'ലോകത്തിന്റെ രാജാവ്' എന്നർത്ഥം വരുന്ന "ഷാജഹാൻ" എന്നനാമകരണം ചെയ്ത് ഡൽഹി യിലെ ചക്രവർത്തിയാക്കി.

### വിജയങ്ങൾ

ഷാജഹാൻപോർട്ടുഗീസുകാരുമായി യുദ്ധം ചെയ്ത് ഡക്കാണിലുള്ള അഹമ്മദ് നഗറിനെ ആക്രമിക്കുന്നതിനുവേണ്ടി മഹബത്ഖാനെ അയച്ചു. ക്രി.പി. 1636-ൽ അഹമ്മദ് നഗറിനെ മുഗൾ സാമ്രാജ്യത്തോട് ചേർത്തു. കാണ്ഡഹാറിനെ പിടിച്ചെടുക്കു ന്നതിനുവേണ്ടി മൂന്നു പ്രാവശ്യം ശ്രമങ്ങൾ നടത്തിയെങ്കിലും പരാജയ പ്പെട്ടു. ഈ പരാജയം മുഗൾ സൈന്യ ത്തിന്റെ ദുർബലതയെ പ്രകടമാക്കി. അതിനുശേഷം ബിജപ്പൂർ, ഗോൽക്കൊണ്ട എന്നിവിടങ്ങളിലെ രാജാക്കന്മാരെ പരാജയപ്പെടുത്തി തന്റെ പുത്രനായ ഔറംഗസീബിനെ ഡക്കാണിലെ ഗവർണറാക്കി.

### മുഗളന്മാരുടെ "സുവർണ്ണകാലം"

ഷാജഹാന്റെ ഭരണകാലം "മുഗളന്മാരുടെ സുവർണ്ണകാലം" എന്നറി യപ്പെടുന്നു. മുഗൾഭരണം പ്രശസ്തി യുടെ ഉച്ചകോടിയിലെത്തിയത് ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു. ഈ കാലത്ത് സമൃദ്ധിയും ദാരിദ്ര്യവും ഒരുപോലെ കാണപ്പെട്ടിരുന്നു. വാസ്തുശില്പത്തിന്റെ അത്ഭുത കരമായ പുരോഗതിയുടെ കാലമായിരുന്നെങ്കിലും വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ ഇവിടത്തെ ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നു.

**പുരാതന ഇന്ത്യയിൽ ആരുടെ ഭരണകാലമാണ് സുവർണ്ണകാലമെന്നറിയപ്പെട്ടിരുന്നത്?**

### വാസ്തുവിദഗ്ദ്ധന്മാരുടെ രാജകുമാരൻ


ഷാജഹാനെ കെട്ടിടകലയുടെ "രാജകുമാരൻ" എന്നും "എഞ്ചിനീയർമാരുടെ രാജകുമാരനെന്നും" പറയപ്പെടുന്നു. അദ്ദേഹം മുഗൾ നഗരങ്ങളെ "വെണ്ണക്കൽ" നഗരങ്ങളാക്കി മാറ്റി. ഇദ്ദേഹം "ഷാജഹാനാബാദ്" എന്ന തലസ്ഥാന നഗരം നിർമ്മിച്ചു. അദ്ദേഹം ഡൽഹിയിൽ നിർമ്മിച്ച ചെങ്കോട്ടയും അതിലെ മനോഹരമായ റംഗ് മഹാൽ, മോത്തി മഹാൽ, മുത്തുമഹാൽ, ദിവാൻ-ഇ- ആം, ദിവാൻ-ഇ-ഖാസ് എന്നീ കൊട്ടാരങ്ങളും നിർമ്മിച്ചു. ഇവ ഭൂമിയിലെ സ്വർഗ്ഗം എന്നറിയപ്പെടുന്നു.

### ജുമാമസ്ജിത്

ഷാജഹാൻ പ്രസിദ്ധമായ ജുമാ മസ്ജിത്തിനെ വെണ്ണക്കല്ലുകൊണ്ട് പണികഴിപ്പിച്ച് ശ്രേഷ്ഠമായ മസൂദി കൾ നിർമ്മിച്ച മഹാനായ ചക്രവർത്തി എന്ന കീർത്തി നേടി.

### താജ്മഹാൽ

ഷാജഹാൻ നിർമ്മിച്ച കെട്ടിടങ്ങളിൽ ഏറ്റവും പ്രശസ്തമായത് തന്റെ ഭാര്യ മുംതാസിനുവേണ്ടി നിർമ്മിച്ച അവരുടെ ശവകുടീരമായ താജ്മഹാൽ ആണ്. ആഗ്രയിൽ യമുനാനദിയുടെ തീരത്താണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇത് ലോകമഹാ അത്ഭുതങ്ങളിൽ ഒന്നായി നിലകൊള്ളുന്നു. ഇരുപതു ലക്ഷം രൂപ ചിലവിട്ട് 22 വർഷങ്ങൾ കൊണ്ട് പണികഴിപ്പിച്ച ഒരു സ്മാരകമാണിത്. അന്ന് ജീവിച്ചിരുന്ന ഏറ്റവും പ്രഗത്ഭനായ ശില്പി ഉസ്താദ് ഇഷാ എന്നയാളാണ് ഇത് നിർമ്മിച്ചത്.



താജ്മഹാൽ

ആഗ്രയിൽ ഷാജഹാൻ നിർമ്മിച്ച മറ്റു കെട്ടിടങ്ങളാണ് പേൾ മസ്ജിത് ജഹാംഗീറിന്റെ ശവകുടീരം എന്നിവ. ധാരാളം വിലയുയർന്ന രത്നങ്ങൾ അദ്ദേഹത്തിന്റെ നിലവറകളിൽ സൂക്ഷിച്ചിരുന്നു. ലോകത്തിലെ ഏറ്റവും അമൂല്യമായി കരുതപ്പെടുന്ന മയൂരസിംഹാസനം, കോഹിനൂർ രത്നം എന്നിവയും ഇവയിൽ ഉൾപ്പെടുന്നു.

മയൂര സിംഹാസനം, മുഗളന്മാരുടെ ശില്പകലയ്ക്ക് ഉത്തമ ഉദാഹരണമാണ്. ഇതിനെ ക്രി.പി. 1739-ൽ പേർഷ്യൻ ആക്രമണകാരിയായ നാദിർഷാ മോഷ്ടിച്ചു കൊണ്ടുപോയി.

**ഇപ്പോൾ മയൂര സിംഹാസനം എവിടെയാണെന്ന് നിങ്ങൾക്ക് അറിയാമോ?**

സംഗീതം, ചിത്രകല,സാഹിത്യം എന്നീകലകളും ഷാജഹാന്റെ കാല ത്ത് വളരെയധികം വളർച്ച പ്രാപിച്ചു. ഈ കലകളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ക്രി.പി. 1657-ൽ ഷാജഹാൻ രോഗബാധിതനായപ്പോൾ അദ്ദേഹത്തിന്റെ നാലു പുത്രന്മാർ തമ്മിൽ അവകാശത്തിനുവേണ്ടി കലഹിച്ചു. ക്രി.പി. 1658-ൽ ഷാജഹാൻ ജയിലിൽ അടയ്ക്കപ്പെട്ടു. ക്രി.പി. 1666-ൽ മരണം വരെ ജയിൽവാസം അനുഭവിച്ചു.

## സംഗ്രഹം

ഇന്ത്യയിലെ മികച്ച രാജാക്കന്മാരിൽ ഒരാളാണ് ഷാജഹാൻ എന്ന് നിസ്സംശയം പറയാം. അദ്ദേഹത്തിന്റെ കാലത്ത് ഇന്ത്യയിൽ വന്ന ഫ്രഞ്ചുകാരായ ബെർണിയർ, ട്രാവർണിയർ എന്നിവരും ഇറ്റാലിയൻ സഞ്ചാരി യായ മനോസിയും ഷാജഹാന്റെ പ്രശസ്തിയെക്കുറിച്ച് തങ്ങളുടെ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## ഔറംഗസീബ് (ക്രി.പി. 1658 -ക്രി.പി. 1707)

മുഗൾ സാമ്രാജ്യത്തെ ഭരിച്ച അവസാനത്തെ പ്രഗത്ഭനായ രാജാവാണ് ഔറംഗസീബ്. ഇദ്ദേഹം ഷാജഹാന്റെ മൂന്നാമത്തെ പുത്രനായിരുന്നു. ക്രി.പി. 1657-ൽ ഷാജഹാന്റെ പുത്രന്മാരായ ദാരാഷൂകോ, ഷാഷൂജ, ഔറംഗസീബ്, മുറാദ് എന്നിവർ തമ്മിൽ അവകാശ യുദ്ധം നടത്തി.



ഔറംഗസീബ്

ഡക്കാണിന്റെ ഗവർണറായിരുന്ന ഔറംഗസീബ് വലിയൊരു സൈന്യത്തോടുകൂടി ഡൽഹിയിലെത്തി തന്റെ മൂന്നു സഹോദരന്മാരെയും വധിച്ച് പിതാവിനെ തടവിലാക്കിയിട്ട് ആലംഗീർ എന്ന നാമധേയം സ്വീകരിച്ച് സ്വയം രാജാവായി പ്രഖ്യാപിച്ചു.

## ഔറംഗസീബിന്റെ മതനയം


ഔറംഗസീബ് ഇസ്ലാം മതത്തിലെ "സുന്നി" വിഭാഗത്തിൽ തീവ്രമായി വിശ്വസിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹം മുസ്ലീങ്ങളല്ലാത്ത മതക്കാരോട് മാത്രമല്ല ഇസ്ലാം വിഭാഗത്തിലെ ഷിയാ വിഭാഗക്കാരോടു പോലും വെറുപ്പു പ്രകടിപ്പിച്ചിരുന്നു. മുസ്ലീം അല്ലാത്തവരിൽ നിന്നും "ജസിയ,തീർത്ഥാടനനികുതി "എന്നിവ പിരിച്ചിരുന്നു.. അദ്ദേഹം ദിവസവും ഖുറാൻ പാരായണം നടത്തിയിരുന്നു. സർക്കാർ പദവികളിൽ നിന്ന് ഹിന്ദുക്കളായ ഉദ്യോഗസ്ഥന്മാരെ നീക്കം ചെയ്തു. അതിനാൽ രജപുത്രർ, ജാട്ടുകൾ, സത്നാമീസുകൾ സിക്കുകാർ, മറാത്തക്കാർ എന്നിവർ ഔറംഗസീബിനെതിരായി.

**അക്ബറുടെയും ഔറംഗസീബിന്റെയും മതനയങ്ങളെ താരതമ്യപ്പെടുത്തുക.**

## ഔറംഗസീബും, സിക്കുകാരും.

ജഹാംഗീറിന്റെ കാലശേഷം സിക്കുകാരും മുഗളന്മാരും തമ്മിലുണ്ടായിരുന്ന സൗഹൃദം നഷ്ടപ്പെട്ടു. ഒൻപതാമത്തെ സിക്കുഗുരുവായ ഗുരു തേജ്ബഹദൂർ ഔറംഗസീബിന്റെ ഹിന്ദു വിരുദ്ധ മതനയത്തെ എതിർത്തു. അതിനാൽ ഔറംഗസീബ് അദ്ദേഹത്തെ ഡൽഹിയിലേയ്ക്ക് ക്ഷണിച്ചു വരുത്തി ഇസ്ലാംമതം സ്വീകിക്കാൻ നിർബ ന്ധിച്ചു. അതിനു വിസമ്മതിച്ച തേജ് ബഹദൂറിനെ ഔറംഗസീബ് നിഷ്കരുണം വധിച്ചു. സിക്കുകാർ ഒന്നടങ്കം മുഗളന്മാർക്കെതിരായി. പത്താമത്തെ സിക്കുഗുരുവായ ഗുരുഗോവിന്ദ് സിങ് മുഗളന്മാരെ ഇന്ത്യയിൽ നിന്നും തുരത്താൻ ആഗ്രഹിച്ചു. അതിനു വേണ്ടി അദ്ദേഹം ഖൽസാ എന്ന സൈനിക വിഭാഗത്തെ രൂപീകരിച്ചു.

## ഔറംഗസീബിന്റെ സാമ്രാജ്യം



സിക്കുമതം സ്ഥാപിച്ചത് ആര്?
ഖൽസാ വിഭാഗത്തിലുള്ള 5'K' അറിയുക

### ഔറംഗസീബും മറാത്തികളും

ഔറംഗസീബ് മറാത്തിക്കളുടെ നേതാവായ ഛത്രപതി ശിവജിയെ അടിച്ചമർത്തുന്നതിനു വേണ്ടി ഡക്കാണിലെഗവർണറായ 'ഷെയ്സ്റ്റ്ഖാനെ' നിയോഗിച്ചു. ശിവജി തന്റെ വസതിയിൽ ഉണ്ടായിരുന്ന 400 പേർ അടങ്ങുന്ന സൈന്യത്തെകൊണ്ട് ഷെയ്സ്റ്റ്ഖാനെ നേരിട്ടു. പക്ഷേ ഷെയിസ്റ്റ്ഖാൻ ഓടി രക്ഷപ്പെട്ടു. പിന്നീട് ഔറംഗസീബ് ശിവജിയെ ആക്രമിക്കാൻ ജയ്സിംഹനെ അയച്ചു. ശിവജിയും ജയ്സിംഹനും സമാധാന സന്ധി ചെയ്തു. പിന്നീട് ശിവജി മുഗൾ രാജ്യസഭ സന്ദർശിച്ചപ്പോൾ ഔറംഗസീബ് അദ്ദേഹത്തെ ആചാര പൂർവ്വം സ്വീകരിച്ചില്ല. ശിവജി ജയിലിൽ അടയ്ക്കപ്പെട്ടു. എന്നാൽ അദ്ദേഹം തന്ത്രപൂർവ്വം രക്ഷപ്പെടുകയും മുഗളന്മാരുടെ ബദ്ധശത്രുവായി തീരുകയും ചെയ്തു.

### ഡക്കാൺ നയം

ഔറംഗസീബ് തന്റെ ജീവിതത്തിലെ 25 വർഷം ഡക്കാണിൽ കഴിച്ചുകൂട്ടി. അദ്ദേഹം തുടർച്ചയായി ഡക്കാണിൽ കഴിഞ്ഞതിനാൽ തന്റെ ഭരണത്തെ നല്ല രീതിയിൽ നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

അദ്ദേഹത്തിന്റെ സാമ്രാജ്യം അധഃപതിക്കുകയായിരുന്നു. തുടർച്ചയായി യുദ്ധം ചെയ്തതിനാൽ ഖജനാവും ഒഴിഞ്ഞു. സാമ്രാജ്യത്തിന്റെ നാലു വശത്തുനിന്നും ശത്രുക്കളുടെ ആക്രമണം ഉണ്ടായി. ഔറംഗ സീബിന്റെ ഡക്കാൺ നയമാണ് അദ്ദേഹത്തിന്റെ അധഃപതനത്തിന് കാരണമായി തീർന്നത്. ക്രി.പി. 1707-ൽ അദ്ദേഹം മരണമടഞ്ഞു.

### സംഗ്രഹം

മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തിന് മുഖ്യ കാരണക്കാരൻ ഔറംഗസീബായിരുന്നു. അദ്ദേഹത്തിന്റെ മതനയമാണ് അദ്ദേഹത്തെ ഡക്കാണിൽ സ്ഥിരതാമസ മാക്കിയത്. സാമ്രാജ്യ വിസ്തൃതി, മറ്റുള്ളവരോടുള്ള വിശ്വാസക്കുറവ് എന്നിവ അദ്ദേഹത്തിന്റെ നാശത്തിനു മാത്രമല്ല മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തിനും കാരണമായി. ഔറംഗസീബ് ഒരു യഥാർത്ഥ മുസ്ലീം എന്ന കാര്യത്തിൽ മാത്രമേ വിജയിച്ചുള്ളൂ. എന്നാൽ ഒരു രാജാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ നയങ്ങൾ പൂർണ്ണ പരാജയത്തിൽ കലാശിക്കു കയാണ് ചെയ്തത്.

### മുഗൾ ഭരണരീതി

#### കേന്ദ്രഭരണം

മുഗൾ ഭരണം സൈനിക ഭരണ മാതൃകയിലുള്ള സ്വേച്ഛാധിപത്യ ഭരണ രീതിയായിരുന്നു. എല്ലാ അധികാരങ്ങളും 'പാദുഷ' എന്ന് അറിയപ്പെട്ടിരുന്ന ചക്രവർത്തിയുടെ കൈകളിലായിരുന്നു. അദ്ദേഹം സ്വേച്ഛാധിപതിയായിരുന്നു. ചക്രവർത്തിയെ ദൈവത്തിന്റെ പ്രതിനിധിയായി കണക്കാക്കിയിരുന്നു. ഭരണകാര്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കുന്നതിന് ഒരു മന്ത്രിസഭ ഉണ്ടായിരുന്നു. അവരിൽ ഏറ്റവും പ്രധാനി വസീർ എന്നറിയപ്പെടുന്ന പ്രധാനമന്ത്രിയായിരുന്നു.

#### സംസ്ഥാന ഭരണം

ഭരണ സൗകര്യത്തിനുവേണ്ടി രാജ്യത്തെ പല സംസ്ഥാനങ്ങളായി

വിഭജിച്ചിരുന്നു. ഓരോ സംസ്ഥാനത്തെ യും "സുബ" എന്നു വിളിച്ചിരുന്നു. സുബയുടെ തലവൻ "സുബേദാർ" അല്ലെങ്കിൽ ഗവർണർ ആയിരുന്നു. അക്ബറുടെ കാലത്ത് മുഗൾ സാമ്രാജ്യത്തെ 15 സുബകളായി വിഭജിക്കപ്പെട്ടിരുന്നു. സുബകളെ സർക്കാരുകളായും സർക്കാരുകളെ ഫർഗാനകളായും ഫർഗാനകളെ ഗ്രാമങ്ങളായും വിഭജിച്ചിരുന്നു. മുഗൾ ഭരണത്തിന്റെ ഏറ്റവും ചെറിയ ഘടകം ഗ്രാമമായിരുന്നു. ഗ്രാമത്തലവൻ ഗ്രാമിണിയാകുന്നു.

> സംസ്ഥാനങ്ങൾ - സുബ-സർക്കാർ-ഫർഗ്ഗാനകൾ-ഗ്രാമങ്ങൾ

## നികുതി വ്യവസ്ഥ

രാജ്യത്തിന്റെ പ്രധാന വരു മാനം നിലനികുതിയായിരുന്നു. രാജതോടർമാൾ അക്ബറുടെ ധനകാര്യ മന്ത്രിയായി പ്രവർത്തിച്ചിരുന്നു. ഇദ്ദേഹം അതിനു മുൻപ് ഷെർഷ യുടെ ധനകാര്യമന്ത്രിയായി സേവനം അനുഷ്ഠിച്ചിരുന്ന ആളായിരുന്നു. അക്ബർ ഷെർഷയുടെ ഭൂനികുതി വ്യവസ്ഥയെയാണ് പിൻതുടർന്നത്.

അതിനാൽ "ഷെർഷയെ അക്ബറുടെ മുന്നോടിയായി" കരുതുന്നു. അക്ബറാണ് ആദ്യമായി "ജപ്തി" സമ്പ്രദായം കൊണ്ടു വന്നത്. നിലങ്ങളെ അതിന്റെ ഫലപുഷ്ടി അനുസരിച്ച് അളന്ന് വിഭജിച്ചിരുന്നു. നിലങ്ങളുടെ ഫലപു ഷ്ടിക്കനുസരിച്ച് നികുതി നിശ്ചയിച്ചിരുന്നു. വിളവിന്റെ 1/3ഭാഗം നികുതിയായി ഈടാക്കിയിരുന്നു. നികുതി പണമായോ , ധാന്യമായോ നൽകാമായിരുന്നു. വരൾച്ച , വെള്ളപ്പൊക്കം എന്നിവയുണ്ടാകുന്ന സമയത്ത് നികുതിയിളവ് അനുവദിച്ചിരുന്നു. നികുതി പിരിവ് ഉദ്യോഗസ്ഥർ കർഷകരോട് ദയ കാണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

## സൈനിക ഭരണം

മുഗൾ സൈന്യത്തിൽ കാലാൾപ്പട, പീരങ്കിപ്പട, ആനപ്പട കുതിരപ്പട എന്നീ നാലു വിഭാഗങ്ങളുണ്ടായി രുന്നു. സൈന്യത്തിലെ മുഖ്യഘടകം കുതിരപ്പടയായിരുന്നു. കുതിരപ്പടയെ കഴിവുറ്റ താക്കി തീർക്കുന്നതിനു വേണ്ടി അക്ബർ മാൻസബ്ദാരി സമ്പ്രദായം കൊണ്ടുവന്നു. മാൻസബ് എന്നാൽ റാങ്ക് അഥവാ നില എന്നാണർത്ഥം. കുതിരകളുടെ എണ്ണം അനുസരിച്ചാണ് മാൻസബ്ദാർമാരുടെ റാങ്ക് കണക്കാക്കിയിരുന്നത്. 10 കുതിരകൾ മുതൽ 10,000 കുതിരകൾ ഉള്ള മൻസബ്ദാർ വരെ ഉണ്ടായിരുന്നു. അവർ കുതിരപ്പടയെ കൂടാതെ കാലാൾപ്പടയേയും നിയ ന്ത്രിച്ചു. യുദ്ധകാലങ്ങളിൽ രാജാ വിനെ സഹായിക്കുകയാണ് മാൻസബ്ദാരുടെ മുഖ്യകടമ. പ്രതിഫലമായി രാജാ വിൽ നിന്നു പണം മൊത്തമായി വാങ്ങി സൈനികർക്ക് വിഭജിച്ചു കൊടുത്തി രുന്നു.

## നീതിന്യായ പരിപാലനം

രാജ്യത്തിന്റെ അത്യുന്നത ന്യായാധിപൻ രാജാവു തന്നെയായിരുന്നു. നീതി ന്യായത്തിൽ രാജാവിനെ സഹായിക്കുന്നതിന് മുഖ്യ ഖാസി എന്ന ഉദ്യോഗസ്ഥനുണ്ടായിരുന്നു. കേസുകൾ ഖുറാനിലെ നിയമപ്രകാരം വിചാരണ ചെയ്തു കുറ്റ കൃത്യങ്ങൾക്കു കഠിനമായ ശിക്ഷ നൽകിയിരുന്നു. അംഗവിച്ഛേദം സാധാരണ ശിക്ഷയായിരുന്നു.

## മുഗൾഭരണം അധഃപതിക്കാനുള്ള കാരണം

മുഗൾ സാമ്രാജ്യം വളരെ വിസ്തൃതമായ ഒരു സാമ്രാജ്യമായിരുന്നു. അതിനാൽ രാജ്യത്തിന്റെ



Fatepur sikri - Buland Darwaza

എല്ലാ ഭാഗങ്ങളേയും ഒന്നുപോലെ നിയന്ത്രിക്കാൻ രാജാക്കന്മാർക്ക് കഴിഞ്ഞില്ല.അതിനാൽ അതിർത്തി പ്രദേശങ്ങളിൽ കലഹങ്ങൾ ഉണ്ടാകുകയും ചെയ്തു. അതിനാൽ സാമ്രാജ്യം ഛിന്നഭിന്നമായി.

സാമ്രാജ്യത്തിന് ശരിയായ പിൻതടർച്ചാവകാശം നിയമം ഇല്ലാതിരുന്നതിനാൽ യുവരാജാക്കന്മാരുടെ ഇടയിൽ അവകാശ യുദ്ധമുണ്ടായി ഇതിനാൽ രാജ്യത്തിൽ കുഴപ്പങ്ങളുണ്ടായി.

ഔറംഗസീബന്റെ കാലത്ത് മുഗൾ സാമ്രാജ്യം വളരെ വിസ്തൃതമായിരുന്നു. ഔറംഗസീബിനു ശേഷം സാമ്രാജ്യത്തിനെ ഭരിക്കുന്നതിന് കഴിവുള്ള പുത്രന്മാരുണ്ടായിരുന്നില്ല അതിനാൽ സാമ്രാജ്യം നശിക്കാൻ തുടങ്ങി.

മുഗൾ സൈനികർ ആഡംബര ജീവിതം നയിക്കുകയും സൈനീക നിർവ്വഹണത്തിൽ താൽപര്യം കുറയുകയും ചെയ്തു. ഇത് അവരുടെ അധഃപതനത്തിനു കാരണമായി.

മറാത്തികൾ ശിവജിയുടെ നേതൃത്വത്തിൽ മുഗളന്മാരുടെ ശത്രുക്കളായി. ഔറംഗസീബിന്റെ മതനയം മുഗൾ സാമ്രാജ്യത്തിന്റെ അതഃപതനത്തിനുള്ള മുഖ്യ കാരണമാണ്.



Red Fort



Fatepur sikri - Panch mahal

വാണിജ്യത്തിനായി ഇന്ത്യയിൽ വന്ന യൂറോപ്യന്മാർ രാഷ്ട്രീയത്തിൽ പ്രവേശിക്കുകയും അതുവഴിയുള്ള നേട്ടം കണ്ട് സാമ്രാജ്യത്തിൽ പല കുടിയേറ്റങ്ങൾ സ്ഥാപിച്ച് തങ്ങളുടെ ഭരണത്തെ ഇന്ത്യയിൽ ഉറപ്പിച്ചു. ഇത് മുഗളന്മാരുടെ അധഃപതനത്തിന് വേഗതകൂട്ടി.

ഔറംഗസീബിന്റെ മതനയം ഹിന്ദുക്കളെയും സിക്കുകാരെയും മുഗളന്മാരുടെ വിരോധികളാക്കി മാറ്റി. ഇത് മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തിന് പ്രധാനകാരണമായി.

അധഃപതിച്ചുകൊണ്ടിരുന്ന മുഗൾ സാമ്രാജ്യത്തെ പൂർണ്ണമായും നശിപ്പിച്ചത് നാദിർഷാ, അഹമ്മദ് ഷാ അബ്ദാലി എന്നിവരുടെ ആക്രമണങ്ങളാണ് അങ്ങനെ ബാബറാൽ സ്ഥാപിക്കപ്പെട്ട് അക്ബറാൽ ദൃഢപ്പെടുത്തപ്പെട്ട മുഗൾ സാമ്രാജ്യം ഒറംഗസീബിന്റെ കാലത്ത് ശിഥിലമാകാൻ തുടങ്ങി.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഒന്നാം പാനിപ്പട്ട് യുദ്ധം നടന്ന വർഷം ___________ആണ്

   അ) 1536 ആ) 1526 ഇ) 1506

2. ഷെർഷായെ ____________ന്റെ മുന്നോടിയായി കരുതപ്പെടുന്നു.

   അ) അക്ബർ ആ) ഹുമയൂൺ ഇ )ഷാജഹാൻ

3. നീതിച്ചങ്ങല ഏർപ്പെടുത്തിയ മുഗൾ രാജാവ് ________.

   അ) ഔറംഗസീബ് ആ) ജഹാംഗീർ ഇ) ബാബർ

4. ഗുരു അർജുൻ ദേവ് ___________ാമത്തെ സിക്കു ഗുരുവാണ്

   അ) 5 ആ) 9 ഇ)10

### II. പൂരിപ്പിക്കുക

1. ഹുമയൂൺ എന്നാൽ ________.
2. രണ്ടാം പാനിപ്പട്ട് യുദ്ധത്തിൽ അക്ബർ ________നെ തോൽപ്പിച്ചു.
3. ___________ന്റെ ഭരണകാലം മുഗളന്മാരുടെ സുവർണകാലം എന്നറിയപ്പെടുന്നു.
4. ടാൻസൺ ___________ ന്റെ സദസ്യനായിരുന്നു.

### III. യോജിപ്പിക്കുക.

| | | |
|---|---|---|
| 1. റാണാസംഗ | - | 1582 |
| 2. ദീൻ-ഇ-ലാഹി | - | ഭൂനികുതി സമ്പ്രദായം |
| 3. രണ്ടാം പാനിപ്പട്ട് യുദ്ധം | - | മേവാർ രാജാവ് |
| 4. രാജാ തോടർമാൾ | - | 1556 |

### IV. ഒറ്റവാക്കിലുത്തരമെഴുതുക

1. കാൻവാ യുദ്ധം നടന്നതെപ്പോൾ ?
2. ജഹാംഗീറിന്റെ ആത്മകഥയെ എപ്രകാരം അറിയപ്പെടുന്നു ?
3. അക്ബറുടെ സംരക്ഷകൻ ആരായിരുന്നു ?
4. ലോകത്തിന്റെ വിളക്ക് എന്നറിയപ്പെടുന്നതാര് ?

### V. ഉത്തരം ചുരുക്കിയെഴുതുക

1. ബാബർ ഇന്ത്യയിൽ മുഗൾവംശം സ്ഥാപിച്ചതെങ്ങനെ ?
2. മുഗൾ ഭരണത്തിൽ നൂർജഹാന്റെ പങ്ക് എന്ത് ?
3. ഷെർഷായുടെ നാണയ സമ്പ്രദായത്തെ കുറിച്ച് കുറിപ്പെഴുതുക
4. മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ നാലെണ്ണം കുറിപ്പിടുക.

## VI. വിശദീകരിക്കുക

1. ആരുടെ ഭരണകാലത്തെയാണ് മുഗളന്മാരുടെ സുവർണ്ണകാലം എന്ന് പറയപ്പെടുന്നത് ? എന്തുകൊണ്ട് ?
2. മുഗളന്മാരുടെ ഭരണരീതിയെ കുറിച്ച് വിശദീകരിക്കുക.

## VII. പ്രായോഗികാഭ്യാസം

1. ഇന്ത്യയിൽ മുഗൾ സാമ്രാജ്യവുമായി ബന്ധപ്പെട്ട ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ സന്ദർശിക്കുക.
2. മുഗളന്മാരുടെ കാലത്തെ കല, വാസ്തു ശിൽപകല എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

## VIII. രേഖാചിത്ര പരിശീലനം

1. അക്ബറുടെ സാമ്രാജ്യത്തെ വരച്ച് അദ്ദേഹം ആക്രമിച്ചു കീഴടക്കിയ പ്രദേശങ്ങളെ അടയാളപ്പെടുത്തുക.
2. ഇന്ത്യാ ഭുപടത്തിൽ ഔറംഗസീബിന്റെ സാമ്രാജ്യത്തെ അടയാളപ്പെടുത്തുക.

### രൂപീകരണ മൂല്യനിർണ്ണയം

1. ബാബർ മുതൽ ഔറംഗസീബ് വരെയുള്ള ഡൽഹി ഭരിച്ച രാജാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
2. മുഗൾ രാജാക്കന്മാരുടെ വംശാവലി പട്ടിക തയ്യാറാക്കുക.
3. മുഗൾ രാജാക്കന്മാരുടെ കാലത്ത് നടന്ന പ്രധാന സംഭവങ്ങളെക്കുറിച്ച് ഒരു കാലനിർണ്ണയരേഖ തയ്യാറാക്കുക.
4. താജ്മഹാൽ ലോക അതിശയങ്ങളിൽ ഒന്നായി കരുതപ്പെടാനുള്ള കാരണത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
5. മുഗൾ സാഹിത്യ വളർച്ചയെക്കുറിച്ച് ഫ്ളാഷ് കാർഡ് തയ്യാറാക്കുക.
6. ഔറംഗസീബിന്റെ മത തീവ്രവാദ നയങ്ങളാണ് മുഗൾസാമ്രാജ്യത്തിന്റെ വീഴ്ചയ്ക്ക് കാരണമായത് - ചർച്ച ചെയ്യുക.

# 2. മറാത്തകളുടെ ഉദയം

ഡക്കാൺ പ്രദേശത്ത് മഹാരാഷ്ട്രയെ ചുറ്റിയുള്ള മലപ്രദേശത്ത് വസിച്ചിരുന്ന ജനങ്ങളാണ് മറാത്ത കൾ, മഹാരാഷ്ട്രയിലെ ഭൂപ്രകൃതി മറാത്തകൾക്ക് ചില പ്രത്യേക സ്വാഭാവ സവിശേഷതകൾ ഉണ്ടാകുന്നതിന് കാരണമായി. അവർ ഡക്കാണിനെ ഭരിച്ചിരുന്ന ഷിയാ രാജാക്കന്മാരുടെ കീഴിൽ ജോലി ചെയ്തിരുന്നു. മലമ്പ്രദേശമായതിനാൽ ശത്രുക്കളിൽ നിന്ന് അവർക്ക് നല്ല സംരക്ഷണം ലഭിച്ചിരുന്നു. മറാത്തകൾ "ഗൊറില്ല" എന്ന പ്രത്യേക ഒളിപ്പോര് സമ്പ്രദായം വികസിപ്പിച്ചെടുത്തു.

> മറാത്തകൾ മലനിരകൾക്കിടയിൽ ഒളിച്ചിരുന്നിട്ട് ശത്രുക്കളെ പെട്ടെന്ന് ആക്രമിക്കുന്ന ഒരു സമ്പ്രദായമാണ് "ഗൊറില്ല" യുദ്ധമുറ. ഇതിന്റെ അർത്ഥം "ക്രമമല്ലാത്ത ഒരു യുദ്ധമുറയാണ്"

മറാത്തകൾ മുസ്ലീങ്ങളുടെ അനീതികളെ അങ്ങേയറ്റം എതിർത്തിരുന്നു. ഭക്തിപ്രസ്ഥാനം മറാത്തകളുടെ ഇടയിൽ ഐക്യ ത്തെ ഏർപ്പെടുത്തി. ഭക്തി പ്രസ്ഥാന നേക്കാന്മാരായ തുക്കാറാം, രാംദാസ്, ഏക്നാഥ് വാമൻപണ്ഡിറ്റ് എന്നിവർ ദൈവത്തോടുള്ള സ്നേഹം ഐക്യത്തെ വളർത്തുന്നതിന് സഹായിക്കും എന്ന് മറാത്തകളെ പഠിപ്പിച്ചു. മറാത്തകളുടെ പ്രഗത്ഭനായ നേതാവായിരുന്നു ശിവജി. ഇദ്ദേഹത്തിന്റ നേതൃത്വത്തിൽ മറാത്തകൾ ശക്തി പ്രാപിച്ച്മുഗൾ ഭരണത്തെ എതിർത്തു.

### ശിവാജി(ക്രി.പി.1627-ക്രി.പി. 1680)

ക്രി.പി. 1627-ൽ പൂനെയിലുള്ള ശിവനേർ എന്ന സ്ഥലത്ത് ശിവജി ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഷാജി ബോൻസ്ലെയും,മാതാവ് ജീജാഭായിയുമായിരുന്നു. പിന്നീട് ഷാജി ബോൻസ്ലെ തുക്കാഭായി എന്ന സ്ത്രീയെ വിവാഹം



കഴിക്കുകയും ജീജാഭായിയെയും, ശിവജിയെയും ഉപേക്ഷിക്കുകയും ചെയ്തു. അതിനാൽ ശിവജിയെ വളർത്തിയത് അദ്ദേഹത്തിന്റെ ഗുരുവായിരുന്ന ദാദാജികൊണ്ടദേവ് എന്നയാളായിരുന്നു. ചെറുപ്പത്തിൽ പുരാണ കഥകൾ മാതാവ് വഴി പഠിച്ചിരുന്നു. തന്റെ സ്വഭാവ രൂപീകരണത്തിന് മാതാവ് നല്ല ഒരു പങ്ക് വഹിച്ചു. തന്റെ ഗുരു അദ്ദേഹത്തെ കുതിരസവാരി, യുദ്ധമുറകൾ, ഭരണരീതി എന്നിവ പഠിപ്പിച്ചു.

### ആക്രമണങ്ങൾ

ശിവജി സ്വതന്ത്രമായ ഒരു സാമ്രാജ്യം രൂപീകരിക്കാൻ ആഗ്രഹിച്ചു. ക്രി.പി. 1646-ൽ അദ്ദേഹം പുരന്ധർ കോട്ട, റായ്ഗാർ കോട്ട, തോർണാകോട്ട, കല്ല്യാൺ കോട്ട എന്നിവയെ പിടി ച്ചെടുത്തു.

## ശിവജിയും ബീജപ്പൂർ സുൽത്താനും

ബീജപ്പൂർ സുൽത്താൻ ശിവജിയെ നശിപ്പിക്കുന്നതിനു വേണ്ടി പദ്ധതികളാവിഷ്കരിച്ചു. ശിവജിയെ കൊല്ലുന്നതിനുവേണ്ടി ക്രി.പി. 1659-ൽ അഫ്സൽഖാനെ അയച്ചു. എന്നാൽ അഫ്സൽഖാന്റെ പദ്ധതികൾ മനസ്സിലാക്കിയ ശിവജി അദ്ദേഹത്തെ നേരിടാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. അഫ്സൽഖാൻ ക്ഷണിച്ച സ്ഥലത്തേയ്ക്ക് ശിവജി കരുതലോടെ എത്തി. അവിടെ വച്ച് അഫ്സൽഖാൻ ശിവജിയെ ആലിംഗനം ചെയ്യുന്ന രീതിയിൽ മുറുകെ പിടിച്ചു. എന്നാൽ ശിവജി തന്റെ കൈയ്യിൽ ധരിച്ചിരുന്ന പുലിനഖം ഉപയോഗിച്ച് അഫ്സൽഖാനെ കീറി പിളർന്നു. ഈ സംഭവം ശിവജിയുടെ പ്രശസ്തിയേയും, ശക്തിയേയും ഉയർത്തി.

## ശിവജിയും മുഗളന്മാരും.

ക്രി.പി. 1660-ൽ മുഗൾ ചക്രവർത്തിയായ ഔറംഗസീബ് ശിവജിയുടെ വളർച്ചയെ തടുക്കുന്നതിനുവേണ്ടി ഡക്കാണിലെ ഗവർണറായ ഷെയ്സ്തഖാനെ അയച്ചു. ഷെയ്സ്ത്ഖാൻ പൂനെയിൽ തമ്പടിച്ചു. എന്നാൽ ഒരു ദിവസം രാത്രി ശിവാജി ഒരുവിവാഹ സംഘത്തിന്റെ രൂപത്തിൽ ആ താവളത്തിൽ പ്രവേശിച്ച് ഗാഢനിദ്രയിലായിരുന്ന ഷെയ്സ്ത് ഖാനെ ആക്രമിച്ചു. ഷെയ്സ്തഖാൻ ഒരു പെരുവിരൽ നഷ്ടത്തോടെ രക്ഷപ്പെട്ടു.

വീണ്ടും ഔറംഗസീബ് ശിവജിയെ നേരിടാൻ രാജാജയ് സിംഗിനെ അയച്ചു. അദ്ദേഹം ശിവ ജിയെ എല്ലാ വശത്തുനിന്നും ആക്രമിച്ചു . ഒടുവിൽ നിസ്സഹായനായ ശിവജി ജയ്സിംഗിനോടു സമാധാന സന്ധി ചെയ്യാൻ തീരുമാനിച്ചു. ക്രി.പി. 1665-ൽ ശിവജി ജയ്സിംഗിനോടു പുരന്ധർ ഉടമ്പടി ചെയ്തു. ജയ്സിംഗ് ശിവജിയെ ഔറംഗസീബിന്റെ രാജസദസ്സിലേയ്ക്ക് ആനയിച്ചു എന്നാൽ ശിവജിയും അദ്ദേഹത്തിന്റെ പുത്രനായ സാംബജിയും ക്രി.പി. 1666-ൽ ഔറംഗസീബിന്റെ കൊട്ടാരത്തിലെത്തിയപ്പോൾ മാന്യമായ സ്വീകരണം ലഭിച്ചില്ല. ശിവജി ഇതിനെ എതിർത്തു. അതിനാൽ ഔറംഗസീബ് അദ്ദേഹത്തെ ജയിലിൽ അടച്ചു. എന്നാൽ ശിവജി അസുഖം നടിച്ച് ഒരു ആപ്പിൾ നിറച്ച കുട്ടയിൽ കയറി രഹസ്യമായി ജയിലിൽ നിന്നു രക്ഷപ്പെട്ടു. അതിനാൽ ഔറംഗസീബ് ശിവജിയെ പർവ്വതഎലി എന്നു വിളിച്ചു. ഈ രക്ഷപ്പെടൽ ശിവജിയെ ഔറംഗ സീബിന്റെ ബദ്ധശത്രുവാക്കി.

ക്രി.പി. 1674-ൽ ശിവജി ഛത്രപതി എന്ന നാമധേയം സ്വീകരിച്ച് റയ്ഗാറിലെ രാജാവായി സ്വയം കിരീടധാരണം ചെയ്തു. അങ്ങനെ ഒരുപുതിയ സാമ്രാജ്യം (മറാത്താ സാമ്രാജ്യം) നിലവിൽ വന്നു. കിരീടധാരണ ചടങ്ങിനായി ഖജനാവിൽ നിന്ന് ധാരാളം പണം ചിലവഴിച്ചതിനാൽ സാമ്പത്തിക ബാധ്യത ഉണ്ടായി. അതിനാൽ കർണാടക പ്രദേശത്തെ ആക്രമിക്കുന്നതിന് അദ്ദേഹം നിർബ ന്ധിതനായി. വേലൂർ, ചെഞ്ചി ചില പ്രധാന കോട്ടകൾ എന്നിവയെ അദ്ദേഹം പിടിച്ചെടുത്തു. അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ മൈസൂറിന്റെ വലിയൊരു ഭാഗം, കൊങ്കണ തീര പ്രദേശം, മഹാരാഷ്ട്ര എന്നിവ ഉൾപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹത്തിന് വളരെ കാലം ജീവിച്ചിരിക്കാൻ കഴിഞ്ഞില്ല. വെറും ആറു വർഷക്കാലം മാത്രമേ അദ്ദേഹത്തിന്റെ

ഭരണം നിലനിന്നുള്ളൂ. ക്രി.പി. 1680-ൽ റയ്ഗാറിൽ വച്ച് ശിവജി മരണമടഞ്ഞു.

### ശിവജിയുടെ ഭരണരീതി

ശിവജി ജനക്ഷേമ തൽപര നായ ഒരു രാജാവായിരുന്നു. ഭരണകാര്യത്തിൽ അദ്ദേഹത്തെ സഹായി ക്കുന്നതിന് അഷ്ടപ്രധാൻ എന്നറിയപ്പെടുന്ന എട്ടു മന്ത്രിമാരുടെ ഒരു സഭയുണ്ടായിരുന്നു. ഇതിനെ അഷ്ടപ്രധാൻ എന്നു വിളിക്കുന്നു.

**അഷ്ടദിഗ്-ഗജങ്ങൾ, നവരത്നങ്ങൾ തുടങ്ങിയവർ ആരുടെയൊക്കെ രാജാസദസ്സിലുണ്ടായിരുന്നവരാണ്.**

1. പേഷവാ(പ്രധാനമന്ത്രി)
2. മന്ത്രി (ക്രോണിക്കിലർ)
3. സച്ചീവ(ആഭ്യന്തര സെക്രട്ടറി)
4. സുമന്ത് (വിദേശകാര്യ സെക്രട്ടറി)
5. സേനാപതി ( സൈന്യാധിപൻ)
6. അമത്യ(ധനകാര്യമന്ത്രി)
7. പണ്ഡിറ്റ് റാവ് ( ധർമ്മോപദേശകൻ)
8. ന്യായാധിപൻ(നീതിന്യായ വകുപ്പ്)

ഓരോ മന്ത്രിയേയും ഓരോ വകുപ്പിന്റെ ചുമതല ഏല്പിച്ചിരിക്കുന്നു. സാമ്രാജ്യത്തെ പല സംസ്ഥാനങ്ങളായും, സംസ്ഥാനങ്ങളെ ഫർഗാനകളായും, ഫർഗാനകളെ ഗ്രാമങ്ങളായും വിഭജിച്ചിരുന്നു. ശിവജിയുടെ കീഴിലുള്ള പ്രദേശങ്ങളെ സ്വരാജ്യം എന്നറിയപ്പെട്ടിരുന്നു.

### നികുതി പരിപാലനം

ശിവജി ജമീന്ദാരി സമ്പ്രദായത്തെ ഇല്ലാതാക്കി രാജാവ് തന്നെ കർഷകരുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്നു. നിലങ്ങളെ അളന്ന് തിട്ടപ്പെടുത്തിയിരുന്നു. വിളവിന്റെ അഞ്ചിൽ രണ്ടുഭാഗം (2/5) നികുതിയായി ഈടാക്കിയിരുന്നു. നികുതി പണമായോ, ധാന്യമായോ നൽകിയിരുന്നു. ക്ഷാമം അനുഭവപ്പെടുന്ന സമയങ്ങളിൽ വായ്പകൾ നൽകിയിരുന്നു. ഇദ്ദേഹത്തിന്റെ ഭൂനികുതി സമ്പ്രദായം അക്ബറുടെ കാലത്ത് അദ്ദേഹത്തിന്റെ ധനകാര്യ മന്ത്രിയായിരുന്ന രാജാ തോടർ മാളിന്റെ ഭൂനികുതി സമ്പ്രദായവുമായി തുലനം ചെയ്യാം. വാണിജ്യ നികുതിയും, തൊഴിൽ നികുതിയും ജനങ്ങളിൽ നിന്ന് ഈടാക്കിയിരുന്നു. കൂടാതെ ചൗത് (CHAUTH) സാർദേശ്മുഖി (Sardesh Muki) എന്നീ പ്രത്യേക നികുതികളും ഈടാക്കിയിരുന്നു.

**നാം ഗവൺമെന്റിനു ചെലുത്തുന്ന ചില നികുതികളുടെ പേര് പറയുക.**

### നീതി പരിപാലനം

ഹിന്ദു നിയമപ്രകാരം നീതി പരിപാലനം നടത്തിയിരുന്നു. ഗ്രാമങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകൾ രൂപീകരിച്ചിരുന്നു. ഇന്നത്തെ തഹസിൽ ദാറിന് സമാനമായ പട്ടേൽ എന്ന മേലുദ്യോ ഗസ്ഥൻ കുറ്റ കൃത്യങ്ങൾ അന്വേഷിച്ച് കണ്ടെത്തിയിരുന്നു. എല്ലാ സിവിൽ, ക്രിമിനൽ കേസുകളും ന്യായാധിഷ് എന്നയാൾ വിചാരണ ചെയ്തിരുന്നു. ഇദ്ദേഹം അഷ്ടപ്രധാ നിലെ ഒരംഗമാണ്.

### സൈനിക ഭരണം.

ശിവജി ഒരുവലിയ യുദ്ധവീരനും, സൈനികമേധാവിയുമായിരുന്നു.നല്ല അച്ചടക്കമുള്ള ഒരു സൈന്യത്തെ തന്റെ കീഴിൽ നിലനിർത്തിയിരുന്നു.അദ്ദേഹത്തിന്റെ സൈന്യത്തിൽ കാലാൾപ്പട, കുതിരപ്പട, പീരങ്കിപ്പട, ആനപ്പട, കപ്പൽപട, ഒട്ടകം എന്നിവയുണ്ടായിരുന്നു. കുതിരപ്പടയാണ് സൈന്യത്തിലെ ഏറ്റവും വലിയ വിഭാഗം.

കോട്ടകൾക്ക് വളരെ പ്രാധാന്യം കൽപ്പിച്ചി രുന്നു. അവയെ അമ്മയായി കണക്കാക്കിയിരുന്നു. സൈനികർക്ക് ശമ്പളം പണമായി നൽകിയിരുന്നു. അവരുടെ മരണശേഷം കുടുംബ ത്തിന്റെ ചുമതലയും രാജാവ് ഏറ്റെടു ത്തിരുന്നു.സ്ത്രീകളെപട്ടാള ക്യാമ്പു കളിൽ അനുവദിച്ചിരുന്നില്ല. സ്ത്രീക ളെയും,കുട്ടികളെയും വയസ്സായ വരെയും കൊല്ലരുതെന്ന് സൈനി കർക്ക് പ്രത്യേക നിർദ്ദേശം നൽകി യിരുന്നു.

## നിരൂപണം

ശിവജി വളരെ പ്രഗത്ഭനായ ഒരു നേതാവായിരുന്നു. അക്ഷരാ ഭ്യാസം ഇല്ലാതിരുന്നിട്ടും രാജ്യത്തിന്റെ ഗുരുതരമായ പ്രശ്നങ്ങളെ കണ്ടറി ഞ്ഞ് അതിന് പരിഹാരം കാണുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞു. ശക്തമായ ഒരു മറാത്താ സാമ്രാജ്യം സ്ഥാപിച്ചത് അദ്ദേഹത്തിന്റെ വലിയ നേട്ടമായി രുന്നു. മുഗളന്മാരുടെ ഏറ്റവും വലിയ ശത്രുവായിരുന്നു. ശിവജി അദ്ദേഹ ത്തിന്റെ സൈനിക ശക്തിയെ അവർ വല്ലാതെ ഭയന്നിരുന്നു. മറാത്ത സാമ്രാ ജ്യത്തെ പ്രശസ്തിയുടെ ഉച്ചകോടിയി ലെത്തിയ്ക്കണമെന്ന ഉറച്ച തീരുമാന ത്തോടെ പരിശ്രമിച്ചയാളാണ് ശിവജി.

## ശിവജിയുടെ പിൻഗാമികൾ

ശിവജിയുടെ മരണശേഷം അദ്ദേഹത്തിന്റെ മൂത്ത പുത്രനായ സാംബജി മറാത്ത രാജാവായി. അദ്ദേഹം പിതാവിന്റെയത്ര പ്രഗത്ഭ നായ രാജാവായിരുന്നില്ല. സാംബജി ഔറംഗസീബിനാൽ അറസ്റ്റ് ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രനായ സാഹു ബിജപ്പൂർ, ഗോൾക്കൊണ്ട എന്നീ പ്രദേശങ്ങളെ പിടിച്ചെടുത്തു. അവിടത്തെ രാജാവായ സാംബജി യുടെ മരണശേഷം അദ്ദേഹത്തിന്റെ മറ്റൊരു മകനായ രാജാറാം ഛത്രപതി യായി. അദ്ദേഹം കി.പി. (A.D.) 1700–ൽ മരണമടഞ്ഞു. അദ്ദേഹം കുട്ടിയായിരുന്നതിനാൽ മാതാവായ താരാഭായി പുത്രനുവേണ്ടി രാജ്യം ഭരിച്ചു. ഔറംഗസീബിന്റെ മരണശേഷം ബഹദൂർഷാ ഒന്നാമൻ മുഗൾ ചക്രവർത്തിയായി. അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ട സാഹുവിനെ മോചിപ്പിച്ചു സാഹുവിനും, താരാഭായി ക്കുമിടയിൽ ഒരു യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ താരാഭായി പരാജയപ്പെടു കയും ക്രി.പി. 1708-ൽ സാഹു വീണ്ടും മറാത്താ രാജാവാകുകയും ചെയ്തു. സാഹുവിനു കിട്ടിയ വിജയം ബാലാജി വിശ്വനാഥിന്റെ സഹായത്തോടു കൂടിയായിരുന്നു. അതിനാൽ സാഹു അദ്ദേഹത്തെ മറാത്താ പേഷ്വ (പ്രധാനമന്ത്രി) ആക്കി. ശിവജിക്കു ശേഷം വന്ന രാജാക്കന്മാർ അശക്തരാ യതിനാൽ പേഷ്വാക്കൾ തങ്ങളുടെ സാമർത്ഥ്യം കൊണ്ട് യഥാർത്ഥ ഭരണാധികാരികളായി മാറി.

## പേഷ്വാക്കൾ

മാറാത്തകളുടെ പ്രധാന മന്ത്രി യെയാണ് **പേഷ്വാക്കൾ** എന്നറിയ പ്പെട്ടിരുന്നത്. ക്രി.പി. 1713 മുതലാണ് അവരുടെ ഭരണമാരംഭിച്ചത്.

## പേഷ്വാബാലാജി വിശ്വനാഥ്

## (ക്രി.പി. 1713 - ക്രി.പി. 1720)

മറാത്താ രാജാവായ സാഹു വിന്റെ കീഴിൽ ആദ്യമായി ജോലി നോക്കിയ പേഷ്വാ ആയിരുന്നു. പേഷ്വാ ബാലാജി വിശ്വനാഥ് ഇദ്ദേഹ ത്തെ പേഷ്വാഭരണത്തിന്റെ സ്ഥാപ കൻ എന്നറിയപ്പെടുന്നു. ഇദ്ദേഹം പേഷ്വാ അവകാശം പാരമ്പര്യമാക്കി. ഇദ്ദേഹം ചൗത്, സാർദേശ്മുഖി എന്നീ നികുതികൾ പിരിക്കുന്നതിനുവേണ്ടി ഭൂ പ്രഭുക്കന്മാരെ (Feudal Cheifs) നിയമിച്ചു. മറാത്തകളുടെ പ്രശസ്തി

യെ അദ്ദേഹം വീണ്ടെടുത്തു. ക്രി.പി. 1720-ൽ അദ്ദേഹം മരണമടഞ്ഞു.

### പേഷ്വാബാജിറാവു (ക്രി.പി. 1720- ക്രി.പി. 1740)

ബാലാജി വിശ്വനാഥിന്റെ മരണശേഷം അദ്ദേഹത്തിന്റെ പുത്രനായ ബാജിറാവു പേഷ്വായായി അദ്ദേഹത്തിന്റെ കഴിവും സാമർത്ഥ്യവും കൊണ്ട് അദ്ദേഹത്തെ പേഷ്വാക്കളിൽ ഉന്നതനായവൻ (Greatest of the Pes hwas) എന്നറിയപ്പെടുന്നു. അദ്ദേഹം മറാത്താ അധികാരത്തെ ഉത്തരേന്ത്യാ മുഴുവനുംവ്യാപിയ്ക്കാൻ ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം തുടർന്ന നയത്തെ ഫോർവേഡ് പോളിസി (Forward Policy) എന്നറിയപ്പെടുന്നു. അദ്ദേഹം ഹൈദ്രാബാദ് നൈസാമിന് ഒരു സമാധാനസന്ധിയിൽ ഒപ്പിടാൻ നിർബന്ധിപ്പിച്ചു. പോർച്ചുഗീ സുകാരിൽ നിന്ന് ബസീൻ, താനാ, സാൽസെററ് എന്നീ പ്രദേശങ്ങളെ പിടിച്ചെടുത്തു. ഇദ്ദേഹത്തിന്റെ കാലത്ത് മറാത്താ അധികാരം പ്രശസ്തിയുടെ ഉച്ചകോടിയലെ ത്തിയിരിക്കുന്നു. ക്രി.പി. 1740 -ൽ അദ്ദേഹം മരണമടഞ്ഞു.

### പേഷ്വാ ബാലാജി ബാജിറാവു (ക്രി.പി. 1740- ക്രി.പി. 1761)

ഇദ്ദേഹം മറാത്തകളുടെ മൂന്നാമത്തെ പേഷ്വാ ആയിരുന്നു. അദ്ദേഹത്തന്റെ സഹോദരനായ സദാശിവറാവുവിന്റെ സഹായത്തോടെ മറാത്താ സാമ്രാജ്യത്തെ ശക്തിപ്പെടുത്തി. പഞ്ചാബിനെ പിടിച്ചെടുത്ത് അവിടത്തെ അറ്റോക്ക് കോട്ടയിൽ മറാത്തകളുടെ കൊടിനാട്ടി. ക്രി.പി. 1761-ൽ മറാത്തകൾ വളരെയധികം ശക്തി പ്രാപിച്ചുവെങ്കിലും അഹമ്മദ്ഷാ അബ്ദാലിയിൽ നിന്ന് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു.

### മൂന്നാം പാനിപ്പട്ട് യുദ്ധം (ക്രി.പി. 1761)

മറാത്തകൾ പഞ്ചാബിനെ ആക്രമിച്ച് കീഴടക്കിയതിനാൽ അഫ്ഗാനിസ്ഥാനിലെരാജാവായ അഹമ്മ ദഷാ അബ്ദാലിയുടെ വിരോധത്തിന് പാത്രമാകേണ്ടിവന്നു. അഹമ്മദ് ഷാ അബ് ദാലി റോഹിൽഖണ്ഡിലെ നജീബ് അദ്-ദൗലയുടെയും, ഔദിലെ ഷൂജാ-ഉദ്-ദൗലയുടെയും സഹായത്തോട് കൂടി ഇന്ത്യയെ ആക്രമിക്കുന്നതിന് വേണ്ട തയ്യാറെടുപ്പുകൾ നടത്തി. അദ്ദേഹംക്രി.പി. 1761-ൽ സദാശിവറാവുവിന്റെ നേതൃത്വത്തിലുള്ള മറാത്താ സൈന്യത്തെ പാനിപ്പട്ട് എന്ന സ്ഥലത്ത് വച്ച് നേരിട്ടു. ഇതാണ് മൂന്നാം പാനിപ്പട്ട് യുദ്ധം സദാശിവറാവു തന്റെ പീരങ്കിപ്പടയെ വളരെ ശക്തമാക്കിയെങ്കിലും അബ്ദാലീ മറാത്തകളുടെ വാർത്താവിനിമയ ബന്ധത്തെ വിച്ഛേദിച്ചു. ആരംഭത്തിൽ മറാത്തകൾ പല വിജയങ്ങൾ കൈവരിച്ചുവെങ്കിലും അവസാനം പരാജയപ്പെട്ടു. മൂന്നാം പാനിപ്പട്ട് യുദ്ധം മറാത്തകളുടെ ശക്തിയെ ക്ഷയിപ്പിക്കുകയും ബ്രിട്ടീഷ് ഭരണം ആരംഭിക്കുന്നതിന് കാരണമാകുകയും ചെയ്തു.

### മറാത്തക്കാരുടെ പരാജയത്തിനുള്ള കാരണങ്ങൾ

മറാത്തകളുടെ അത്യാഗ്രഹവും ചൂഷണ പൂർണമായ സമ്പ്രദായങ്ങ ളും അവരുടെ പരാജയത്തിന് കാരണമായി. മറാത്തകൾ അവരുടെ സ്വന്തം മതക്കാരായ രജപുത്രന്മാർ, ജാട്ടുകൾ, സിക്കുകാർ എന്നിവരുടെ വിശ്വാസം നഷ്ടപ്പെടുത്തി. അഹമ്മദ് ഷാ അബ്ദാലിയുടെ സൈന്യം മറാത്തകളുടെ സൈന്യത്തെക്കാൾ ശക്തമായിരുന്നു. മറാത്തകൾക്ക് സാമ്പത്തിക ശേഷിയും കുറവാ

യിരുന്നു. അവരെ അഹമ്മദ്ഷാ അബ്ദാലിയോട് തുലനം ചെയ്യാൻ സാധിച്ചില്ല. മൂന്നാം പാനിപ്പട്ട് യുദ്ധത്തിനു ശേഷം മറാത്തസാമ്രാജ്യ ത്തെ സാമർത്ഥ്യ മില്ലാത്ത പേഷ്വാമാർ ഭരിച്ചിരുന്നു. അതിനാൽ മറാത്തസാമ്രാജ്യം അധഃപതിച്ചു.

### നാദിർഷയുടെ ആക്രമണം (ക്രി.പി. 1739)

പേർഷ്യയിലെ ശക്തനായ ഒരു സൈന്യാധിപനായിരുന്നു നാദിർഷാ. ഒരു ആട്ടിടയനായിരുന്ന നാദിർഷാ തന്റെ കഴിവും സാമർത്ഥ്യവും കൊണ്ട് പ്രശസ്തനായി. ക്രി.പി. 1739-ൽ അദ്ദേഹം ഇന്ത്യയെ ആക്രമിച്ചു.

നാദിർഷാ ഇന്ത്യയെ ആക്രമിക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്. ഒന്നാമതായി അദ്ദേഹം ഇന്ത്യയുടെ സമ്പത്തിനെ മോഹിച്ചു. കൂടാതെ ഇന്ത്യയെ ആക്രമിച്ച് തനിക്ക് പേരും പ്രശസ്തിയും നേടണമെന്ന് ആഗ്രഹവുമുണ്ടായിരുന്നു. ഇന്ത്യയെ ഭരിച്ചിരുന്ന മുഹമ്മദ്ഷാ ശക്തി കുറഞ്ഞ ഒരു രാജാവാണെന്ന് നാദിർഷായ്ക്ക് മനസ്സിലായി.

### സംഭവങ്ങൾ

കാൻഡഹാർ, ഘാസ്നി (Ghazni) എന്നിവിടങ്ങളിൽ നിന്ന് വരുന്ന അഫ്ഗാൻകാർക്ക് അഭയം കൊടുക്കരുതെന്ന് നിർദ്ദേശിക്കുന്നതിന് വേണ്ടി നാദിർഷാ ഒരു സംഘത്തെ മുഹമ്മദ്ഷായുടെ അടുത്തേയ്ക്ക് പറഞ്ഞയച്ചു. എന്നാൽ മുഹമ്മദ്ഷാ ആ നിർദ്ദേശത്തെ ചെവികൊണ്ടില്ല. അതിനാൽ നാദിർഷാ ക്രി.പി. 1739-ൽ ഇന്ത്യയെ ആക്രമിച്ചു. പെഷവാറിനെ പിടിച്ചടക്കിയ തിനുശേഷം കാർണൽ (Karnal) എന്ന സ്ഥലത്തുവച്ച് മുഗൾസൈന്യത്തെ പരാജയപ്പെടുത്തി. മുഗൾ ചക്രവർത്തി യുദ്ധത്തിന്റെ നഷ്ടപരിഹാരമായി ഇരുപതു കോടി രൂപ നാദിർഷായ്ക്ക് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. നാദിർഷാ ഡൽഹിയിലെത്തി അവിടത്തെ ധാരാളം ജനങ്ങളെ കൊന്നൊടുക്കി. പതിനഞ്ച് ദിവസം കൊണ്ട് അദ്ദേഹം ഡൽഹിയെ ശവപറമ്പാക്കി. അവിടത്തെ കോഹിനൂർ രത്നം മയൂര സിംഹാസനം എന്നിവയെ കൈക്കലാക്കി. വമ്പിച്ച സമ്പത്തുമായി അദ്ദേഹം സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചുപോയി. എന്നാൽ ക്രി.പി. 1747-ൽ തന്റെ സൈന്യങ്ങളാൽ അദ്ദേഹം കൊല്ലപ്പെട്ടു.

### ഫലങ്ങൾ (Results)

നാദിർഷായുടെ ആക്രമണം മുഗൾ സാമ്രാജ്യത്തിന്റെ അധഃപതനത്തിന് കാരണമായി. ഇത് മുഗളന്മാരുടെ കഴിവില്ലായ്മയെ ലോകർക്ക് മനസ്സിലാക്കി കൊടുത്തു. മുഗളന്മാരുടെ അധഃപതനം മറാത്തകൾ, ജാട്ടുകൾ, സിക്കുകാർ, റോഹിലന്മാർ (Rpjoas) എന്നിവരുടെ വളർച്ചയ്ക്ക് കാരണമായി. ഇന്ത്യയുടെ സമ്പത്ത് മുഴുവനും നാദിർഷാ കവർന്നു കൊണ്ടുപോയി. ചുരുക്കി പറഞ്ഞാൽ നാദിർഷായുടെ ആക്രമണം ഇന്ത്യയെ തകർത്തു.

### അഹമ്മദ്ഷാ അബ്ദാലിയുടെ ആക്രമണം (ക്രി.പി.1761)

അഫ്ഗാനിസ്ഥാനിലുള്ള അബ്ദാലിവംശത്തിന്റെ തലവനായിരുന്നു അഹമ്മദ്ഷാ അബ്ദാലി. ഇദ്ദേഹത്തെ അഫ്ഗാനിസ്ഥാന്റെ ജനറൽ ആക്കിയത് നാദിർഷാ ആയിരുന്നു. നാദിർഷായുടെ മരണ ശേഷം അഹമ്മദ്ഷാ അബ്ദാലി അഫ്ഗാനിസ്ഥാന്റെ സ്വതന്ത്ര രാജാവായി. ക്ര.പി. 1748-നും

## മറാത്തികളുടെ സാമ്രാജ്യം



ക്രി.പി.1767നും ഇടയിൽ ഇദ്ദേഹം പല പ്രാവശ്യം ഇന്ത്യയെ ആക്രമിച്ചു.

### കാരണങ്ങൾ

നാദിർഷായെപ്പോലെ ഇന്ത്യയുടെ സമ്പത്തു മുഴുവനും കൊള്ളയടിക്കുന്നതിനു ഇദ്ദേഹം ആഗ്രഹിച്ചു. കൂടാതെ ആക്രമണങ്ങളിലൂടെ തന്റെ പേരും പ്രശസ്തിയും വളർത്തിയെടുക്കുന്നതിന് ആഗ്രഹിച്ചു.

### സംഭവങ്ങൾ

ക്രി.പി1761-ൽ മറാത്തകൾ ക്കെതിരെ മൂന്നാം പാനിപ്പട്ട് യുദ്ധം ചെയ്തു. അതിനുമുമ്പ് നാലു പ്രാവശ്യം അദ്ദേഹം ഇന്ത്യയെ ആക്രമിച്ചു. പഞ്ചാബിനെ ആക്രമിച്ച തിനു ശേഷം അദ്ദേഹം ഡൽഹിയിൽ വന്ന് അവിടത്തെ സമ്പത്തിനെ കൊള്ളയടിച്ചു.

മഥുര, ആഗ്ര തുടങ്ങിയ പല സ്ഥലങ്ങളേയും അദ്ദേഹം കൊള്ളയടിച്ചു. ക്രി.പി. 1761-ൽ നടന്ന മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ മറാത്തകളെ തോൽപിച്ചു. അവരെ തകർത്ത് തരിപ്പണമാക്കി. ക്രി.പി. 1767 -ൽ പഞ്ചാബിനെ ആക്രമിച്ച് സിക്കുകാരെ പരാജയപ്പെടുത്തി. എന്നാൽ താമസിയാതെ അദ്ദേഹത്തിന് അഫ്ഗാനിസ്ഥാനിലേയ്ക്ക് മടങ്ങേണ്ടി വന്നു.

### ഫലങ്ങൾ

അഹമ്മദ്ഷാ അബ്ദാലിയുടെ ആക്രമണംമറാത്തകൾക്ക് വലിയൊരു അടിയായിരുന്നു.അദ്ദേഹം ഇന്ത്യയിലെ സമ്പത്തുമുഴുവനും കവർന്നുകൊണ്ടു പോവുകയും ധാരാളം ഇന്ത്യാക്കാരെ കൊന്നൊടുക്കുകയും ചെയ്തു. അബ്ദാലിയുടെആക്രമണം പഞ്ചാബിൽപല കുഴപ്പങ്ങളെ സൃഷ്ടിച്ചു സിക്കുകാർക്ക് അവരുടെ ആധിപത്യം പഞ്ചാബിൽ സ്ഥാപിക്കുന്നതിന് അവസരമൊരുക്കി കൊടുത്തു. അഹമ്മദ്ഷാ അബ്ദാലിയുടെ ആക്രമണം മറാത്തകൾക്കും, മുഗളന്മാ ർക്കും വലിയ പ്രഹരമേൽപിച്ചു. ഇത് ബ്രിട്ടീഷു കാർക്ക് ഇന്ത്യയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കു ന്നതിന് വഴി തെളിയിച്ചു കൊടുത്തു.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ശിവജിയുടെ ഗുരു________________.

അ) ദാദാജികൊണ്ട ദേവ് ആ)ഷാജിബോൺസ്‌ലെ ഇ) ബാജിറാവു

2. ശിവജിയുടെ കീഴിൽ______മന്ത്രിമാർ കൊണ്ട അഷ്ടപ്രധാൻ എന്ന മന്ത്രിസ ഭയുണ്ടായിരുന്നു.

അ) 7 ആ) 8 ഇ) 9

3. ഒന്നാമത്തെ പേഷ്വാ_________.

അ) ബാലാജി വിശ്വനാഥ് ആ) ബാലാജി ബാജിറാവു ഇ) ബാജിറാവു

4. പുരന്ധർ ഉടമ്പടി നടന്നത് ______നും ശിവജിക്കും ഇടയിലാണ്.

അ) രാജാജയ്സിംഗ് ആ) അഫ്സൽഖാൻഇ) ഷെയ്സതഖാൻ

## II. പൂരിപ്പിക്കുക.

1. മറാത്തകൾ__________യുദ്ധമുറ പിൻ തുടർന്നു.
2. ബിജപ്പൂർ സുൽത്താൻ ശിവജിയെ തോൽപിക്കാൻ ______നെ അയച്ചു.
3. മറാത്ത സാമ്രാജ്യത്തിലെ പ്രധാന മന്ത്രിയെ ________എന്നറിയപ്പെടുന്നു.
4. ഔറംഗസീബിന്റെ മരണ ശേഷം മുഗൾ ചക്രവർത്തിയായ ആൾ_______.

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ബാജിറാവു | - | പേർഷ്യ |
| 2. നാദിർഷാ | - | അഷ്ടപ്രധാൻ |
| 3. ന്യായാധിഷ് | - | അഫ്ഗാൻ രാജാവ് |
| 4. അഹമ്മദ്ഷാ അബ്ദാലി | - | ഫോർവേഡ് പോളിസി (Forward Policy) |

## IV. ഒറ്റവാക്കിലുത്തരമെഴുതുക

1. മൂന്നാം പാനിപ്പട്ട് യുദ്ധം നടന്നതെപ്പോൾ?
2. നാദിർഷാ ഇന്ത്യയെ ആക്രമിച്ചത് ഏതു വർഷമാണ് ?
3. പുരന്ധർ ഉടമ്പടി ചെയ്തതെപ്പോൾ ?
4. മൗണ്ടൻ റാറ്റ് (പർവ്വതഎലി) എന്നറിയപ്പെടുന്നത് ആര് ?

## V. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ശിവജിയും, അഫ്സൽഖാനും തമ്മിലുള്ള ഏറ്റുമുട്ടലിനെ ചുരുക്കിയെഴുതുക
2. ശിവജി ഷെയ്സ്ത്ഖാനെ, ആക്രമിച്ചതെങ്ങനെ ?
3. മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ മാറാത്തകൾ പരാജയപ്പടുന്നതിനുള്ള കാരണങ്ങൾ ഏവ?
4. നാദിർഷായുടെ ഇന്ത്യൻ ആക്രമണത്തെ കുറിച്ച് ചുരുക്കി പ്രതിപാദിക്കുക.

## VI. വിശദീകരിക്കുക

1. ശിവജിയുടെ നേട്ടങ്ങളെ കുറിച്ച് വിവരിക്കുക ?
2. പേഷ്വാക്കളുടെ കീഴിലുള്ള മറാത്തകളുടെ പരാജയ കാരണങ്ങളെക്കുറിച്ചെഴുതുക.

### രൂപീകരണ മൂല്യനിർണ്ണയം

1. ശിവജിയുടെ ജീവിത ചരിത്രത്തെ ആസ്പദമാക്കി ഒരു നാടകം തയ്യാറാക്കി അവതരിപ്പിക്കുക.

2. ഗൊറില്ല യുദ്ധമുറകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കി ഈ യുദ്ധമുറകളെ സ്വീകരിച്ച മറ്റു രാജ്യങ്ങളെ കണ്ടുപിടിക്കുക.

3. മറാത്തകളുടെ കാലത്തെ പ്രധാന സംഭവങ്ങളെക്കുറിച്ച് ഒരു കാലനിർണ്ണയരേഖ തയ്യാറാക്കുക.

# 3. യൂറോപ്യന്മാരുടെ ആഗമനം

ഇന്ത്യയ്ക്ക് വളരെ പണ്ടു കാലം മുതൽക്കു തന്നെ യൂറോപ്യൻ രാജ്യങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്നു. ഈ ബന്ധം അലക്സാണ്ടറുടെ ഇന്ത്യൻ ആക്രമണത്തോടു കൂടുതൽ ദൃഢമായി. ഇന്ത്യൻ വസ്തുക്കളായ പട്ടു വസ്ത്രങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ പട്ട് കൈത്തറി തുണികൾ എന്നിവയ്ക്ക് യൂറോപ്യൻ മാർക്കറ്റുകളിൽ ആവശ്യക്കാർ കൂടുതലായി വന്നു. ഇന്ത്യയിൽ നിന്ന് കുരുമുളക്, തുണിത്തരങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ, ഇഞ്ചി, തേങ്ങ, കരിമ്പ്, ചായം(Indigo)എന്നിവ കടൽമാർഗ്ഗത്തിലൂടെയും, കരമാർഗ്ഗത്തിലൂടെയും കയറ്റുമതി ചെയ്തു അയച്ചിരുന്നു. ഇവ പ്രധാനപ്പെട്ട മൂന്ന് വാണിജ്യമാർഗ്ഗങ്ങൾ മൂലം നടന്നിരുന്നു. അവ.

### വാണിജ്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട പ്രധാന മാർഗ്ഗങ്ങൾ

1. കരിങ്കടൽ തീരം വഴിയും, അഫ്ഗാനിസ്ഥാൻ, മദ്ധ്യേഷ്യ കാസ്പിയൻ കടൽ വഴിയും

2. യൂറോപ്പിലെ മെഡിറ്ററേനിയൻ തീരത്തുള്ള അലക്സാട്രിയ തുറമുഖത്തിലൂടെ പേർഷ്യ, സിറിയ എന്നിവിടങ്ങളിൽ കൂടിയും.

3. അറേബ്യൻ കടൽ, പേർഷ്യൻ ഉൾക്കടൽ, ചെങ്കടൽ എന്നിവിടങ്ങളിലൂടെയും.

എന്നാൽ ക്രി.പി.1453-ൽ ഓട്ടോമൻ തുർക്കികൾ കാൺസ്റ്റാന്റിനോപ്പിളിനെ പിടിച്ചെടുത്തിട്ട് യൂറോപ്യൻ കച്ചവടക്കാരെ അതുവഴി കച്ചവടം നടത്തുന്നതിന് അനുവദിച്ചില്ല. മാത്രമല്ല അഫ്ഗാനിസ്ഥാനിലൂടെയുള്ള അവരുടെ കരമാർഗ്ഗ വാണിജ്യത്തേയും തടസ്സപ്പെടുത്തി. ക്രി.പി. 8-ാം നൂറ്റാണ്ടിലുണ്ടായ അറബികളുടെ ആക്രമണം മറ്റു രണ്ടു വാണിജ്യ മാർഗ്ഗങ്ങളെ കൂടി അടച്ചു. അതിനാൽ യൂറോപ്യന്മാർക്കു ഇന്ത്യയിലേയ്ക്ക് വരുന്നതിനു പുതിയ കടൽ മാർഗ്ഗം കണ്ടുപിടിക്കേണ്ടതായി വന്നു.

### പോർച്ചുഗീസുകാർ

ഇന്ത്യയിലേയ്ക്കു ആദ്യമായി ഒരു കടൽ മാർഗ്ഗം കണ്ടുപിടിച്ചത് പോർച്ചുഗീസുകാരാണ്. പോർച്ചുഗലിലെ ഹെൻട്രി രാജകുമാരൻ നാവികന്മാർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി ഒരു നാവിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിച്ചു. നാവിക മേഖലയിൽ അദ്ദേഹത്തിന്റെ താൽപര്യവും പ്രോത്സാഹനവും കൊണ്ട് ഹെൻട്രി രാജകുമാരനെ നാവികനായഹെൻട്രി എന്നു വിളിക്കുന്നു.

### ബർത്തലോമിയോഡയസ്

ക്രി.പി. 1487-ൽ ബർത്തലോമിയോഡയസ് എന്ന പോർച്ചുഗീസ് നാവികൻ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തിലൂടെ യാത്ര ചെയ്ത് ആഫ്രിക്കയുടെ തെക്കേ മുനമ്പിലെത്തി ചേർന്നു. അതിശക്തമായ കൊടുങ്കാറ്റിനാൽ അദ്ദേഹത്തിന് യാത്ര തുടരാൻ കഴിഞ്ഞില്ല. അതിനാൽ ഈ മുനമ്പിന് കൊടുങ്കാറ്റ് മുനമ്പ് എന്ന് പേരിട്ടു. ഈ കടൽ യാത്ര നാവികന്മാർക്ക് പ്രതീക്ഷ നൽകിയതിനാൽ ഈ മുനമ്പിന് സുപ്രതീക്ഷാമുനമ്പ് അഥവാ "സുപ്രതീക്ഷാ മുനമ്പ്" എന്ന് പേരിട്ടു.

### വാസ്കോഡ ഗാമ

പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമാ സുപ്രതീക്ഷാ മുനമ്പ് കടന്ന് ക്രി.പി. 1498 മേയ് 27-ാം

തിയതി ഇന്ത്യയുടെ പടിഞ്ഞാറേ തീരത്തുള്ള കോഴിക്കോട്(കള്ളിക്കോട്ട) എന്ന സ്ഥലത്തു വന്ന് കപ്പലിറങ്ങി. അന്നത്തെ കോഴിക്കോട് രാജാവായിരുന്ന സാമൂതിരി ഗാമയെ സന്തോഷത്തോടെ സ്വീകരിച്ചു. പോർട്ടുഗീസുകാർക്ക് ഇന്ത്യയിൽ വാണിജ്യം നടത്താനുള്ള അനുമതി നൽകി. പിന്നീട് 1501-ൽ പേർച്ചുഗീസുകാർ പടിഞ്ഞാറെ കടൽ തീരത്തുള്ള കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിൽ അവരുടെ ഫാക്ടറികൾ സ്ഥാപിച്ച് വാണിജ്യം നടത്തിയിരുന്നു.

### ഫ്രാൻസിസ്കോ -ഡി-അൽമേഡാ (ക്രി.പി. 1505-ക്രി.പി.1509)

ഫ്രാൻസിസ്കോ-ഡി-അൽമേഡാ ഇന്ത്യയിലെ പോർച്ചുഗീസു പ്രദേശങ്ങളുടെ ആദ്യത്തെ ഗവർണറായി. പോർച്ചു ഗീസുകാരുടെ നാവിക ശക്തി ഇന്ത്യയിൽ വർദ്ധിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ഇന്ത്യൻ മഹാ സമുദ്രത്തിൽ പോർച്ചുഗീസു കാരുടെ നാവികശക്തി വികസിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹം നടത്തിയ പരിശ്രമത്തെ നീലജലപദ്ധതി എന്നു പറയുന്നു. ക്രി.പി. 1509-ൽ ഈജിപ്റ്റുകാർ അൽമേഡായെ പരാജയപ്പെടുത്തി വധിക്കുക യും ചെയ്തു.

### അൽഫോൺസാ ഡി. അൽബുക്കർക്ക് (ക്രി.പി. 1509 ക്രി.പി.1515)

അൽമേഡയ്ക്കു ശേഷം ഇന്ത്യയിൽ പോർച്ചുഗീസ് പ്രദേശങ്ങളുടെ രണ്ടാമത്തെ ഗവർണറായി വന്നത് അൽബുക്കർക്ക് ഇദ്ദേഹം ഒരു നല്ല യുദ്ധവീരനായിരുന്നു. ക്രി.പി. 1510-ൽ ബീജപ്പൂർ സുൽത്താന്റെ കൈയ്യിൽ നിന്ന് ഗോവയെ പിടിച്ചെടുത്ത് അതിനെ ഇന്ത്യയിൽ പോർച്ചുഗീ സുകാരുടെ തലസ്ഥാന മാക്കി. വിജയ നഗര സാമ്രാജ്യവുമായുള്ള ബന്ധം ശക്തിപ്പെടുത്തി. 1511, വിദൂര കിഴക്കൻ പ്രദേശത്തുള്ള മലാക്കായെ പിടിച്ചെടുത്തു. 1515-ൽ പേർഷ്യൻ ഉൽക്കടലിൽ ഓർമസ് തുറമുഖം നിർമ്മിയ്ക്കപ്പെട്ടു. ഇദ്ദേഹമാണ് ഇന്ത്യയിൽ പോർച്ചു ഗീസുകാർ ആധിപത്യം യഥാർത്ഥ ത്തിൽ ഏർപ്പെടുത്തിയ ആൾ ഇദ്ദേഹം നല്ലൊരു ഭരണാധികാരിയായിരുന്നു. ഹിന്ദുക്കളോട് പ്രത്യേക താല്പര്യം കാണിക്കുകയും, അവരുടെ വിദ്യാ ഭ്യാസ പുരോഗതിയ്ക്കു വേണ്ടി നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എങ്കിലും തന്റെ മതപരമായ നയത്താൽ മുസ്ലീങ്ങളിൽ അതൃപ്തി ഉണ്ടാക്കി. ഇന്ത്യാക്കാരും പോർച്ചുഗീസുകാരും തമ്മിലുള്ള വിവാഹ ബന്ധത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ക്രി.പി. 1515-ൽ ഗോവയിൽ വച്ച് അദ്ദേഹം മരണമടഞ്ഞു. അതിനുശേഷം പോർച്ചുഗീസു കാർ ഗോവ, ഡ്യൂ, ഡാമൻ, സാൾസെറ്റ്, ബസീൻ, മുംബൈ, സിലോൺ, ഹൂഗ്ളി എന്നീ പ്രദേശങ്ങളെ പോർച്ചുഗീസുകാർ അധീനപ്പെടുത്തി ഏകദേശം ഒരു നൂറ്റാണ്ട് കാലത്തിനു ശേഷം ഇന്ത്യയിൽ പോർച്ചുഗീസ് അധികാരം അധഃപ തിച്ചു.

### ഇന്ത്യയിൽ പോർച്ചുഗീസുകാരുടെ അധഃപതനത്തിനുള്ള കാരണങ്ങൾ.

അൽബുക്കാർക്കിന്റെ പിൻഗാമികൾപ്രബലന്മാരായിരുന്നില്ല. അവർക്ക് ഇന്ത്യയിൽ ശക്തമായ ഒരു സാമ്രാജ്യത്തെ നിലനിർത്തുന്നതിനു കഴിഞ്ഞില്ല. പോർച്ചുഗീസുകാർ ഇന്ത്യൻ കച്ചവടക്കാരെ കടലിൽ വച്ചു കൊള്ളയടിച്ചു. അവർ ഇന്ത്യാക്കാരെ ക്രിസ്തുമതം

സ്വീകരിക്കുന്നതിനു നിർബന്ധിച്ചു. ഇന്ത്യയിലെ പല ക്ഷേത്രങ്ങളെയും അവർ നശിപ്പിച്ചു. അവരുടെ മതനയം മുസ്ലീങ്ങളുടെ ശത്രുതയ്ക്ക് കാരണമായി. അവർക്ക് ഇന്ത്യയിൽ ഹിന്ദു രാഷ്ട്രമായ വിജയനഗര സാമ്രാജ്യത്തോടു മാത്രമേ ബന്ധമുണ്ടായിരുന്നുള്ളു. എന്നാൽ ക്രി.പി. 1565-ൽ തളിക്കോട്ട യുദ്ധത്തിൽ വിജയനഗര സാമ്രാജ്യം അധഃപതിച്ചതോടുകൂടി ഇന്ത്യയിൽ പോർച്ചു ഗീസുകാരുടെ നിലനില്പ് അസാദ്ധ്യമായി. ക്രി.പി. 1580-ൽ പോർച്ചുഗൽ സ്പെയിൻ കാരുടെ ആധിപത്യത്തിൻ കീഴിൽ വന്നു. ഡച്ചുകാരുടെയും, ഇംഗ്ലീഷു കാരുടെയും ആഗമനം ഇന്ത്യയിൽ പോർച്ചഗീസ് ആധിപത്യം ക്ഷയിക്കു ന്നതിന് കാരണമായി.

## ഡച്ചുകാർ

പോർച്ചുഗീസുകാർക്കു ശേഷം ഡച്ചുകാർ ഇന്ത്യയിൽ വന്നു. ഇവർ ഹോളണ്ടിലെ ജനങ്ങളാണ്. ക്രി.പി. 1602-ൽ അവർ ഡച്ചു ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ച് കിഴക്കൻ നാടുക ളുമായി വാണിജ്യ ബന്ധം സ്ഥാപിച്ച് കിഴക്കൻ നാടുകളുമായി വാണിജ്യ ബന്ധം സ്ഥാപിച്ചു. തെക്ക് കിഴക്കൻ ഏഷ്യയിലുള്ള **സ്പൈസ് ദ്വീപുകൾ** എന്നറിയപ്പെടുന്ന പ്രദേശങ്ങളിൽ തങ്ങളുടെ ശ്രദ്ധചെലുത്തി. ഇന്ത്യയിൽ ചിൻസുറ, നാഗപ്പട്ടണം, സൂററ്റ്, മസൂലിപ്പട്ടണം എന്നിവിടങ്ങളിൽ അവരുടെ വാണിജ്യ കേന്ദ്രങ്ങൾ ഏർപ്പെടുത്തി. ക്രി.പി. 1610-ൽ ചെന്നൈയുടെ സമീപം **പുലിക്കാട്** എന്ന സ്ഥലത്ത് അവർ ഒരു കോട്ട നിർമ്മിച്ചു. കൂടാതെ സൂററ്റ്, ബ്രോച്ച്, ക്യാംബെ, അഹമ്മദാബാദ്. പാട്ന കാസിംബസാർ എന്നിവിടങ്ങളിലും അവർ വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

## അംബോയ്നാ കൂട്ടക്കൊല

ഈ സന്ദർഭത്തിൽ ബ്രിട്ടീഷു കാരും, ഇന്ത്യയുമായി വാണിജ്യ ബന്ധം പുലർത്താൻ ആഗ്രഹിച്ചു. എന്നാൽ ഡച്ചുകാർക്ക് ഇഷ്ടപ്പെട്ടില്ല. അതിനാൽ ക്രി.പി. 1623-ൽ ഡച്ചുകാർ ബ്രിട്ടീഷ് കച്ചവടക്കാരെ അംബോയ്നാ എന്ന സ്ഥലത്തുവച്ച് കൂട്ടകൊല ചെയതു. ഇതിന് **അംബോയ്നാ** കൂട്ടക്കൊല എന്നു പറയുന്നു. ഈ സംഭവം ബ്രിട്ടീഷുകാർക്കും, ഡച്ചു കാർക്കുമിടയിൽ ഉള്ള ശത്രുത വർദ്ധിക്കുന്നതിനു കാരണമായി. അതിനാൽ ഇംഗ്ലീഷുകാർ സ്പൈസ് ദ്വീപുകളെ വിട്ടിട്ട് അവരുടെ ശ്രദ്ധയെ ഇന്ത്യയിലേയ്ക്ക് തിരിച്ചുവിട്ടു.

ഇന്ത്യയിൽ ബ്രിട്ടീഷുകാർ ഡച്ചുകാർക്കെതിരായി വാണിജ്യ നടപടികളിൽ ഏർപ്പെട്ടു. 1759 ഡച്ചുകാ രിൽ നിന്നും സിൻസുറ പിടിച്ചെടുക്കു കയും പിന്നീട് നാഗപട്ടണം പിടിച്ചെടു ക്കുകയും ചെയ്തു. ഇവരോട് മത്സരിക്കാൻ സാധിക്കാതെ ഡച്ചുകാർ തങ്ങളുടെ വാണിജ്യ കേന്ദ്രങ്ങളെ ബ്രിട്ടീഷുകാർക്ക് വിറ്റശേഷം ഇന്ത്യയിൽ നിന്നു പോയി.

## ബ്രിട്ടീഷുകാർ

ക്രി.പി. 1588-ൽ ബ്രിട്ടീഷുകാർ ലോകത്തിലെ ഏറ്റവും വലിയ യുദ്ധക്കപ്പലായ **"സ്പാനിയാ ആർമഡായെ"** തോൽപിച്ച് യൂറോപ്പിലെ ഏറ്റവും വലിയ നാവിക ശക്തിയായി മാറി. അതിനുശേഷം കിഴക്കൻ രാജ്യങ്ങളിൽ തങ്ങളുടെ കോളനികൾ ഏർപ്പെടുത്താൻ ആഗ്രഹിച്ചു. അതിനുവേണ്ടി ക്രി.പി. 1600 ഡിസംബർ 31-ാം തിയതി എലിസബത്ത് മഹാറാണി വാണിജ്യം ചെയ്യുന്നതിന് അനുമതി നൽകി. ക്രി.പി. 1608-ൽ ഇംഗ്ലണ്ടിലെ

ജയിംസ് ഒന്നാമൻ വില്യം ഹാക്കിൻസ് എന്നയാളെ ഇന്ത്യയുമായി കച്ചവടാനുമതി വാങ്ങുന്നതിനുവേണ്ടി മുഗൾ ചക്രവർത്തിയായ ജഹാംഗീറിന്റെ രാജസദസ്സിലേക്കയച്ചു. എന്നാൽ ജഹാംഗീർചക്രവർത്തിക്ക് പോർച്ചുഗീസുകാരോടുള്ള താല്പര്യം കാരണം അവർക്ക് വാണിജ്യാനുമതി നൽകിയില്ല. ക്രി.പി. 1615-ൽ സർതോമസ് റോ എന്നയാൾ ജഹാംഗീറിന്റെ രാജസദസ്സിലെത്തി വാണിജ്യാനുമതി നേടി. അങ്ങനെ ആഗ്ര, ബ്രോച്ച്, അഹമ്മദാബാദ് എന്നിവിടങ്ങളിൽ ബ്രിട്ടീഷുകാർ വാണിജ്യകേന്ദ്രങ്ങൾ ഏർപ്പെടുത്തി. ക്രി.പി. 1639-ൽ ഫ്രാൻസിസ് ഡേ എന്ന ഇംഗ്ലീഷ് വ്യാപാരി ചന്ദ്രഗിരി രാജാവിന്റെ പക്കൽ നിന്ന് മദ്രാസ് പ്രദേശത്തെ വിലയ്ക്കു വാങ്ങി ക്രി.പി. 1640-ൽ അവിടെ സെന്റ് ജോർജ് കോട്ട നിർമ്മിച്ചു. ബ്രട്ടീഷു രാജാവായ ചാൾസ് രണ്ടാമൻ പോർച്ചുഗൽ രാജകുമാരിയെ വിവാഹം കഴിച്ചതിനാൽ മുംബൈ അവർക്ക് സ്ത്രീധനമായി ലഭിച്ചു. ക്രി.പി. 1668-ൽ ചാൾസ് രണ്ടാമൻ മുംബൈ നഗരത്തെ 10 പൗണ്ട് വാടകയ്ക്ക് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കു നൽകി. ക്രി.പി. 1699-ൽ മുഗൾ ചക്രവർത്തി ഔറംഗസീബിൽ നിന്ന് അനുമതി വാങ്ങി കൊൽക്കത്തയിൽ ഒരു ഫാക്ടറി സ്ഥാപിച്ചു. പിന്നീട് അവിടെ വില്യം മൂന്നാമൻ രാജാവ് വില്യംകോട്ട നിർമ്മിച്ചു.

പിന്നീട് ബ്രിട്ടീഷുകാർ ഹരിഹർപൂർ, ബാലസോർ, ഹൂഗ്ളി, കാസിംബസാർ എന്നിവിടങ്ങളിലും വ്യാപാര കേന്ദ്രങ്ങൾ ഏർപ്പെടുത്തി. ബ്രിട്ടീഷുകാരുടെ വ്യാപാരം വളരെ വേഗം വളർച്ച പ്രാപിച്ചു. ഇത് ഇന്ത്യയുടെ മേൽ അവരുടെ അധികാരം ഏർപ്പെടുത്തുന്നതിനും വഴി തെളിയിച്ചു. ക്രി.പി. 1858-ൽ ഇന്ത്യയുടെ ഭരണം ബ്രിട്ടീഷു

ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്നു ബ്രിട്ടീഷുരാജ്ഞിയുടെ നേരിട്ടുള്ള ഭരണത്തിൽ കീഴിൽ കൊണ്ടു വരപ്പെട്ടു.


### ഡാനിഷുകാർ

ഡൻമാർക്കിലെ ജനങ്ങളാണ് ഡാനിഷുകാർ എന്നറിയപ്പെടുന്നത്. അവർ ഇന്ത്യയുമായി കച്ചവടബന്ധം സ്ഥാപിച്ചു. ക്രി.പി. 1620-ൽ അവർ തരംഗംപാടിയിൽ ഒരു കച്ചവടകേന്ദ്രം സ്ഥാപിച്ചു. ക്രി.പി. 1676-ൽ ബംഗാളിലുള്ള സിറാംപൂർ എന്ന സ്ഥലത്ത് ഒരു കച്ചവട കേന്ദ്രം ഏർപ്പെടുത്തി. എന്നാൽ അവരുടെ ശ്രദ്ധ ഇന്ത്യയിൽ കേന്ദ്രീകരിച്ചില്ല. അവർ സ്ഥാപിച്ച കച്ചവട കേന്ദ്രങ്ങളെ ബ്രിട്ടീഷുകാർക്ക് കൊടുത്തിട്ട് ഇന്ത്യവിട്ടുപോയി.

### ഫ്രഞ്ചുകാർ

മറ്റു രാജ്യങ്ങളെ പോലെ ഫ്രഞ്ചുകാരും ഇന്ത്യയിൽ വാണിജ്യകേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിന് ആഗ്രഹിച്ചു. ഫ്രാൻസിലെ രാജാവായ ലൂയി പതിനാലാമന്റെ പ്രധാന മന്ത്രിയായ കാൽബർട്ട് ക്രി.പി. 1664-ൽ ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാ പിച്ചു. ക്രി.പി. 1668-ൽ സൂററ്റിലും , ക്രി.പി. 1669-ൽ മസൂലിപ്പട്ടണത്തിലും ഫ്രഞ്ചുകാർ വാണിജ്യകേന്ദ്രങ്ങൾ ഏർപ്പെടുത്തി. ക്രി.പി. 1674-ൽ തഞ്ചാവൂർ ഭരണാധികാരിയിൽ നിന്നും പോണ്ടിച്ചേരിയെ പിടിച്ചെടുക്കുകയും അതിനെ ഇന്ത്യയിലെ ഫ്രഞ്ചുപ്രദേശങ്ങളുടെ തലസ്ഥാന മാക്കുകയും ചെയ്തു. ക്രി.പി.1690-ൽ ചന്ദ്രനാഗൂർ എന്ന സ്ഥലത്ത് ഫ്രഞ്ചുകാർ തങ്ങ ളുടെ ആധിപത്യം ഏർപ്പെടുത്തി. ക്രി.പി. 1725-ൽ മാഹിയും 1739-ൽ കാരയ്ക്കാലും ഫ്രഞ്ചുകാർക്കു ലഭിച്ചു. ക്രി.പി. 1742-ൽ ഡ്യൂപ്ലേ ഇന്ത്യയുടെ

## ഇന്ത്യയിൽ യൂറോപ്യൻ കുടിയേറ്റ രാജ്യങ്ങൾ പോർച്ചുഗീസുകാർ ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഡാനിഷുകാർ, ഫ്രഞ്ചുകാർ.




സാമൂഹ്യശാസ്ത്രം

ഫ്രഞ്ച് പ്രദേശങ്ങളുടെ ഗവർണറായി വന്നു. അദ്ദേഹത്തിന്റെ കീഴിൽ ഫ്രഞ്ചുകാരുടെ ശക്തി ഇന്ത്യയിൽ വർദ്ധിച്ചു. ഈ സന്ദർഭത്തിൽ ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കു തമ്മിൽ അധികാര മത്സരമുണ്ടായി. അവർക്കിടയിലുള്ള വാണിജ്യ മത്സരങ്ങൾ കർണ്ണാടക യുദ്ധങ്ങൾക്ക് കാരണമായി . ഈ യുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ വിജയിക്കുകയും ഫ്രഞ്ചുകാർ ഇന്ത്യവിട്ട് പോവുകയും ചെയ്തു.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ക്രി.പി. 1453-ൽ തുർക്കികൾ പിടിച്ചടക്കിയ വ്യാപാര കേന്ദ്രം

    അ. അഫ്ഗാനിസ്ഥാൻ ആ, കോൺസ്റ്റോന്റിനോപ്പിൾ
    ഇ. ബലൂചിസ്ഥാൻ

2. ഇന്ത്യയിലെ പോർച്ചുഗീസ് പ്രദേശങ്ങളുടെ ആദ്യത്തെ ഗവർണർ

    അ. ഫ്രാൻസിസ് കോ-ഡി-അൽമേഡാ

    അ.അൽഫോൻസോ-ഡി-അൽബുക്കർക്ക്

    ഇ. ബർത്തലോമിയോഡയസ്

3. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി സ്ഥാപിച്ചത്______ലാണ്.

    അ. ക്രി.പി. 1600 ആ, ക്രി.പി. 1644 ഇ, ക്രി.പി. 1664

4. ഇന്ത്യയിൽ ഫ്രഞ്ച് പ്രദേശങ്ങളുടെ ആസ്ഥാനം

    അ. ചന്ദ്രനാഗൂർ ആ, പോണ്ടിച്ചേരി ഇ, മാഹി

### II. പൂരിപ്പിക്കുക

1. പോർച്ചുഗീസുകാർ ___________സുൽത്താന്റെ കൈയ്യിൽ നിന്നും ഗോവയെ പിടിച്ചെടുത്തു.
2. വില്യംഹാക്കിൻസ് _______എന്ന മുഗൾ ചക്രവർത്തിയുടെ രാജസദസ്സിൽ വന്നു.
3 ________വർഷത്തിൽ സർതോമസ്റോ ഇന്ത്യയിൽ വന്നു.
4. ക്രി.പി.1742-ൽ ഇന്ത്യയിലെ ഫ്രഞ്ച് പ്രദേശങ്ങളുടെ ഗവർണറായി വന്ന ആൾ____.

### III. യോജിപ്പിക്കുക.

| | | |
|---|---|---|
| 1. വാസ്കോഡഗാമ | - | ഇംഗ്ലണ്ട് |
| 2. മാഹി | - | ഫ്രഞ്ചുകുടിയേറ്റം |
| 3. സ്പൈസ്ദ്വീപുകൾ | - | പോർച്ചുഗീസ് നാവികൻ |
| 4. ജയിംസ് ഒന്നാമൻ രാജാവ് | - | പൂർവ്വേന്ത്യൻ ദ്വീപുകൾ |

IV.ഒറ്റവാക്കിലുത്തരമെഴുതുക

1. ഫ്രഞ്ചു ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിതമായതെപ്പോൾ ?

2. ഫ്രാൻസിസ്ഡേ ആരാണ് ?

3. സെന്റ് ജോർജ് കോട്ട എവിടെയാണ് സ്ഥിതി ചെയ്യുന്നത് ?

4. സുപ്രതീക്ഷ മുനമ്പ് ഏതു ഭൂഖണ്ഡത്തിലാണ് ?

V. ചുരുക്കി ഉത്തരമെഴുതുക.

1. ഇന്ത്യയിൽ പോർച്ചുഗീസ് ആധിപത്യം തകരുന്നതിനുള്ള കാരണങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തെ കുറിപ്പിടുക.

2. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്ക് മുംബൈ ലഭിച്ചത് എങ്ങനെ ?

3. ഇന്ത്യയിൽ ഫ്രഞ്ച്കാരുടെ വാണിജ്യകേന്ദ്രങ്ങൾ ഏതെല്ലാം ?

4. അൽഫോൻസാ -ഡി-അൽബുക്കർക്കിനെകുറിച്ച് കുറിപ്പെഴുതുക.

VI. വിശദീകരിക്കുക

1. ഇന്ത്യയിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തെക്കുറിച്ച് വിവരിക്കുക.

2. ഇന്ത്യയിൽ ഡച്ചുകാരുടെയും , ഫ്രഞ്ചുകാരുടെയും വാണിജ്യകേന്ദ്രങ്ങളെ കുറിച്ചും അവ എപ്രകാരം സ്ഥാപിക്കപ്പെട്ടു എന്നതിനെ കുറിച്ചും വിവരിക്കുക.

VII.പ്രായോഗികാഭ്യാസം

1. കൊടുക്കപ്പെട്ടിട്ടുള്ള ഇന്ത്യാഭൂപടത്തിൽ പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ ഇംഗ്ലീഷുകാർ എന്നിവരുടെ കുടിയേറ്റങ്ങളെ കുറിപ്പിടുക.

2. സെന്റ് ജോർജ് കോട്ട സന്ദർശിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. ലോകഭൂപടം
   a) 17, 18 നൂറ്റാുകളിൽ ഇന്ത്യയുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്ന രാജ്യങ്ങൾ അടയാളപ്പെടുത്തുക.
   b) യൂറോപ്യൻ നാവികരുടെ സമുദ്രമാർഗങ്ങളെ കുറിക്കുക
2. ഇന്ത്യയിൽ ബ്രിട്ടീഷുകാർ നിർമ്മിച്ച ഏതെങ്കിലും 5 കോട്ടകളുടെ ചിത്രങ്ങൾ ശേഖരിച്ച് അവയെക്കുറിച്ച് എഴുതുക.

# 4. ആംഗ്ലോ - ഫ്രഞ്ച് അധികാര മത്സരം കർണ്ണാടക യുദ്ധങ്ങൾ

ഇംഗ്ലീഷ്, ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനികൾ സ്ഥാപിയ്ക്കപ്പെട്ടത് ഇന്ത്യയുമായി വാണിജ്യ ബന്ധം പുലർത്തുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ കാലക്രമേണ ഇവർ തമ്മിൽ മത്സരങ്ങൾ ഉണ്ടാവുകയും ശത്രുതയിൽ കലാശിക്കുകയും ചെയ്തു. ഒരു രാജ്യം മറ്റേ രാജ്യത്തെ ഇന്ത്യ യിൽ നിന്ന് ഓടിക്കുന്നതിനുള്ള ശ്രമ ങ്ങൾ നടത്തി. അവരുടെ വാണിജ്യ ലക്ഷ്യങ്ങൾ രാഷ്ട്രീയമായി പരിണമിച്ചു. ഇന്ത്യൻ നാട്ടുരാജാക്കന്മാരുടെ ഇടയിൽ നിലനിന്നിരുന്ന ശത്രുതയെ കണക്കിലെടുത്ത് ഇംഗ്ലീ ഷുകാരും, ഫ്രഞ്ചുകാരും അവരുടെ ആധിപത്യത്തെ ഇന്ത്യയിൽ ഏർപ്പെടുത്തുന്നതിന് പരിശ്രമിച്ചു. ക്രി.പി. 1740 നും ക്രി.പി. 1763നും ഇടയിൽ ഫ്രഞ്ചുകാർക്കും ബ്രിട്ടീഷുകാർക്കും ഇടയിലുണ്ടായിരുന്ന മത്സരം ഇന്ത്യയിൽ മൂന്ന് യുദ്ധങ്ങൾക്ക് കാരണമായി. ഈ യുദ്ധങ്ങൾ കർണ്ണാടക പ്രദേശത്ത് നടന്നതിനാൽ ഇവയെ കർണ്ണാടക യുദ്ധങ്ങൾ എന്നു പറയുന്നു. കർണ്ണാടകം നൈസാമിന്റെ കീഴിലുള്ള ഒരു മുഗൾ പ്രദേശമായിരുന്നു. ഇതിനെ ഭരിച്ചിരുന്നത് കർണ്ണാടക നവാബായിരുന്ന അൻവറുദ്ദീൻ ആയിരുന്നു. അദ്ദേഹം ഒരു സ്വതന്ത്രനായ രാജാവായിരുന്നു. ആർക്കാട് കർണ്ണാടകയുടെ തലസ്ഥാനമായിരുന്നു. ഫ്രഞ്ചുകാരും, ബ്രിട്ടീഷുകാരും ആർക്കാടിനെ മുൻനിർത്തി അവരുടെ അധികാരം ആർക്കാടിൽ ഏർപ്പെടുത്താൻ ശ്രമിച്ചു. മത്സരം ഒഴിവാക്കാൻ സാധിച്ചില്ല. 1763 ഫ്രഞ്ചുകാരെ ഇന്ത്യയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ട് അവരുടെ ആധിപത്യം കർണ്ണാടകയിൽ ഏർപ്പെടുത്തി.

## ഒന്നാം കർണ്ണാടക യുദ്ധം (ക്രി.പി. 1746-ക്രി.പി.1748)

### കാരണങ്ങൾ

യൂറോപ്പിൽ നടന്ന ആസ്ട്രിയൻ പിൻ തുടർച്ചാവകാശയുദ്ധത്തിന്റെ പ്രതിഫലനമാണ് ഇന്ത്യയിൽ ഒന്നാം കർണ്ണാടകയുദ്ധം. ഈ യുദ്ധത്തിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും എതിർ ചേരികളായിരുന്നു.പോണ്ടിച്ചേരിയിലെ ഫ്രഞ്ച് ഗവർണറായ ഡ്യൂപ്ളേ ഇന്ത്യയിൽ ഫ്രഞ്ച് അധികാരം സ്ഥാപിക്കുന്നതിന് ആഗ്രഹിച്ചു. ഇത് യുദ്ധത്തിന് തുടക്കമിട്ടു.

### സംഭവങ്ങൾ

ഡ്യൂപ്ളെ ദക്ഷിണേന്ത്യയിൽ തങ്ങളുടെ അധികാരം സ്ഥാപിക്കാൻ ആഗ്രഹിച്ചു. യൂറോപ്പിൽ യുദ്ധം ആരംഭിച്ചപ്പോൾ ഡ്യൂപ്ളേ മൗറീഷ്യസിലെ ഗവർണറായിരുന്നു. ലാബോർഡോണൈസിനെ മദ്രാസിനെ പിടിച്ചെടുക്കുന്നതിനു വേണ്ടി അയച്ചു. ക്രി.പി. 1746-ൽ അദ്ദേഹം മദ്രാസിനെ പിടിച്ചെടുത്തു.കർണ്ണാടകയിലെ നവാബായ അൻവറുദ്ദീന് ഈ പ്രവൃത്തി ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അദ്ദേഹം ഫ്രഞ്ചു കാർക്കെതിരെ ഒരു സൈന്യത്തെയച്ചു അടയാർ നദീ തീരത്തുള്ള സാന്തോം എന്ന സ്ഥലത്തു വച്ച് അൻവറുദ്ദീന്റെ സൈന്യം പരാജയപ്പെട്ടു. ഡ്യൂപ്ളേ ബ്രിട്ടീഷു കാരുടെ കൈയ്യിൽ നിന്ന് ഡേവിഡ് കോട്ടയെ പിടിച്ചെടുക്കാൻ ശ്രമിച്ചു. എന്നാൽ ആ ശ്രമം പരാജയപ്പെട്ടു. പിന്നീട് ഇംഗ്ലീഷുകാർ പോണ്ടിച്ചേരിയെ ആക്രമിച്ചു. എന്നാൽ

ഫ്രഞ്ചുകാർ അതിനെ സംരക്ഷിച്ചു. ക്രി.പി. 1748-ൽയൂറോപ്പിൽ ആസ്ത്രിയൻ പിൻ തുടർച്ചാവകാശ യുദ്ധം അവസാനിച്ചു. അതിനാൽ ഇന്ത്യയിൽ കർണാടക യുദ്ധവും അവസാനിച്ചു .

### ഫലങ്ങൾ

ഒന്നാം കർണ്ണാടകയുദ്ധം ഐലാ-ഷപ്പേൽ (1748) ഉടമ്പടി പ്രകാരം അവസാനിച്ചു. ഈ ഉടമ്പടി പ്രകാരം ഇംഗ്ലീഷുകാർക്ക് ചെന്നൈ തിരിച്ചു കിട്ടി.

## രണ്ടാം കർണ്ണാടക യുദ്ധം (ക്രി.പി. 1748-ക്രി.പി.1754)

### കാരണങ്ങൾ

രണ്ടാം കർണാടക യുദ്ധത്തി ന്റെ മുഖ്യകാരണം ഹൈദ്രാബാദിലെ നിസാംപദവിക്കും കർണ്ണാടകയിലെ നവാബ് പദവിക്കും വേണ്ടി നടത്തിയ അവകാശ തർക്കങ്ങൾ ആയിരുന്നു. ക്രി.പി.1748-ൽ ഹൈദ്രാബാദ് നിസാമായ അസഫ്ഷാ മരണമടഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ പുത്രനായ നാസിർജംഗിനും പൗത്രനായ മുസഫർജംഗിനും ഇടയിൽ അവകാശമത്സരമുണ്ടായി. ഇതേ കാലയളവിൽ തന്നെകർണ്ണാടക നവാബായ ദോസ്ത് അലി മരണ മടഞ്ഞപ്പോൾ അവിടത്തെ നവാബ് പദവിക്കുവേണ്ടി അൻവറുദ്ദീനും അദ്ദേഹത്തിന്റെ മരുമകനായ ചന്ദാ സാഹിബിനു മിടയിൽ അവകാശ തർക്കമുണ്ടായി. ഫ്രഞ്ചുകാർ മുസഫർ ജംഗിനേയും ചന്ദാസാഹിബിനേയും സഹായിച്ചു. അതിനാൽ നാസിർ ജംഗും അൻവറുദ്ദീനും ബ്രിട്ടീഷുകാ രുടെ സഹായം തേടി. ഇങ്ങനെ ക്രി.പി.1748-ൽയുദ്ധം പൊട്ടിപുറപ്പെട്ടു.

### സംഭവങ്ങൾ


ഫ്രഞ്ചുകാരുടെ സഹായത്തോടെ ക്രി.പി. 1749-ൽ മുസഫർ ജംഗും ചന്ദാസാഹിബും അൻവറുദ്ദീനെ ആംപൂർ എന്ന സ്ഥലത്തുവച്ച് യുദ്ധത്തി ൽ പരാജയപ്പെടുത്തുകയും കൊല്ലുക യും ചെയ്തു. എന്നാൽ അൻവരു ദ്ദീന്റെ പുത്രനായ മുഹമ്മദ് അലി തൃശ്ശിനാപള്ളിയിലേക്ക് ഓടി അഭയം പ്രാപിച്ചു. ചന്ദാസാഹിബ് കർണാട കയിലെ നവാബായി ഹൈദ്രാബാദിൽ നാസിർജംഗും, മുസഫർ ജംഗും കൊല്ലപ്പെട്ടു. ഫ്രഞ്ചുഗവർണറായ ജനറൽ ബുസി സലബത് ജംഗിനെ ഹൈദ്രാബാദിലെ നൈസാമാക്കി ഇതിന്റെ പ്രതിഫലമായി സലബത്ജംഗ് വടക്കൻ സർക്കാർ പ്രദേശത്തെ ഫ്രഞ്ചുകാർക്ക് നൽകി.

ഇംഗ്ലീഷുകാരുടെ നില വളരെ മോശമായിരുന്നു. ബ്രിട്ടീഷ് ഈസ്റ്റി ന്ത്യാ കമ്പനിയിലെ ഒരു ക്ലാർക്കാ യിരുന്ന റോബർട്ട് ക്ലൈവ് യുദ്ധത്തിന്റെ ഗതിയെ മാറ്റി. അദ്ദേഹം കർണ്ണാടക യുടെ തലസ്ഥാനമായ ആർക്കാടിനെ ആക്രമിച്ചു.അദ്ദേഹം ചന്ദാസാ ഹിബിനെ തോല്പിച്ച് മുഹമ്മദലിയെ ആർക്കാടിന്റെ നവാബാക്കി. അതി നാൽ ക്ലൈവിനെ ആർക്കാട് വീരൻ എന്ന് വിളിക്കപ്പെടുന്നു. ക്രി.പി. 1754 ൽ ഹ്യൂപ്ലെ തിരിച്ചു വിളിക്കപ്പെടുകയും തൽസ്ഥാനത്ത് ഗോഡ്ഹ്യൂ നിയമിത നാവുകയും ചെയ്തു.

### ഫലങ്ങൾ

രണ്ടാം കർണ്ണാടകയുദ്ധം ക്രി.പി. 1755-ൽ പോണ്ടിച്ചേരി ഉടമ്പടി പ്രകാരം അവസാനിച്ചു. ഈ ഉടമ്പടി പ്രകാരം ഇന്ത്യൻ നാട്ടു രാജാക്കന്മാരുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപ്പെടുകയില്ലാ എന്നും അവരിൽ നിന്നു പിടിച്ചെടുത്ത പ്രദേശങ്ങളെ അവർക്കുതന്നെ വിട്ടുകൊടുക്കുമെന്നും

# കർണ്ണാടക യുദ്ധങ്ങൾ



തീരുമാനിച്ചു. മുഹമ്മദ് അലിയെ കർണ്ണാടകയിലെ നവാബായി അംഗീകരിച്ചു.

### മൂന്നാം കർണ്ണാടക യുദ്ധം (ക്രി.പി. 1756-ക്രി.പി.1763)

### കാരണങ്ങൾ

ക്രി.പി. 1756-ൽ യൂറോപ്പിൽ നടന്ന സപ്തവത്സര യുദ്ധത്തിന്റെ (7 Years war) പ്രതിധ്വനിയാണ് ഇന്ത്യയിൽ മൂന്നാം കർണാടകയുദ്ധം.

### സംഭവങ്ങൾ

ഫ്രഞ്ച് ജനറൽ കൗണ്ട്-ഡി-ലാലി സെന്റ് ഡേവിഡ് കോട്ടയെ പിടിച്ചെടുത്തു. ഹൈദ്രാബാദിലെ ജനറൽ ബുസിയെ മദ്രാസ് ആക്രമിക്കണമെന്ന ഉദ്ദേശത്തോടെ ക്ഷണിച്ചു. എന്നാൽ ഇതൊരു വലിയ വിഡ്ഢിത്തമായിരുന്നു. ബുസി ഹൈദ്രാബാദ് വിട്ട ഉടൻ തന്നെ ഇംഗ്ലീഷുകാർ ഹൈദ്രാബാദിനെ കീഴടക്കി. എന്നാൽ ക്രി.പി. 1760-ൽ ബ്രിട്ടീഷ്ജനറലായ സർ അയർക്കൂട്ടിന്റെ നേതൃത്വത്തിലുള്ള സൈന്യം വാണ്ടിവാഷ് എന്ന സ്ഥലത്തുവച്ച് നടന്ന യുദ്ധത്തിൽ കൗണ്ട് -ഡി-ലാലിയേയും, ജനറൽ ബുസിയേയും തോൽപിച്ചു. ക്രി.പി. 1761-ൽ കൗ് - ഡി - ലാലി പോണ്ടിച്ചേരിയെ ബ്രിട്ടീഷുകാർക്ക് അടിയറവു വച്ചു.

### ഫലങ്ങൾ

ക്രി.പി. 1763-ൽ പാരീസ് ഉടമ്പടി പ്രകാരം മൂന്നാം കർണ്ണാടക യുദ്ധം അവസാനിച്ചു. ഇന്ത്യയിലെ ഫ്രഞ്ച് പ്രദേശങ്ങളായ പോണ്ടിച്ചരി, കരയ്ക്കാൽ, മാഹി, ചന്ദ്രനാഗൂർ എന്നീ പ്രദേശങ്ങളെ അവിടെ കോട്ട നിർമ്മിക്കരുതെന്ന നിബന്ധനയോടെ ഫ്രഞ്ചുകാർക്ക് തന്നെ തിരിച്ചു കൊടുത്തു. മൂന്നാം കർണ്ണാടകയുദ്ധം ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ പ്രശസ്തി നഷ്ടമാകുന്നതിനു കാരണമായി. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ അധികാരം വർദ്ധിച്ചു.

### ബ്രിട്ടീഷുകാർ വിജയിക്കുന്നതിനുള്ള കാരണങ്ങൾ.

ബ്രിട്ടീഷുകാരുടെ വിഭവശേഷിയും , നാവികശക്തിയും ഫ്രഞ്ചുകാരെക്കാൾ ഉയർന്നതായിരുന്നു. ബ്രിട്ടീഷു ഗവൺമെന്റ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കു സഹായം നൽകിയിരുന്നു. ഇംഗ്ലീഷ് സൈന്യാധിപന്മാർക്കിടയിൽ പരസ്പര ധാരണയും വിശ്വാസവുമുണ്ടായിരുന്നു. കൗണ്ട് - ഡി-ലാലി ചെയ്ത അബദ്ധം ബ്രിട്ടീഷുകാർക്ക് മദ്രാസ് പിടിച്ചെടുക്കുന്നതിന് സഹായകമായിരുന്നു. ഇംഗ്ലണ്ടിൽ സമാധാനം നിലനിന്നിരുന്നതിനാൽ അവർക്ക് ഇന്ത്യയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കാൻ സാധിച്ചു. എന്നാൽ ഫ്രഞ്ചുകാർ പല യൂറോപ്യൻ രാജ്യങ്ങളുമായി യുദ്ധങ്ങളിലേർപ്പെട്ടിരുന്നതിനാൽ അവർക്ക് ഇന്ത്യയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ കഴിഞ്ഞില്ല.

### ബംഗാളിലെബ്രിട്ടീഷ് അധികാരത്തിന്റെ വളർച്ച

മുഗൾ സാമ്രാജ്യത്തിന്റെ വളരെ സമൃദ്ധമായ പ്രദേശമായിരുന്നു ബംഗാൾ. ഈ പ്രദേശം അലീവർദ്ദിഖാന്റെ നേതൃത്വത്തിൽ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണശേഷം പൗത്രനായ സിറാജ്-ഉദ്-ദൗള ബംഗാളിലെ നവാബായി. അദ്ദേഹം അധികാരത്തിൽ വന്ന ഉടൻ ബംഗാളിലെ ഇംഗ്ലീഷുകാരുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടതായിവന്നു. അങ്ങനെ ക്രി.പി. 1757-ൽ പ്ളാസിയുദ്ധം നടന്നു.

## പ്ലാസിയുദ്ധം ക്രി.പി. 1757

### കാരണങ്ങൾ

ബംഗാളിൽ ബ്രിട്ടീഷുകാരും, ഫ്രഞ്ചുകാരും അവരുടെ കോട്ടനിർമ്മാണം തുടർന്നു ബംഗാൾ നവാബായ സിരാജ്-ഉദ്-ദൗള വില്യം കോട്ട പണി കഴിപ്പിയ്ക്കരുതെന്ന് ആജ്ഞാപിച്ചു. എന്നാൽ ഫ്രഞ്ചുകാർ അനുസരിക്കുകയും ബ്രിട്ടീഷുകാർ അതിനെ നിരസിക്കുകയും ചെയ്തു. മാത്രമല്ല അവർ അവരുടെ വാണിജ്യ ആനുകൂല്യ ങ്ങളെ തെറ്റായ രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്തു. ഇത് നവാബിനെ കോപിഷ്ഠനാക്കി. സിറാജ് - ഉദ്-ദൗള ഒരു വലിയ സൈന്യവുമായി ചെന്ന് കൊൽക്കത്തയെ പിടിച്ചെടുത്തു. 146 ബ്രിട്ടീഷ് പട്ടാളക്കാരെ തടവുകാരാക്കി. കാറ്റോട്ടം കുറഞ്ഞ ഒരു ചെറിയ മുറിക്കുള്ളിൽ അടച്ചിട്ടു. അവരിൽ അധികം പേരും ശ്വാസംമുട്ടി മരിച്ചു. 23 പേർ മാത്രം രക്ഷപ്പെട്ടു. ഈ സംഭവത്തെ ചരിത്രത്തിൽ ഇരുട്ടറ ദുരന്തം എന്നു പറയപ്പെടുന്നു. ഈ സംഭവം അറിഞ്ഞ ഉടനെ ബ്രിട്ടീഷുകാർ അഡ്മിറൽ വാട്സൺ റോബർട്ട് ക്ലൈവ് എന്നിവരെ ബംഗാളിലേയ്ക്ക് അയച്ചു. അവർ കൊൽക്കത്തയെ പിടിച്ചെടുത്തു.

### സംഭവങ്ങൾ

ക്രി.പി. 1757 ജൂൺ 23-ാം തിയതി സിറാജ്-ഉദ്-ദൗള റോബർട്ട് ക്ലൈവിനെ കൊൽക്കത്തയ്ക്കു സമീപമുള്ള പ്ളാസി എന്ന സ്ഥലത്തുവച്ച് സന്ധിച്ചു . കുറച്ചു സമയം കൊണ്ട് ബ്രിട്ടീഷുകാർ നവാബിനെ പരാജയപ്പെടുത്തുകയും കൊല്ലുകയും ചെയ്തു.

മിർജാഫറെ ബംഗാളിലെ നവാബായി പ്രഖ്യാപിച്ചു.

## ബക്സാർയുദ്ധം ക്രി.പി.1764

കുറച്ചു വർഷങ്ങൾക്കുശേഷം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനി മിർജാ. ഫറെ പദവിയിൽ നിന്നും മാറ്റി അദ്ദേഹത്തിന്റെ മരുമകനായ മിർകാസിമിനെ ബംഗാളിന്റെ നവാബാക്കി.

മിർക്കാസിം ബംഗാൾ നവാബായതിനുശേഷം ഇന്ത്യൻ വ്യാപാരികളെ സഹായിക്കണമെന്ന ലക്ഷ്യത്തോടെ അവർ ചെലുത്തിയ ചുങ്കനികുതിയെ റദ്ദുചെയ്തു. ഈ പ്രവർത്തി ബ്രിട്ടീഷുകാർക്ക് വെറുപ്പും ദേഷ്യവുമുണ്ടാക്കി. ബ്രിട്ടീഷ് സൈന്യം മിർക്കാസിമിനെ തോൽപിച്ചു. പരാജയപ്പെട്ട മിർക്കാസിം അയോദ്ധ്യ ഭരിച്ചിരുന്ന നവാബ് നവാബ് ഷുജ-ഉദ്-ദൗളയുമായും മുഗൾ ചക്രവർത്തിയായ ഷാ ആലം രാമനുമായും ഒരു സഖ്യത്തിലേർപ്പെട്ടു. ഷാ ആലം രണ്ടാമൻ ഷൂജാ ഉദ്-ദൗള, മിർക്കാസിം തുടങ്ങിയ രാജാക്കന്മാർ ഒന്നു ചേർന്ന് ബ്രിട്ടീഷ് ഭരണത്തെ ഇന്ത്യയിൽ അവസാനിപ്പിക്കുവാൻ വേണ്ടി യുദ്ധത്തിനു തയാറായി.

### സംഭവങ്ങൾ

മിർക്കാസിം ഷൂജാ ഉദ്-ദൗള-ഷാ ആലം രണ്ടാമൻ എന്നിവരുടെ സംയുക്ത സൈന്യം ക്രി.പി. 1764 ഒക്ടോബർ 22-ാം തിയതി ബ്രിട്ടീഷുകാരുമായി ബക്സാർ എന്നസ്ഥലത്തു വച്ച് ഒരു യുദ്ധം നടന്നു. ഈ യുദ്ധത്തിൽ ഇന്ത്യൻ സംയുക്ത സൈന്യത്തെ ഇംഗ്ലീഷുകാർ തോൽപിച്ചു. മിർക്കാസിം യുദ്ധക്കളത്തിൽ നിന്ന് ഓടി പോവുകയും ഷൂജാ ഉദ്-ദൗളയും, ഷാ ആലം രണ്ടാമനും ബ്രിട്ടീഷുകാർക്ക് കീഴടങ്ങുകയും ചെയ്തു.

## ഫലങ്ങൾ

ക്രി.പി. 1765-ൽ ബ്രിട്ടീഷുകാരും, ഷാ-ആലം രണ്ടാമനും ഷുജാഉദ് ദൗളയും തമ്മിൽ അലഹബാദ് ഉടമ്പടി ചെയ്തു. ഈ ഉടമ്പടി പ്രകാരം

1. ഷുജാ-ഉദ്-ദൗള യുദ്ധത്തിന്റെ നഷ്ടപരിഹാരമായി അൻപതു ലക്ഷം രൂപയും, കാര, അലഹബാദ് എന്നീ പ്രദേശങ്ങളെയും ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ടിവന്നു.

2. മുഗൾ ചക്രവ ർത്തിയായ ഷാ ആലം രണ്ടാമനെ ബ്രിട്ടീഷുകാർ 26 ലക്ഷം രൂപ വാർഷിക പെൻഷൻ നൽകാമെന്ന് സമ്മതിച്ചു.

3. മുഗൾ ചക്രവർത്തിക്ക് ബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ പ്രദേശങ്ങളുടെ നികുതി പിരിക്കാനുള്ള അവകാശം ബ്രിട്ടീഷുകാർക്ക് നൽകി.

4. ബംഗാൾ, ബീഹാർ, ഒറീസ്സ, കർണ്ണാടക എന്നീപ്രദേശങ്ങൾ ബ്രിട്ടീഷുകാരുടെ അധികാരത്തിൻ കീഴിൽ കൊണ്ടുവരപ്പെട്ടു.

5. ബക്സാർ യുദ്ധം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ അധികാരം ഇന്ത്യയിൽ ശക്തമായി സ്ഥാപിക്കുന്നതിന് കാരണമായി.

ബക്സാർ യുദ്ധത്തിന് ശേഷം 1765-ൽ റോബർട്ട് ക്ലൈവ് ബംഗാളിന്റെ ഗവർണർ ആയി.

## ഹൈദർ അലി

ഹൈദർ അലി ക്രി.പി. 1722-ൽ മൈസൂർ സൈന്യത്തിലെ ഒരു ഫൗജ്ദാറിന്റെ മകനായി ജനിച്ചു. ഒരു സാധാരണ സൈനികനായി സേവനം ആരംഭിച്ചു. തന്റെ കഠിന പ്രയത്നം കൊണ്ട് ഒരു സൈന്യാധിപനായി ഉയർന്നു. മൈസൂരിൽ ആഭ്യന്തര കലഹമുണ്ടായപ്പോൾ ഹൈദർ അലി ദിണ്ഡുക്കൽ എന്ന സ്ഥലത്താ യിരുന്നു. മൈസൂർ രാജാവ് ഹൈദർ അലി യോട് സഹായം അഭ്യർത്ഥിച്ചു. മൈസൂരിൽ വന്ന്അവിടത്തെ രാജാവിനെഭരണത്തിൽ നിന്നു മാറ്റിയിട്ട് സ്വയം രാജാവായി പ്രഖ്യാ പിച്ചു.അദ്ദേഹം അക്ഷരാഭ്യാസം ഇല്ലാത്തവനാണെങ്കിലും നല്ല ബുദ്ധി സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹം ഹിന്ദുക്കളേയും, മുസ്ലീങ്ങളേയും



ഹൈദർ അലി

ഒന്നുപോലെ കരുതി. ഇദ്ദേഹത്തിന്റെ പക്ഷപാദമില്ലാത്ത നീതി വളരെ പ്രശസ്തമാണ്.

## ഒന്നാം മൈസൂർ യുദ്ധം (ക്രി.പി. 1767 -ക്രി.പി. 1769)

### കാരണങ്ങൾ

റോബർട്ട് ക്ലൈവ് ബംഗാളിന്റെ ഭരണാധികാരിയായ സമയത്ത് ഹൈദർ അലിയുടെ കീഴിൽ മൈസൂർ ശക്തമായ ഒരു സാമ്രാജ്യ മായി മാറി. അദ്ദേഹത്തിന്റെ വളർച്ച യും ഫ്രഞ്ചുകാരോടു അദ്ദേഹത്തി നുള്ള സൗഹൃദവും ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഇന്ത്യയി ലെ നിലനിൽപിന് ഒരു തടസ്സമായി രുന്നു. ഇത് ഒന്നാം മൈസൂർ യുദ്ധ ത്തിന് കാരണമായി.

## സംഭവങ്ങൾ

ക്രി.പി. 1766-ൽ ബ്രിട്ടീഷു കാർ, മറാത്തകൾ, നൈസാം എന്നിവർ ചേർന്ന്

ഒരു ത്രിരാഷ്ട്ര സഖ്യം രൂപീകരിച്ചു. എന്നാൽ ബുദ്ധിമാനായ ഹൈദർ അലി മറാത്തകളെയും നൈസാമിനേയും തന്റെ പക്ഷത്തേയ്ക്കു കൊണ്ടുവന്നു. ക്രി.പി. 1767-ൽ ബ്രിട്ടീഷുകാർ ചെങ്കം എന്ന സ്ഥലത്തു വച്ച് ഹൈദർ അലിയേയും, നൈസാമിനേയും പരാജയപ്പെടുത്തി. എന്നാൽ ഹൈദർഅലി അമ്പൂർ, മാംഗളൂർ എന്നീ പ്രദേശങ്ങളെ പിടിച്ചെടുത്ത് അവിടെ തന്റെ ഭരണത്തെ ഏർപ്പെടുത്തി. പിന്നീട് അദ്ദേഹം ബാരാമഹൽ, കരൂർ, തഞ്ചാവൂർ, കടലൂർ എന്നീ പ്രദേശങ്ങളെയും പിടിച്ചെടുത്തു. പിന്നീട് മദ്രാസിനേയും പിടിച്ചെടുത്തു. ക്രി.പി. 1769-ൽ ബ്രിട്ടീഷുകാരെ ചെന്നൈ ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ നിർബന്ധിപ്പിച്ചു.

## ഫലങ്ങൾ

ക്രി.പി. 1769-ൽ ഹൈദർ അലിയും ബ്രിട്ടീഷുകാരും തമ്മിൽ മദ്രാസ് ഉടമ്പടി ചെയ്തു. ഈ ഉടമ്പടി പ്രകാരം ഇരുഭാഗങ്ങളും തങ്ങൾ പിടിച്ചെടുത്ത പ്രദേശങ്ങളെ തിരിച്ചു നൽകാമെന്ന് സമ്മതിച്ചു. ഒന്നാം മൈസൂർ യുദ്ധം ഹൈദർ അലിയ്ക്ക് അനുകൂലമായി പര്യവ സാനിച്ചു.

## റോബർട്ട് ക്ലൈവ്

ക്രി.പി. 1765-ൽ റോബർട്ട് ക്ലൈവ് ബംഗാളിലെ ഗവർണറായി. അദ്ദേഹത്തിന്റെ പദവി കാലത്തിന്റെ ആദ്യഘട്ടം വിജയങ്ങളെ ആസ്പദമാക്കിയും രണ്ടാംഘട്ടം ഭരണപരിഷ്കാരങ്ങളെ ആസ്പദമാക്കിയുമുള്ളതായിരുന്നു.

## ഭരണപരിഷ്കാരങ്ങൾ

അദ്ദേഹം ഈസ്റ്റിന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥർ ഇന്ത്യാക്കാരിൽ നിന്നും സമ്മാനങ്ങൾ സ്വീകരിക്കുന്നതിനെ ഒഴിവാക്കി. കൂടാതെ അവർ സ്വയം വ്യാപാരത്തിൽ ഏർപ്പെടുന്നതിനെയും ഒഴിവാക്കി. ഇദ്ദേഹം കമ്പനി ഉദ്യോഗസ്ഥന്മാരുടെ ശമ്പള ത്തെ ഉയർത്തി. സമാധാന സന്ദർഭ ങ്ങളിൽ ഉദ്യാഗസ്ഥന്മാർക്ക് ഇരട്ടി അലവൻസ് നൽകിയിരുന്നു.

പാവപ്പെട്ട കമ്പനി ഉദ്യോഗസ്ഥന്മാരെയും അവരുടെ വിധവകളേയും സഹായിക്കുന്നതിനുവേണ്ടി "ക്ലൈവ് ഫണ്ട്" രൂപീകരിച്ചിരുന്നു. മുഗൾ ചക്രവർത്തിയായ ഷാ ആലം രണ്ടാമനിൽ നിന്നു ദിവാനി അവകാശവും നിസാമത് അവകാശവും സ്വീകരിച്ച് ബംഗാളിൽ ക്ലൈവ് ദ്വിഭരണം ഏർപ്പെ ടുത്തി. ഇത് പ്രകാരം ബംഗാളിന്റെ അധികാരം ബ്രിട്ടീഷുകാർക്കും ഉത്തര വാദിത്വം നവാബിനു മായിരുന്നു. നവാബിന് പൂർണ ഉത്തരവാദിത്വം മാത്രം ഉണ്ടായിരുന്നു. എന്നാൽ അധി കാരം ഒന്നും തന്നെ ഇല്ലായിരുന്നു. ഈ സമ്പ്രദായത്തിൽ നവാ ബോ ബ്രിട്ടീഷുകാരോ ആരും തന്നെ ജനങ്ങളുടെ നന്മയെ ശ്രദ്ധിച്ചിരുന്നില്ല. ക്രി.പി. 1722-ൽ ദ്വിഭരണം അവസാനിപ്പിച്ചു.ബംഗാൾ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ കൊണ്ടുവരപ്പെട്ടു.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. കർണാടക യുദ്ധങ്ങൾ നടന്നത്

   അ. ക്രി.പി. 1736 - ക്രി.പി. 1740

   ആ. ക്രി.പി. 1740 - ക്രി.പി. 1744

   ഇ. ക്രി.പി. 1744 - ക്രി.പി. 1763

2. പ്ളാസി യുദ്ധം നടന്നത്

   അ. ക്രി.പി. 1764 ആ.ക്രി.പി. 1757 ഇ.ക്രി.പി. 1765

3. ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യ സ്ഥാപകൻ ആയിരുന്നു.

   അ.റോബർട്ട് ക്ലൈവ് ആ. ഡ്യൂപ്ളേ ഇ. മിർജാഫർ

4. സർ അയർക്കൂട്ട് കൗണ്ട് -ഡി-ലാലിയെ പരാജയപ്പെടുത്തിയ യുദ്ധം

   അ. മദ്രാസ് ആ. സെന്റ്തോമസ് ഇ. വാണ്ടിവാഷ്

**II. പൂരിപ്പിക്കുക**

1. കർണാടകയുടെ തലസ്ഥാനം________ആയിരുന്നു.
2. ആർകാട് വീരൻ എന്നറിയപ്പെട്ടിരുന്ന ആൾ______________.
3. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആധിപത്യം ഇന്ത്യയിൽ ഏർപ്പെടുത്തിയ യുദ്ധം__________.
4. ലാബോർഡോണൈസ് ഇന്ത്യയുടെ___________________പ്രദേശത്തിന്റെ ഫ്രഞ്ച് ഗവർണറായിരുന്നു.

**III. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. ഒന്നാം കർണാടക യുദ്ധം | - | അലഹബാദ് ഉടമ്പടി |
| 2. മൂന്നാം കർണാടക യുദ്ധം | - | കൽക്കട്ടയ്ക്കടുത്തുള്ള ഗ്രാമം |
| 3. പ്ലാസി | - | ഐലാ-ഷപ്പേൽ ഉടമ്പടി |
| 4. ബക്സാർ യുദ്ധം | - | പാരീസ് ഉടമ്പടി |

**IV. ഒറ്റവാക്കിലുത്തരമെഴുതുക**

1. ഒന്നാം മൈസൂർ യുദ്ധത്തിന്റെ അവസാനമുണ്ടായ ഉടമ്പടി ഏത് ?
2. പ്ലാസി യുദ്ധത്തിനു ശേഷം ബംഗാളിലെ നവാബായി നിയമിക്കപ്പെട്ടതാര് ?
3. ബക്സാർയുദ്ധം നടന്നതെപ്പോൾ ?

## V. ചുരുക്കത്തിലുത്തരമെഴുതുക

1. ഇരുട്ടറ ദുരന്തത്തെ കുറിച്ച് നിങ്ങൾക്കെന്തറിയാം ?
2. ബ്രിട്ടീഷുകാർ ഇന്ത്യയിൽ വിജയിച്ചതിനുള്ള കാരണങ്ങളിൽ മൂന്നെണ്ണത്തെ കുറിക്കുക
3. റോബർട്ട് ക്ലൈവിന്റെ ദ്വിഭരണത്തെ കുറിച്ച് നിങ്ങൾക്കെന്തറിയാം ?
4. ഒന്നാം മൈസൂർ യുദ്ധത്തിന്റെ കാരണങ്ങൾ എന്തെല്ലാം. ?

## VI. വിശദീകരിക്കുക

1. രണ്ടും, മൂന്നും കർണ്ണാടക യുദ്ധങ്ങളുടെ കാരണങ്ങളെയും , സംഭവങ്ങളെയുംഫല ങ്ങളെയും വിശദീകരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. ഇന്ത്യാ ഭൂപടത്തിൽ കർണ്ണാടക യുദ്ധം നടന്ന സ്ഥലങ്ങളെ അടയാളപ്പെടുത്തുക
2. ഇന്ത്യയിൽ ബ്രിട്ടീഷ്ഭരമകാലം വ്യക്തമാക്കുന്ന ഒരു കാലനിർണ്ണയ രേഖ വര യ്ക്കുക.
3. പ്ലാസി യുദ്ധം 1757–ൽ ഇന്ത്യാ ചരിത്രത്തിലെ ഒരു പ്രധാന ഘട്ടം ചർച്ചചെയ്യുക.
4. ഇംഗ്ലീഷ് – ഫ്രഞ്ച് ആധിപത്യ മത്സരസമയത്ത് ഉണ്ടാക്കിയ ഉടമ്പടികളെ ക്കുറിച്ച് ഒരു കാലനിർണ്ണയരേഖ തയ്യാറാക്കുക.
5. ഇന്ത്യയിൽ ഇംഗ്ലീഷ് ആധിപത്യം സ്ഥാപിക്കാൻ കാരണമായ സംഭവ ങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്യുക.

# വിഭവങ്ങൾ - I

## 1. വിഭവങ്ങളും അവയുടെ തരങ്ങളും

നമ്മുടെ ഭൂമിയാകുന്ന ഗ്രഹം മൂന്നു മണ്ഡലങ്ങളാൽ നിർമ്മിത മായതാണ്. അവ നിലമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവ യാണ്. ഈ മൂന്നു മണ്ഡലങ്ങളും മനുഷ്യന് ആവശ്യമായ എല്ലാ നൽകി സഹാ യിക്കുന്നു. ഈ മണ്ഡലങ്ങളിൽ കാണപ്പെടുന്ന ഏതൊരു വസ്തുവും മനുഷ്യന് പ്രയോജനപ്പെടുന്ന തായിരുന്നാൽ അതിനെ വിഭവം എന്നു പറയുന്നു. ഈ വിഭവങ്ങളാണ്ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോ ഗതിയ്ക്ക് മുഖ്യ പങ്കു വഹിക്കുന്നത്. ഭൂമിയിലെ പ്രകൃതി വിഭവങ്ങളുടെ പ്രധാന്യത്തെക്കുറിച്ച് മനസ്സി ലാക്കു ന്നതിന് ചിത്രം 1 നമ്മെ സഹായിക്കുന്നു.




ചിത്രം-1 പ്രകൃതി വിഭവങ്ങൾ

വിഭവങ്ങളെ അവയുടെ വ്യത്യസ്ത മാനദണ്ഡത്തിൽ വിവിധ ങ്ങളായി തിരിച്ചിട്ടുണ്ട്.

ഉൽപത്തിയുടെ അടിസ്ഥാ നത്തിൽ വിഭവങ്ങളെ സ്ഥായിയായ വിഭവങ്ങൾ എന്നും വികസിത വിഭവ ങ്ങൾ എന്നും രണ്ടായി തരം തിരിച്ചി രിക്കുന്നു.

സ്ഥായിയായ വിഭവങ്ങൾ എന്നത് ഇന്നുവരെയും മനുഷ്യന് എടുത്തുപയോഗിക്കാൻ സാധിച്ചിട്ടില്ലാ ത്ത വിഭവങ്ങളാണ്. ഉദാഹരണമായി സൈബീരിയ, അന്റാർട്ടിക്ക എന്നിവിട ങ്ങളിലെ വിഭവങ്ങൾ. വികസിത വിഭ വങ്ങളെന്നത് മനുഷ്യനാൽ എടുത്തു പയോഗിക്കപ്പെടുന്ന വിഭവങ്ങളാണ്. ഉദാഹരണം കൽക്കരി, ഇരുമ്പയിര് എന്നിവ.

പുതുപ്പിക്കലിന് അടിസ്ഥാ നപ്പെടുത്തി വിഭവങ്ങളെ രണ്ടായി തിരിക്കാം. അവ പുതുപ്പിക്കാൻ സാധി ക്കാത്ത വിഭവങ്ങൾ അല്ലെങ്കിൽ നിക്ഷേപവിഭവങ്ങൾ പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ അല്ലെങ്കിൽ വറ്റാത്ത വിഭവങ്ങൾ എന്നിവയാണ്. ലോകത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ഇത്തരം വിഭവങ്ങളെക്കുറിച്ച് നമുക്ക് വിശദമായി പരിശോധിക്കാം.

### പുതുപ്പിക്കാനാവാത്ത വിഭവങ്ങൾ

പുതുപ്പിക്കാനാവാത്ത വിഭവങ്ങളെന്നാൽ നാം ഉപയോഗിക്കു ന്തോറും അതിന്റെ അളവ് കുറഞ്ഞു വരുന്ന വിഭവങ്ങളാണ്. ഇവ പ്രകൃതി യിൽ ഒരു നിശ്ചിത അളവിൽ മാത്രമേ കാണപ്പെടുന്നുള്ളു. പ്രകൃതി ഇത്തരം വിഭവങ്ങളെ ഉൽപാദിപ്പാക്കാൻ എടു ക്കുന്ന കാല അളവിനെക്കാൾ വേഗ ത്തിൽ മനുഷ്യൻ ഈ വിഭവങ്ങളെ ഉപയോഗിച്ചു തീർക്കുന്നു. ഉദാഹര ണമായി ഭൂമിയിലെ ഖനിജങ്ങളിൽ നിന്ന് ഒരു പ്രാവശ്യം എടുക്കപ്പെടുന്ന ഖനിജ വിഭവങ്ങളെ മനുഷ്യനാൽ പുനസ്ഥാപിക്കാൻ സാധ്യമല്ല. നാം

ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വിഭവങ്ങളെ താഴെ കാണുന്ന വിധത്തിൽ വിഭജിക്കാം. അവ

- ലോഹ ധാതുക്കൾ
- അലോഹ ധാതുക്കൾ
- ഇന്ധന ധാതുക്കൾ

ലോക ധാതുക്കൾ എന്നത് ലോഹങ്ങളോ അതിന്റെ അയിരുകളോ അടങ്ങിയ മൂല വസ്തുക്കളാണ്. അലോഹ ധാതുക്കൾ എന്നത് ലോഹ ങ്ങളോ അതിന്റെ അയിരുകളോ അടങ്ങാത്ത മൂല വസ്തുക്കളാണ്. ഇന്ധന ധാതുക്കൾ എന്നത് ഊർജ്ജ ത്തെ ഉൽപാദിപ്പിക്കുന്ന ധാതുക്ക ളാണ്.

മേൽപറഞ്ഞ ധാതുക്കളിൽ ഇന്ധനധാതുക്കൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. എന്തെന്നാൽ ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്ക് ആ രാജ്യത്തിന്റെ ഇന്ധന ധാതുക്കളാണ് മുഖ്യ പങ്കു വഹിക്കുന്നത്. അവയെ ക്കുറിച്ച് നമുക്ക് വിശദമായി പഠിക്കാം. വ്യവസായശാലകൾ, വീടുകൾ, ആഫീസുകൾ എന്നിവയുടെ പ്രവർത്ത നങ്ങൾക്ക് ഇന് ധനധാതുക്കൾ അത്യാ വശ്യമാണ്. കൽക്കരി, എണ്ണ, പ്രകൃതി വാതകം, അണുശക്തി വിഭവങ്ങൾ എന്നിവ ഉപയോഗിക്കുംതോറും വേഗത്തിൽ തീർന്നുപോകുന്ന ഇന്ധന വിഭവങ്ങ ളാണ്.

## കൽക്കരി

പല മില്ല്യൻ വർഷങ്ങൾകൊണ്ട് രൂപാന്തരപ്പെടുന്ന ധാതുവാണ് കൽക്കരി. അതി നാൽ ഇതിനെ **"അശ്മക ഇന്ധനം (Fossil Fuel)"** എന്നു പറയുന്നു.

ഭൂഘടനയിൽ ഉണ്ടായ മാറ്റങ്ങ ളാൽ വിസ്തൃതമായ വനങ്ങൾ ഭൂമിക്കടിയിൽ പുതഞ്ഞുപോയി. കാലക്രമേണ ഭൂമിക്കുള്ളിലെ താപം, മർദ്ദം എന്നിവയാൽ ഈ സസ്യങ്ങൾ കൽക്കരിയായി രൂപാന്തരം പ്രാപിച്ചു. (ചിത്രം - 2)





ചിത്രം-2 കൽക്കരി രൂപാന്തരണം

ലോകത്തിലെ വളരെ പ്രധാന പ്പെട്ട കൽക്കരി വയലുകൾ അമേരി ക്കൻ ഐക്യനാടുകൾ, റഷ്യ, ഇംഗ്ലണ്ട്, ജർമ്മനി എന്നീരാജ്യങ്ങളിൽ കാണപ്പെടുന്നു. ഏഷ്യയിലെ പ്രധാനപ്പെട്ട കൽക്കരി വയലുകൾ ചൈന,ഇന്ത്യാ എന്നീ രാജ്യങ്ങളിലാണ് കാണപ്പെടുന്നത്.തമിഴ്നാട്ടിലുള്ള നെയ് വേലിയിൽ കൽക്കരി അധികമായി ഖനനം ചെയ്തെടുക്കുന്നു. ഇവിടെ പഴുപ്പുനിറ കൽക്കരി അല്ലെങ്കിൽ ലിഗ്നൈറ്റ് അധികമായി ലഭിക്കുന്നു. (ചിത്രം-3)

## എണ്ണയും പ്രകൃതിവാതകവും


സാധാരണയായി കടലിനടിയി ലുള്ള ഈറൻപാറകൾ (Sedimentary Rocks) ചെളിപ്പാറകൾ (Mud Stone) മണൽപ്പാറകൾ (Sand Stone) എന്നിവ കളിൽ എണ്ണ കാണുന്നു. (ചിത്രം-4)

ലോകത്തിലെ കൽക്കരി വയലുകൾ




ചിത്രം-5

## ലോകത്തിലെ മുഖ്യ എണ്ണ ഉൽപാദന കേന്ദ്രങ്ങൾ




ചിത്രം - 6

ഭൂമിക്കടിയിൽ പുതഞ്ഞുപോയ സസ്യങ്ങൾ, ചുണ്ണാമ്പടങ്ങിയ പുറന്തോടുള്ള ജീവികളുടെ അവശി



ചിത്രം -3 എണ്ണ പ്രകൃതിവാതകം എന്നിവയുടെ രൂപാന്തരണം

ഷ്ടങ്ങൾ എന്നിവ ഭൂമിയുടെ താപം, മർദ്ദം എന്നിവയാൽ എണ്ണയായി രൂപാന്തരം പ്രാപിക്കുന്നു. ഇത് പാറ ഇടുക്കുകളിലും പാറകളിലെ വിള്ളലുകളിലും കാണപ്പെടുന്നു. ഈ എണ്ണ അടുക്കുകളുടെ മുകളിൽ നേരിയ തോതിൽ ഹൈഡ്രോകാർബൺ പ്രകൃതി വാതക രൂപത്തിൽ കാണപ്പെടുന്നു.

എണ്ണനിക്ഷേപങ്ങൾ കടൽതീരങ്ങളിലും(off shore) ഭൂ പ്രദേശങ്ങളിലും(onshore) കാണപ്പെടുന്നു. ഉദാഹരണമായി തെക്കുപടിഞ്ഞാറൻ ഏഷ്യയിലുള്ള ഭൂപ്രദേശങ്ങളിലും വടക്കൻ കടലിലിന്റെ ഭൂഖണ്ഡതട്ടു പ്രദേശങ്ങളിൽ കാണപ്പെടുന്ന എണ്ണ പാടങ്ങൾ

ചിത്രം-6

എണ്ണ ഉൽപാദന കേന്ദ്രങ്ങൾ- മുംബൈഹൈ.

ഇന്ത്യയിലെ മുഖ്യ എണ്ണ വയലുകൾ ആസ്സാം ഭൂപ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ എണ്ണ ഉൽപാദന കേന്ദ്രമായ "മുംബൈ



ചിത്രം-4 എണ്ണപ്പാടങ്ങൾ മുംബൈ ഹൈ

ഹൈ" കടൽതീരപ്രദേ ശത്ത് സ്ഥിതി ചെയ്യുന്നു. തമിഴ്നാട്ടി ലുള്ള കാവേരി ഡൽറ്റാ പ്രദേശത്ത് എണ്ണ നിക്ഷേപമുള്ളതായി കണ്ടുപിടി ച്ചിട്ടുണ്ട്.

## അണുശക്തി വിഭവങ്ങൾ

യുറേനിയം, തോറിയം തുടങ്ങിയ ധാതുക്കൾ അണുശക്തി ഉത്പാദനത്തിനു പ്രയോജനപ്പെടുന്നു. നമീബിയാ, ഖസാക്കിസ്ഥാൻ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ യുറേനിയം ധാരാളമായി കാണപ്പെടുന്നു. ഇന്ത്യയിൽ തമിഴ്നാട്, കേരളം എന്നീ സമുദ്രതീര പ്രദേശങ്ങളിൽ ഇൽമിനൈറ്റ് ധാരാളം കാണപ്പെടുന്നു. ലോകത്തിൽ അധിക അളവിൽ (30%) അണുശക്തി ഉല്പാദിപ്പിക്കുന്ന രാജ്യം അമേരിക്കൻഐക്യനാടാണ്. അണുശക്തി ഇന്ധനത്തെ അധിക അളവ് (75%) ഉപയോഗിക്കുന്ന രാജ്യം ഫ്രാൻസാണ്.(ആധാരംhttp.//www.worldnuclear.org)

ഇന്ത്യയിലുള്ള അണുശക്തി നിലയങ്ങൾ
മദ്രാസ് അണുശക്തി നിലയം,
രാജസ്ഥാൻ അണുശക്തി നിലയം
താരാപ്പൂർ അണുശക്തി നിലയം,

കാക്രപ്പാറ അണുശക്തി നിലയം, നരോറ അണുശക്തി നിലയം, കൂടങ്കുളം അണുശക്തി നിലയം

## പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ

പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ പ്രകൃതിയിൽ ധാരാളമായി കാണപ്പെടുന്നു. കൂടാതെ അവ

സ്വമേധയാ പുതിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ വിഭവങ്ങളെ നാം ഉപയോഗിച്ചുകൊണ്ടിരിന്നാലും അവയുടെ അളവു കുറയുന്നില്ല. കൂടാതെ അവ തുടർന്നു ലഭിച്ചുകൊണ്ടേയിരിക്കും. ഉദാഹരണം : കാറ്റിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഊർജ്ജം പുതിപ്പി ക്കാൻ സാധിക്കുന്ന വിഭവങ്ങളിൽ മുഖ്യമായതാണ്.


## ജലവൈദ്യുത ഊർജ്ജം

ജലവൈദ്യുതോർജ്ജമെന്നത് പുതിപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളിൽ വളരെ പുരോഗമിച്ച ഒരു വിഭവമാണ്.



ചിത്രം-7 യാങ്ട്സി നദിക്കു കുറുകെ നിർമ്മിച്ചിട്ടുള്ള ത്രിഗോർജസ് അണക്കെട്ട്.

ജലവൈദ്യുതി ജലം കുത്തനെ ഒഴുകുന്ന പ്രദേശങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നു. ലോകത്തിൽ ജലവൈദ്യുതോർജ്ജം കൂടുതലായി ഉപയോഗിക്കുന്നത് വലിയ നദികൾ അധികമുള്ള രാജ്യങ്ങളിലാണ്.




ചിത്രം -7 (ആ)
യാങ്ട്സ്സി നദിയുടെ കുറുകെ സ്ഥിതിചെയ്യുന്ന ത്രിഗോർജസ് അണക്കെട്ട്

ചൈനയി ലുള്ള യാങ്ട്സി നദിയുടെ കുറുകെ കെട്ടിയിട്ടുള്ള "ത്രിഗോർജസ് അണയിൽ" ലോകത്തിലെ ഏറ്റവും വലിയ ജലവൈദ്യുത നിലയം കാണപ്പെടുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത നിലയം ഭക്രാനങ്കൽ അണയിലാണുള്ളത്.

## സൗരോർജ്ജം

വീടുകൾക്കും കെട്ടിടങ്ങൾക്കും പ്രകാശത്തിനും ജലം ചൂടാക്കുന്നതിനും സൗരോർജ്ജം ഉപയോഗിക്കുന്നു. ഫോട്ടോ വോൾട്ടായി സെൽ (Photo Voltaic Cells) സൗരോർജ്ജത്തെ ശേഖരിച്ചു വയ്ക്കാൻ ഉപയോഗിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സൗരോർജ്ജ ഉല്പാദനകേന്ദ്രം ഉള്ളത് ജർമ്മനിയിലാണ്.

അയനമണ്ഡല പ്രദേശം സൗരോർജ്ജം അധികതോതിൽ ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമായതാണ്. എന്നാൽ സൗരോർജത്തെ ശേഖരിക്കാൻ ഉപയോഗിക്കുന്ന ഫോട്ടോ വോൾട്ടായിക്ക് സെല്ലുകളുടെ ഉല്പാദന ചിലവ് അധികമായതിനാൽ സൗരോർജ്ജത്തെ അധിക അളവിൽ



ചിത്രം 8 കാറ്റു മില്ലുകൾ- ആരൽവായ്മൊഴി

ഉൽപാദിപ്പിക്കാൻ സാധിക്കുന്നില്ല. അയനമണ്ഡലപ്രദേശങ്ങളിലുള്ള വികസ്വര രാജ്യങ്ങളിൽ ഈ സാഹചര്യമാണുള്ളത്.

## കാറ്റിൽ നിന്നുള്ള ഊർജ്ജം

കാറ്റ് തുടർച്ചയായും വേഗത്തിലും വീശുന്ന പ്രദേശങ്ങളിൽ കാറ്റിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നു. കാറ്റിൽ നിന്നുള്ള ഊർജ്ജംഅധിക അളവിൽ ഉപയോഗിക്കുന്നത് യൂറോപ്പാണ്. ഡന്മാർക്കിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ 20% വും കാറ്റിൽ നിന്നാണ് എടുക്കുന്നത്. ഇന്ത്യയിൽ മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഇതിനെ ടർബൈൻ (Turbine) ഉപയോ ഗിക്കുന്നു.

തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിൽ ആരൽ വായ്മൊഴി എന്ന പ്രദേശത്ത് ലോകത്തിലെ ഏറ്റവും വലിയകാറ്റാടി നിലയങ്ങൾ സ്ഥിതി ചെയ്യുന്നു.ചിത്രം-8



ചിത്രം-9 ആവണക്ക് ചെടി

## ജൈവ ഊർജ്ജം

വൃക്ഷങ്ങൾ, ചെടികൾ, വിളവുകൾ, മൃഗങ്ങളുടെ വിസർജ്ജന വസ്തുക്കൾ എന്നിവ ജൈവോർജ്ജത്തിന് അടിസ്ഥാനമായി വിളങ്ങുന്നു. ഈ വിഭവങ്ങളിൽ വച്ച് മര ഇന്ധനങ്ങളാണ് (വിറക്) വികസ്വര രാജ്യങ്ങളിൽ പ്രധാനമായി ഉപയോഗിക്കുന്നത്. ചാണകവാതകം അല്ലെങ്കിൽ മീഥേൻ കന്നുകാലികളുടെ ചാണകത്തിൽ നിന്നും ഉല്പാദിപ്പിക്കുന്നു. ഇപ്പോൾ ജൈവ ഇന്ധനങ്ങൾ കരിമ്പ്, ആവണക്ക് പോലുള്ള സസ്യങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്നു. (ചിത്രം-9)

## വിഭവ സംരക്ഷണം

മനുഷ്യന്റെ ജീവിതവും പുരോഗതിയും ഭൂമിയിലെ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ അപ്രകാരമുള്ള വിഭവങ്ങളെ ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. മനുഷ്യനാൽ പുതുപ്പിക്കാനാവാത്ത വിഭവങ്ങളെ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. എന്തെന്നാൽ ആ വിഭവങ്ങൾ വീണ്ടും ലഭ്യമല്ല. പുതുപ്പിക്കാനാവാത്ത വിഭവങ്ങളെ പൂർണ്ണമായും ഉപയോഗിക്കാൻ ഗവേഷണവും, വികസനവും ആവശ്യമാണ്.

മനുഷ്യൻ തന്റെ ജീവിതാവശ്യങ്ങൾക്കായി വിഭവങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരു സ്ഥലത്തു നിന്നും ലഭിക്കുന്ന വിഭവങ്ങളാണ് മനുഷ്യന്റെ തൊഴിലിനെ നിർണ്ണയിക്കുന്നത്.

## അഭ്യാസം

**I പൂരിപ്പിക്കുക**

1. പ്രകൃതിയിൽ കാണുന്ന യാതൊരു വസ്തുവും മനുഷ്യന് പ്രയോജനപ്പെടുന്നതായിരുന്നാൽ അതിനെ ____________എന്നു പറയുന്നു.
2. ഭൂമിയിലെ ഖനികളിൽ നിന്നും ഒരു പ്രാവശ്യം ഖനനം ചെയ്തെടുത്ത ധാതുക്കളെ വീണ്ടും________________സാധിക്കുകയില്ല.
3. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന __________പങ്ക് വഹിക്കുന്നു.
4. യുറേനിയം ഒരു___________ധാതുവാണ്
5________പ്രദേശങ്ങളിൽ സൗരോർജ്ജം അധിക തോതിൽ ഉല്പാദിപ്പിക്കുന്നു.

**II. ശരിയായ ഉത്തരം എടുത്തെഴുതുക**

1. മനുഷ്യനാൽ ഉപയോഗിക്കപ്പെടുന്ന വിഭവങ്ങൾ.
   അ) വികസിപ്പിക്കപ്പെട്ടത് ആ) പ്രകൃത്യാലുള്ളത്
   ഇ) പുതുപ്പിക്കാനാവാത്തത്
2. ധാതുക്കൾ എന്നത് വിഭവങ്ങൾ _________________ആണ്
   അ) പുതുപ്പിക്കാനാവുന്ന വിഭവം ആ) പുതുപ്പിക്കാനാവാത്ത വിഭവം
   ഇ) ജൈവ വിഭവങ്ങൾ
3. ലോകത്തിൽ കാറ്റിൽ നിന്നുള്ള ഊർജ്ജം അധികമായി പ്രയോജനപ്പെടുത്തുന്ന ഭൂഖണ്ഡം_________________
   അ) യൂറോപ്പ് ആ) തെക്കേ അമേരിക്ക ഇ) അന്റാർട്ടിക്ക
4. നമ്മുടെ സംസ്ഥാനത്ത് ഖനനം ചെയ്യപ്പെടുന്ന കൽക്കരി
   അ) ലിഗ്നൈറ്റ് ആ) ആന്ത്രസൈറ്റ് ഇ) ഗ്രാഫൈറ്റ്
5. ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത നിലയം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.
   അ) ഭക്രാനങ്കൽ ആ) മേട്ടൂർ ഇ) ദാമോദർ

**III. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. വടക്കൻ കടൽ | - | ന്യൂക്ലിയർ ശക്തി |
| 2. ആരൽവായ്മൊഴി | - | എണ്ണപ്പാടങ്ങൾ |
| 3. കൽക്കരി, പെട്രോൾ | - | യാങ്ട്സി |
| 4. ത്രീഗോർജസ് അണക്കെട്ട് | - | ഫോസിൽ ഇന്ധനം |
| 5. തോറിയം | - | കാറ്റാടി |

**IV. ചുരുക്കി എഴുതുക**

1. കുറിപ്പെഴുതുക
   അ) പുതുപ്പിക്കാനാവാത്ത വിഭവം
   ആ) പ്രകൃത്യാലുള്ളത് വിഭവങ്ങൾ
2. കാറ്റാടിനിലയങ്ങളെക്കുറിച്ചെഴുതുക
3. വിഭവങ്ങളെ നാം ശ്രദ്ധയോട് ഉപയോഗിക്കണമെന്നു പറയുന്നതെന്തുകൊണ്ട് ?

### V.വിശദമായി ഉത്തരമെഴുതുക

1. കൽക്കരിയുടെയും പെട്രോളിയത്തിന്റെയും ഉത്ഭവത്തെക്കുറിച്ചെഴുതുക ?
2. പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളെക്കുറിച്ച് വിവരിക്കുക ?

## രൂപീകരണ മൂല്യനിർണ്ണയം

### I.പ്രവർത്തനം

താഴെ പറയുന്ന വിവരങ്ങളെ പ്രകൃതിവിഭവങ്ങളും മനുഷ്യനാൽ ഏർപ്പെടുത്തപ്പെട്ട വിഭവങ്ങൾ എന്ന് വിഭജിച്ച് ആ വിവരങ്ങൾക്കനുയോജ്യമായ ചിത്രങ്ങൾ ഒട്ടിക്കുക

1. നിലം
2. വീടുകൾ
3. പ്രകൃതി സസ്യങ്ങൾ
4. യന്ത്രങ്ങൾ
5. കൽക്കരി
6. അണുശക്തി വിഭവങ്ങൾ
7. കെട്ടിടങ്ങൾ
8. വ്യവസായശാല
9. കാറ്റ്
10. മീനുകൾ
11. കംപ്യൂട്ടർ
12. നദികൾ
13. ജലം
14. ധാതുക്കൾ
15. മണ്ണ്
16. കൃത്രിമനൂലുകൾ
17. മല
18. സമുദ്രം
19. വന്യമൃഗങ്ങൾ
20 റെയിൽ പാത

### II.മാതൃകാ തയ്യാറാക്കുക

**താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങൾക്ക് ഒരു മാതൃകാ തയ്യാറാക്കി വിശദമായി എഴുതുക.**

1. കൽക്കരി ഉണ്ടാകുന്ന വിധം.
2. കാറ്റാടിനിലയം

### III.ജീവിത സാമർത്ഥ്യം

നിങ്ങളുടെ അവധികാലങ്ങളിൽ 15 ദിവസം മറ്റൊരുവീട്ടിൽ നിങ്ങൾ കുടുംബത്തോടെ പോകാൻ തീരുമാനിച്ചു. പോകുന്ന ദിവസം വീടിനെ അടയ്ക്കുമ്പോൾ എന്തെല്ലാം ചെയ്യാറുണ്ട് ? നിങ്ങൾ ചെയ്ത കാര്യങ്ങൾ യോജിച്ച വിവരങ്ങളോടെ ശരിയല്ലങ്കിൽ തെറ്റ് എന്നുള്ള അടയാളം ഇടുക. ✓ x

1. കുടുംബാംഗങ്ങളോടെ എല്ലാം മറന്ന് യാത്രയെ ചിന്തിച്ച് സന്തോഷത്തോടെ വീട്ടിൽ നിന്ന് തിരിക്കുമോ ?
2. വൈദ്യുതിമൂലം ഉപയോഗിക്കുന്ന എല്ലാ ഉകരണങ്ങളും (അടുക്കള ഉപകരണങ്ങൾ, കംപ്യൂട്ടർ) തുടങ്ങിയവയെ ഓഫ് ചെയ്തിട്ട് പോകുമോ ?
3. പൈപ്പുകൾ വെള്ളമടിക്കുന്ന മോട്ടോറുകൾ തുടങ്ങിയവയെ ഓഫ് ചെയ്തിട്ട് പോകുമോ ?
4. ഇന്ധനങ്ങൾ മൂലം ഉപയോഗിക്കുന്ന ഇരു ചക്ര വാഹനം

മൂന്നു ചക്ര വാഹനം, നാലു ചക്രവാഹനം നിറുത്തുന്ന സ്ഥലം, വാഹനങ്ങളുടെ ഇന്ധനങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്ന സ്ഥലം എന്നിവ സുരക്ഷിതമാണോ എന്ന് ശ്രദ്ധിക്കുമോ ?

5. വൈദ്യുത ബൾബുകൾ, ഫാനുകൾ, ദൂരദർശിനി തുടങ്ങിയവയെ ഓഫ് ചെയ്തിട്ടു തന്നെ പോകുമോ ? ☐

6. നിങ്ങൾ അമ്മയോടോ അച്ഛനോടോ മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാനാവശ്യപ്പെടുമോ? ☐

## IV. ഭൂപടം

1. ലോകഭൂപടത്തിൽ പ്രധാനപ്പെട്ട എണ്ണ ഉൽപാദക രാജ്യങ്ങളെ അടയാളപ്പെടുത്തുക. ചിത്രം ശേഖരിക്കുക.
2. നെതർലാൻഡിലേയും ഇന്ത്യയിലെയും കാറ്റാടി നിലയങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക.

# 2. വിഭവസ്രോതസ്സുകളും സാമ്പത്തിക പ്രവർത്തനങ്ങളും

ഭൂമിയുടെ ഉപരിതലത്തിൽ അങ്ങിങ്ങായി വ്യാപിച്ചു കാണപ്പെടുന്ന വിഭവങ്ങളെ അല്ലെങ്കിൽ പ്രകൃതി സമ്പത്തിനെ മനുഷ്യൻ തന്റെ ജീവിതത്തിനുവേണ്ടി ആശ്രയിക്കുന്നു. ഈ വിഭവങ്ങൾ ലഭിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മനുഷ്യന്റെ പ്രവർത്തനങ്ങൾ സ്ഥല ത്തിനു സ്ഥലം വ്യാത്യാസപ്പെടുന്നു.

വിഭവങ്ങൾ ലഭിക്കുന്ന പ്രദേശ ങ്ങൾക്കനുസരിച്ച് വ്യത്യസ്ഥ തൊഴി ലുകളിൽ മനുഷ്യൻ ഏർപ്പെട്ടിരിക്കു ന്നു. ഭക്ഷണശേഖരണം, വേട്ടയാടൽ, മീൻപിടിത്തം, ഖനനം, കൃഷി, ആസൂ ത്രണം, കൈത്തൊഴിൽ, സംയോജ നം, ക്രയവിക്രയം എന്നിവ ഈ തൊഴിലുകളിൽ ഉൾപ്പെടുന്നു. ഈ തൊഴിലുകളെല്ലാം മനുഷ്യന്റെ സാമ്പത്തിക നേട്ടത്തിന് ഉതകുന്ന വയാണ്. അതിനാൽ ഇത്തരം തൊഴിലുകളെ മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമ്പത്തിക പ്രവർത്തന ങ്ങൾ എന്നും പറയാം.

ഇത്തരം പ്രവർത്തനങ്ങളെ സാഹചര്യത്തിനനുസരിച്ച്

പ്രാഥമിക ഘട്ടപ്രവർത്തനങ്ങൾ, ദ്വിതീയഘട്ട പ്രവർത്തനങ്ങൾ, തൃതീയ ഘട്ട പ്രവർത്തനങ്ങൾ, ചതുർ ഘട്ട പ്രവർത്തനങ്ങൾ, പഞ്ചമഘട്ട പ്രവർ ത്തനങ്ങൾ എന്ന് അഞ്ച് തരങ്ങളായി വിഭജിക്കാവുന്നതാണ്.

### പ്രാഥമിക ഘട്ട പ്രവർത്തനങ്ങൾ

മുൻകാലങ്ങളിൽ മനുഷ്യർ പ്രകൃതിയിൽ നിന്നും നേരിട്ട് വിഭവ ങ്ങൾ ശേഖരിക്കുന്നതിൽ വ്യാപൃ തരായിരുന്നു. ആരംഭകാല ഘട്ടങ്ങ ളിൽ അതായത് പ്രാചീനകാല പ്രവർ ത്തനങ്ങളിൽ ഭക്ഷണ ശേഖരണം, മൃഗങ്ങളെ വേട്ടയാടൽ, കന്നു കാലി മേയക്കൽ, ഖനനം, മീൻപിടിത്തം, മരംവെട്ട്, ഈർച്ചപണി, കൃഷി എന്നിവ ആരംഭിച്ചു. ഇത്തരം പ്രവർത്തനങ്ങളെ പ്രാഥമികഘട്ട പ്രവർത്തനങ്ങൾ എന്നു പറയുന്നു. പ്രാരംഭഘട്ട പ്രവർത്തന ങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വരെ 'ചുവന്ന-കോളർ ജീവനക്കാർ'(Red collar workers) എന്നു പറയുന്നു.

### ദ്വിതീയഘട്ട പ്രവർത്തനങ്ങൾ

അസംസ്കൃത വസ്തുക്കളെ പലതരം പ്രക്രിയകളിലൂടെ രൂപപ്പെ ടുത്തി വിലമതിപ്പുള്ള ഉല്പന്നങ്ങളാ ക്കി മാറ്റുന്നു. അതിനാൽ അസംസ്കൃ തവസ്തുക്കളുടെ മൂല്യവും ഉപയോഗ വും വർദ്ധിക്കുന്നു. ഉദാഹരണത്തിന് ഇത്തരം പ്രവർത്തനങ്ങളിലൂടെ യാണ് കരിമ്പിൽ നിന്നും പഞ്ചസാര ഉല്പാദിപ്പിക്കുന്നത്. ഇരുമ്പുധാതുവിൽ നിന്ന് ഉരുക്ക് ഉൽപാദിപ്പിക്കുന്നത്. ഇത്തരം പ്രവർത്തന ങ്ങളെയാണ് ദ്വിതീയഘട്ട പ്രവർത്തന ങ്ങൾ എന്നു പറയുന്നത്. സാങ്കേതിക വിദ്യ മൂലധനം, ഗതാഗതം, തൊഴിലാളികൾ (പരിശീലനം ഉള്ളതും പരിശീലനം ഇല്ലാത്തതുമായവ) ഊർജ്ജം, വാണി ജ്യം, സർക്കാർ ലൈസൻസ് എന്നിവ ദ്വിതീയഘട്ട പ്രവർത്തനങ്ങൾക്കാവശ്യ മാണ് ദ്വിതീയഘട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ 'നീല കോളർ ജീവനക്കാർ'(Blue collar workers) എന്നു പറയുന്നു.

### തൃതീയ ഘട്ട പ്രവർത്തനങ്ങൾ

രണ്ടാം ഘട്ടപ്രവർത്തനങ്ങളുടെ വികസനത്തിന് സഹായകമാകുന്ന

വാണിജ്യം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ സേവനങ്ങളെ തൃതീയ ഘട്ടപ്രവർത്തനങ്ങൾ എന്നു പറയുന്നു. പരിശീലനം നേടിയ സങ്കേതിക വിദഗ്ധർ, തൊഴിലാ ളികൾ, ധനകാര്യ സ്ഥാപനങ്ങൾ (ചിത്രം 10) എന്നിവ തൃതീയഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവയാണ്. ഇവ ദ്വിതീ യ ഘട്ട പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. തൃതീയഘട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ **'പിങ്ക് കോളർ ജീവനക്കാർ' (Pink collar workers)** എന്നു പറയുന്നു.



ചിത്രം 10- ധനകാര്യ സ്ഥാപനങ്ങൾ

## ചതുർഘട്ട പ്രവർത്തനങ്ങൾ

വിദ്യാഭ്യാസം, നീതിന്യായം, ആരോഗ്യപരിപാലനം, വിനോദങ്ങൾ, നിർവ്വഹണം,



ചിത്രം - 11 അദ്ധ്യാപകർ



ചിത്രം 12- ഡോക്ടർമാർ

ഗവേഷണം, വികസനം, എന്നീ പ്രത്യേക മേഖലകളിൽ സേവനങ്ങൾ അനുഷ്ഠിക്കുന്നവർ ചതുർഘട്ട പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ **'വെള്ള കോളർ ജീവനക്കാർ'(White collar workers)** എന്നു പറയുന്നു. പൊതുവായി ഇത്തരം സേവനങ്ങൾ നഗരങ്ങളിൽ അധികമായി കാണപ്പെടുന്നു.



ചിത്രം 13 ഗോൾഡ് കോളർ ജീവനക്കാർ ജഡ്ജിമാർ

### പഞ്ചമഘട്ട പ്രവർത്തനങ്ങൾ

തീരുമാനങ്ങൾ കൈക്കൊള്ളുന്നവർ, പദ്ധതികൾ ആവിഷ്കരിക്കുന്നവർ എന്നീ ഉന്നതനിലവാരത്തിലുള്ളവർ ഉൾപ്പെടുന്ന ഘട്ടമാണിത്. സ്വകാര്യമേഖലയിലും പൊതു മേഖലയിലും, തീരുമാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിയമോപദേശ വിദഗ്ദ്ധരും, ആസൂത്രണ വിദഗ്ദ്ധരും അടങ്ങുന്ന വിഭാഗമാണിത്. ഈ ഘട്ടത്തിലുള്ളവരെ സ്വർണ്ണ കോളർ ജീവനക്കാർ (Gold collar workers) എന്നു പറയുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർ മഹാനഗരങ്ങളിൽ അധികമായി കാണപ്പെടുന്നത് ചിത്രം (13)

വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ പ്രാഥമിക, ദ്വിതീയ ഘട്ടപ്രവർത്തനങ്ങളിലും, വികസിത രാജ്യങ്ങളിലെ ജനങ്ങൾ തൃതീയ, ചാതുർ പഞ്ചമ ഘട്ട പ്രവർത്തനങ്ങളിലും വ്യാപൃതരായി രിക്കുന്നു.

തുടർന്നു വരുന്ന പാഠങ്ങളിൽ നിന്നും പ്രാഥമിക, ദ്വിതീയ, തൃതീയ ഘട്ടപ്രവർത്തനങ്ങളെ പറ്റി വിശദമായി പഠിക്കാം.

## അഭ്യാസം

**I. പൂരിപ്പിക്കുക.**

1. പരിണാമ വളർച്ചയുടെ അടിസ്ഥാനത്തിൽ മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങളെ _______ഘട്ടങ്ങളായി പിരിക്കാം.

2. പ്രാഥമിക ഘട്ട പ്രവർത്തനങ്ങളിൽ ജനങ്ങൾ പ്രകൃതിയിൽ നിന്നും _______________ വിഭവങ്ങൾ ശേഖരിക്കുന്നതിൽ വ്യാപൃതരായിരുന്നു.

3. അസംസ്കൃത വസ്തുക്കളെ സംസ്കൃത വസ്തുക്കളാക്കി മാറ്റുന്നതിനെ പ്രവർത്തനത്തിനെ __________എന്നു പറയുന്നു.

4. തൃതീയഘട്ട പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരെ _______________ കോളർ ജീവനക്കാർ എന്നു പറയുന്നു.

5. ____________രാജ്യങ്ങളിൽ പ്രാഥമിക, ദ്വിതീയഘട്ട പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർ തൃതീയ, ചതുർപഞ്ചഘട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെക്കാളും അധികമായിരിക്കുന്നു.

**II. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. ഇതൊരു പ്രാരംഭഘട്ട പ്രവർത്തനമാണ്.

അ) മരംമുറിയ്ക്കൽ ആ) ധനകാര്യ സ്ഥാപനം
ഇ) വിദഗ്ധോപദേശകൻ

2. ______ഘട്ടത്തിൽ സേവനം നടത്തുന്ന ജനങ്ങളെയാണ് വെള്ളകോളർ ജീവനക്കാർ എന്നു പറയുന്നു.

അ) ചാതുർഘട്ടം ആ) ദ്വിതീയ ഇ) തൃതീയ

3. തൊഴിൽശാലകളുടെ പുരോഗതിയ്ക്കായി ഉപകരിക്കുന്നത്

അ) കന്നുകാലി മേയ്ക്കൽ ആ) ഗതാഗതം

ഇ) വേട്ടയാടൽ

4.പഞ്ചമഘട്ട പ്രവർത്തനങ്ങൾ അധികമായി കാണപ്പെടുന്നത്_________.

അ) ഗ്രാമങ്ങൾ ആ) വിദ്യാലയങ്ങൾ ഇ) മഹാനഗരങ്ങൾ

5. ആസൂത്രണത്തിലേർപ്പെട്ടിരിക്കുന്നവർ

അ) ആരംഭഘട്ട പ്രവർത്തനം ആ)പഞ്ചമഘട്ട പ്രവർത്തനം
ഇ) തൃതീയഘട്ടപ്രവർത്തനം

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. നീലകോളർ ജീവനക്കാർ | - | മീൻപിടിത്തം |
| 2. വിനോദം | - | തൃതീയ ഘട്ടം |
| 3. വാണിജ്യം | - | ദ്വിതീയഘട്ടം |
| 4. പ്രാരംഭഘട്ടം | - | പരിശീലനം നേടിയതും നേടാത്തതും |
| 5. തൊഴിലാളികൾ | - | ചതുർഘട്ടം |

## IV. ചുരുക്കി ഉത്തരമെഴുതുക

1. പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ഏതെല്ലാം ?

2. തൃതീയഘട്ട പ്രവർത്തനങ്ങളെക്കുറിച്ചെഴുതുക ?

3. പഞ്ചമഘട്ട പ്രവർത്തനങ്ങളേതെല്ലാം ?

## V. വിശദമായി ഉത്തരം എഴുതുക

1. മനുഷ്യരുടെ സാമ്പത്തിക പ്രവർത്തനഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

### പ്രവർത്തനങ്ങൾ

**1. അക്ഷരങ്ങളെ ക്രമപ്പെടുത്തി എഴുതുക**

താഴെ പറയുന്ന കുറിപ്പുകളെ കൊണ്ട് ശരിയായ വാക്കുകളെ കണ്ടുപിടിക്കുക.

ങ് കോർപിള : തൃതീയഘട്ടപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ

ളി കൾ തൊലാഴി : പരിശീലനം നേടിയവരും നേടാത്തവരും

ഡ് ജിർമാജ : സ്വർണ്ണ കോളർ ജീവനക്കാർ

ക്കാകൃർഷി : ചുവന്ന കോളർ ജീവനക്കാർ

**II. ചിത്രങ്ങളെ ശേഖരിക്കുക**

താഴെ കൊടുത്തിരിക്കുന്നവയെ ഓരോന്നിനും 5 പടത്തിൽ കുറയാതെ ശേഖരിച്ച് ഒന്നിനെക്കുറിച്ച് ഒരു ആൽബം തയ്യാറാക്കുക.

1. തൃതീയഘട്ട പ്രവർത്തനം
2. ദ്വിതീയഘട്ട പ്രവർത്തനം
3. പഞ്ചമ ഘട്ട പ്രവർത്തനം
4. ഏതെങ്കിലും ഒരു തൊഴിൽശാലയുടെ ചിത്രങ്ങൾ ശേഖരിച്ച് അവയുടെ പ്രവർത്തനത്തെക്കുറിച്ച് പട്ടിക തയ്യാറാക്കുക.

**III. സംവാദം**

ലോകത്തിൽ തൃതീയഘട്ടം, ചതുർഘട്ടം, പഞ്ചമഘട്ടം എന്നീ സാമ്പത്തിക പ്രവർത്തനങ്ങൾ വികസിതമേഖലകളിൽ മാത്രമാണ് അധികമായി കാണുന്നത്.

**IV. ഭൂപടം**

ലോക രാഷ്ട്രീയ ഭൂപപടത്തിൽവികസിതരാജ്യങ്ങളെ അടയാളപ്പെടുത്തുക.

## 3. പ്രാഥമിക പ്രവർത്തനങ്ങളുടെ തരങ്ങൾ

മനുഷ്യ നാഗരികതയുടെ ചരിത്രത്തിൽ കൃഷി ഒരു പ്രധാന പങ്ക് വഹിക്കുന്നു. എന്തെന്നാൽ മനുഷ്യനെ ഒരുസ്ഥലത്ത് സ്ഥിരമായി താമസിക്കുവാൻ പ്രേരിപ്പിച്ചത് കൃഷിയാണ്. മനുഷ്യൻ ഒരു സ്ഥലത്ത് സ്ഥിരമായി താമസിക്കുന്നതിനു മുമ്പ് ജീവിതാവശ്യത്തിനായി വേട്ടയാടൽ, ആഹാര ശേഖരണം, കന്നുകാലി മേയ്ക്കൽ,മീൻപിടിത്തം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. മനുഷ്യൻ സ്ഥിരതാമസം ആരംഭിച്ചശേഷം അവർ ധാതുക്കളെ തന്റെ ജീവിത ത്തിൽ ഉപയോഗപ്പെടുത്താൻ തുടങ്ങി. ഇപ്രകാരം പ്രകൃതിയിൽ നിന്ന് ആവശ്യ വസ്തുക്കളെ നേരിട്ട് ശേഖരിക്കുന്നതിനെ പ്രാഥമികപ്രവർത്തനങ്ങൾ എന്നു പറയുന്നു.

**ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷ്യസംരക്ഷണവും വേട്ടയാടലുമാണ്.**

### 1. ഭക്ഷ്യ ശേഖരണം

മനുഷ്യർ പ്രകൃതിയിൽ നിന്നും തങ്ങൾക്ക് ആവശ്യമായ വസ്തുക്കളെ ശേഖരിക്കുന്ന പ്രവർത്തനത്തെയാണ് പ്രാഥമിക ഘട്ട പ്രവർത്തനം എന്നു പറയുന്നത്. കാടുകളിൽ നിന്ന് പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയെ ശേഖരിച്ചും, വേട്ടയാടിയും തനിക്ക് ആവശ്യമായ ഭക്ഷണവസ്തുക്കളെ ശേഖരിച്ചു പോന്നു. ഇത്തരം പ്രവർത്തനങ്ങൾ മറ്റു പ്രദേശങ്ങളുമായി ബന്ധമില്ലാത്ത ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ഇടയിൽ കാണുന്നു. ഉദാ: ആഫ്രിക്കൻ കാടുകളിൽ വസിക്കുന്ന ബുഷ്മാൻ വർഗ്ഗക്കാർ, ആന്റമാൻ , നിക്കോബർ ദ്വീപുകളിൽ വസിക്കുന്ന പ്രാചീന വർഗ്ഗക്കാരായ ജാർവാസ്, ഓൺജെസ് എന്നിവരുടെ ഇടയിൽ ഇത്തരം തൊഴിലുകൾ കാണപ്പെടുന്നു.(ചിത്രം 14)

### 2. വേട്ടയാടൽ

വേട്ടയാടലും ഒരു പ്രാഥമിക പ്രവർത്തനമാണ്. ഇറച്ചിക്കും, തോലിനും വേണ്ടി മൃഗങ്ങളെ മനുഷ്യർ വേട്ടയാടുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഒറ്റപ്പെട്ട വിദൂരപ്രദേ ശങ്ങളിലെ ജനങ്ങളുടെ ഇടയിൽ ഇപ്പോഴും പ്രാബല്യത്തിലുണ്ട്. ഉദാഹരണമായി ആഫ്രിക്കയിലെ പിക്മികളും,ആമസോൺ സമതലങ്ങളിലെ അമേരിന്ത്യക്കാർ, കാനഡയിലെ എക്സിമോക്കളും ചിത്രം -15 ഇത്തരത്തിലുള്ളവരാണ്.



ചിത്രം - 14 ജാർവാസ്



ചിത്രം 15 എക്സിമോക്കൾ

കന്നുകാലിമേച്ചിൽ മത്സ്യബന്ധനം എന്നീ തൊഴിലുകൾക്ക് സഹകരണം അത്യാവശ്യമാണ്.

### 3. കന്നുകാലി മേയ്ക്കൽ

കന്നുകാലി മേയ്ക്കലും ഒരു പ്രാഥമിക പ്രവർത്തനമാണ്. കാലാവസ്ഥ ഭേദങ്ങൾ ക്കനുസരിച്ച് പുതിയ മേച്ചിൽ സ്ഥലങ്ങളെ അന്വേഷിച്ച് ജനങ്ങൾ നാടോടികളായി കന്നുകാലികളെ കൂട്ടംകൂട്ടമായി ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് കൊണ്ടു പോകുന്നു.



ചിത്രം- 16
ആഫ്രിക്കയിലെ മസായ് വർഗ്ഗക്കാർ

കന്നുകാലി മേയ്ക്കലിന്റെ രീതി സ്ഥലത്തിനു സ്ഥലം വ്യത്യാസപ്പെട്ടു കാണുന്നു. ആഫ്രിക്കയിലേയും (ചിത്രം-16) മദ്ധ്യ ഏഷ്യയിലേയും ഇടയന്മാർ കാലാവസ്ഥക്കനുസരിച്ചും സ്ഥലങ്ങളുടെ ലഭ്യതയക്കനുസരിച്ചും സഞ്ചരിയ്ക്കുന്നു. വടക്കേ അമേരിക്ക, തെക്കേ അമേരിക്ക ആസ്ത്രേലിയ എന്നിവിടങ്ങളിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന വൻവ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. അതിനാൽ കന്നുകാലികൾ പ്രകൃതി സസ്യങ്ങളെ മാത്രം ആശ്രയിക്കുന്നില്ല. ഈ സ്ഥാപനങ്ങൾ വൻതോതിൽ കന്നുകാലികൾ വളർത്തുന്നതിന് ഉപകരിക്കുന്നു. (ചിത്രം-18,19).




ചിത്രം 17- കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ

| നാടോടികൾ | സ്ഥലം | മൃഗങ്ങൾ |
|---|---|---|
| മസായി | ടാൻസാനിയ, ആഫ്രിക്ക, കെനിയ | കന്നുകാലികൾ |
| ബെഡേയിൻ | അറേബ്യ | ഒട്ടകം |
| ലാപ്സ് | സ്കാണ്ടിനേവിയ | ഒരുതരം കലമാൻ |
| ഡാറക്സ് | ആഫ്രിക്ക, തെക്കുപടിഞ്ഞാറൻ ഏഷ്യ | ഒട്ടകം |
| കാർട്സ് | പശ്ചിമേഷ്യ | ആട്, ചെമ്മരിയാട് |
| റാബറി | ഇന്ത്യ, രാജസ്ഥാൻ | ഒട്ടകം |

## 4. മത്സ്യബന്ധനം

നദികൾ, തടാകങ്ങൾ, കടൽതീരങ്ങൾ എന്നിവിടങ്ങളിലെ പ്രാഥമിക പ്രവർത്തനമാണ് മത്സ്യ ബന്ധനം. ഉൾനാട്ടു മത്സ്യബന്ധനം സാധാരണയായി ലളിതവും കുറഞ്ഞ തോതിലുള്ളതാണ്.



ചിത്രം 18 ഡാൻലീസാപ്
ലോകത്തിന്റെ ഏറ്റവും വലിയ ഉൾനാട്ടു
മത്സ്യബന്ധന തടാകം



ചിത്രം 19 ഡാൻലീസാപ് തടാകം മിതക്കുന്ന ഗ്രാമം

മത്സ്യ ബന്ധനത്തിനായി ചെറിയ വലകൾ ഉപയോഗിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഉൾനാട്ടു മത്സ്യ ബന്ധന തടാകം കംബോഡിയിലുള്ള ടോൺലി സാപ് (Donle sap) ആണ്.(ചിത്രം-18,19).

ആഴക്കടൽ മത്സ്യബന്ധനം എന്നത് വളരെ സങ്കീർണ്ണമായ ഒരു പ്രവർത്തനമാണ്. ഭൂഖണ്ഡ തിട്ടുകളിലും ആഴംകുറഞ്ഞ കടലിലും മത്സ്യങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ പ്ലാങ്ക്ടൺ എന്ന പായൽ സസ്യം ധാരാളമുണ്ട്. വലിയ കപ്പലുകൾ അതായത് വ്യവസായ കപ്പലുകൾ മാസങ്ങളോളം തങ്ങി മത്സ്യ ബന്ധനം നടത്തുന്നു.അവ കപ്പലിൽ വച്ചുതന്നെ സംസ്ക്കരിച്ച് ടിന്നുക ളിലാക്കുന്നു.

അവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വൻതോതിൽ മത്സ്യബന്ധനം നടത്തുന്നതിനാൽ ഇത് പലപ്പോഴും നിയന്ത്രണമറ്റ മത്സ്യ ബന്ധനത്തിന് വഴിയൊരുക്കുന്നു. ജപ്പാൻ, പെറു, കാനഡ, വടക്കൻ സമുദ്രം, വടക്കു പടിഞ്ഞാറൻ അറ്റ്ലാന്റിക്ക് സമുദ്രം എന്നിവ പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രങ്ങളാണ്. സമുദ്രങ്ങളിൽ മത്സ്യ ബന്ധനത്തിനുപുറമേ തിമിംഗലം, നീർനായ് എന്നിവയെ വേട്ടയാടുകയും മുത്തുകളെ ശേഖരിക്കുകയും ചെയ്യുന്നു.

## 5. ഈർച്ചപ്പണി

വിവിധ ആവശ്യങ്ങൾക്കായി വനങ്ങളിൽ നിന്ന് തടി ശേഖരിക്കുന്ന പ്രവർത്തനമാണിത്. വിറക് മരസാധനങ്ങൾ, പേപ്പർ, കടലാസ് നിർമ്മാണ തൊഴിൽശാല തൊഴിൽശാല തുടങ്ങിയവയ്ക്ക് തടി ഉപയോഗിക്കുന്നു. ഉഷ്ണമണ്ഡല

കാടുകളെ രണ്ടു തരം കാരണങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നു. ഇവിടെ അധികതോതിൽ കോണിഫറസ് (സൂചിഇല) മരങ്ങൾ പോലുള്ള വൃക്ഷങ്ങളും മൃദുവനങ്ങളും ചേർന്നു കാണപ്പെടുന്നു. റഷ്യ, കാനഡ, അമേരി ക്കൻ ഐക്യനാടുകൾ എന്നീ രാജ്യങ്ങ ളിൽ വൻതോതിൽ വനവിഭവങ്ങൾ ഉണ്ട്. ലോകത്തിലെ മരം ഉൽപന്ന ങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും മിതോഷ്ണ മണ്ഡലകാടുകളിൽ നിന്നാണ് ലഭിക്കുന്നത്. (ചിത്രം-20)



ചിത്രം 20 മിതോഷ്ണ മണ്ഡല കാടുകളിലെ മരം വെട്ടു തൊഴിൽ

വിലപിടിപ്പുള്ള കഠിന മരങ്ങളായ തേക്ക്, ഈട്ടി എന്നിവ അയന മണ്ഡല പ്രദേശങ്ങളിൽ കാണപ്പെടുന്നു. പക്ഷേ ഈർച്ചപ്പണി ഒരു പ്രധാനതൊഴിലല്ല. കാരണം വില പിടിപ്പുള്ള മരങ്ങൾ വനങ്ങളിൽ അങ്ങിങ്ങായി മാത്രമേ കാണപ്പെടുന്നുള്ളു.

ഖനനവും കാർഷിക വൃത്തിയും പ്രാഥമിക പ്രവർത്തനങ്ങളാണ്. എന്നാൽ ഇതിന് മാനുഷിക സമ്പർക്കവുംവിശാലമായ പ്രദേശവും ആവശ്യമാണ്. അതുകൊണ്ട് ഈ പ്രാഥമിക പ്രവർത്തനങ്ങളെക്കുറിച്ച് അടുത്ത പാഠങ്ങളിൽ പഠിക്കാം.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. മനുഷ്യർ നേരിട്ട് പ്രകൃതിയെ ആശ്രയിക്കുന്ന പ്രവർത്തനങ്ങളെയാണ് ________എന്നു പറയുന്നത്.
2. പ്രാകൃതിക പുൽപ്രദേശങ്ങളിലെ ജനങ്ങൾ വൻതോതിൽ മൃഗങ്ങളെ തീറ്റിക്കുന്ന പ്രവർത്തനത്തെ____________എന്നു പറയുന്നു.
3. പ്രാഥമിക ഘട്ട പ്രവർത്തനങ്ങളിൽ വളരെ പുരാതനമായതാണ്________.
4. മിതോഷ്ണ മണ്ഡല കാടുകളിൽ_______.മരങ്ങൾ കാണപ്പെടുന്നതിനാൽ ഇവിടെ ഈർച്ചപ്പണി കാണപ്പെടുന്നു.
5. ____________ൽ മത്സ്യബന്ധനം ചെയ്യുന്നത് ശ്രമകരമായ പ്രവർത്തിയാണ്.

## II. ശരിയായ ഉത്തരം എഴുതുക

1. ജാർവാസ് ____________________ ൽ ഉള്ള ആദിവാസികളാണ്.

    അ) ആൻ്റമാൻ നിക്കോബർ  ആ) ആഫ്രിക്ക  ഇ) കാനഡ

2. കാനഡയിലെ എക്സിമോക്കൾ ____________________.

    അ) വേട്ടക്കാർ  ആ) സംഭരണക്കാർ  ഇ) ഇടയന്മാർ

3. മത്സ്യങ്ങൾക്കാവശ്യമായ ആഹാരസാധനങ്ങൾ അധികമായി ലഭിക്കുന്നത് ____________________.

    അ) ഭൂഖണ്ഡതട്ടുകൾ  ആ) ഭൂഖണ്ഡചരിവുകൾ  ഇ) ഗർത്തങ്ങൾ

4. 2/3 ഭാഗം മരഉൽപന്നങ്ങൾ ലഭിക്കുന്നത് ____________________.

    അ) മിതോഷ്ണമേഖലാ വനങ്ങൾ  ആ) ഭൂമദ്ധ്യരേഖാവനങ്ങൾ
    ഇ) തുന്ദ്രാവനങ്ങൾ

5. പ്രാഥമിക പ്രവർത്തനങ്ങൾ അധികതോതിൽ നടക്കുന്നത് ____________________.

    അ) ഭക്ഷ്യശേഖരണം  ആ) വേട്ടയാടൽ  ഇ) ഖനനം

## III. യോജിപ്പിക്കുക

1. ബുഷ്മാൻ - മിതോഷ്ണമണ്ഡല വനങ്ങൾ
2. ജപ്പാൻ - ആഫ്രിക്ക
3. തേക്ക് - മത്സ്യബന്ധനം
4. കോണിഫറസ് - മൃഗങ്ങളുടെ ആഹാരം
5. കാലിത്തീറ്റ - മൃദുവനങ്ങൾ

## IV. ചുരുക്കി എഴുതുക

1. പ്രാഥമിക പ്രവർത്തനങ്ങൾ ഏതെല്ലാം ?
2. കന്നുകാലി മേയ്ക്കൽ എന്നാൽ എന്ത് ?
3. ഭക്ഷ്യവസ്തുശേഖരണത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങളുടേയും, സ്ഥലങ്ങളുടെയും പേരെഴുതുക?
4. ഉൾനാട്ടു മത്സ്യബന്ധനം എന്നാലെന്ത് ?
5. ഉഷ്ണമണ്ഡലക്കാടുകളെക്കാൾ മിതോഷ്ണമണ്ഡലകാടുകൾ ഈർച്ചപ്പണിക്ക് വളരെയധികം പ്രയോജനപ്പെടുന്നു എന്തുകൊണ്ട് ?

## V. വിവരിക്കുക

1. ആഴക്കടലിലെ മത്സ്യബന്ധന പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക?
2. പ്രാഥമിക പ്രവർത്തനങ്ങളുടെ തരങ്ങളെക്കുറിച്ച് ഒരുപന്യാസം എഴുതുക ?

## രൂപീകരണ മൂല്യനിർണ്ണയം

### പ്രവർത്തനം

ശരിയായ വാക്കുകളെ കണ്ടുപിടിക്കുക

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ആ | ഹാ | ര | ശേ | ഖ | ര | ണ | ം | ത | ൽ | പ്രാ | രം | ഭ |
| ഘ | ട്ട | പ്ര | വ | ർ | ട്ട | ന | ം | സ | പെ | ചെ | പ | മു |
| ഗ | ത | ണ | ര | ഖ | ശെ | ര | ഹാ | ആ | ൾ | മ്മ | ച്ചി | ത്ത് |
| ക്ഷ | അ | ഫ്രി | ക്ക | ക | ണ | ആ | ർ | യ | ബെ | ടോ | യി | ൻ |
| അ | മെ | സാ | ം | മാ | ൻ | പ്പ | നി | ലാ | മ്പ | യാ | ബ്യ | ഷ്യ |
| ഭ | ഗ | വി | റ | ക്ക് | പെ | കെ | ജാ | പ്പ് | മ്പ | ട് | പി | റേ |
| മ | രം | വെ | ട്ട | ൽ | യ | വി | ർ | സ് | ഴ | ൾ | പി | അ |
| ജ | കൃ | യി | സാ | മാ | ൻ | മ്പ് | വാ | ൽ | കു | ക | ക്ക് | യ |
| സ | ഷി | എ | ഴ | ജെ | ജ | ഗ | സ് | ര | ലി | മി | റി | സ് |
| സ് | ൻ | ട്ട | രെ | ൻ | ആ | റെ | ബ്യ | യാ | മ | കാ | സ | അ |
| ക് | സ്ഥ | ക | ഓ | ടേ | യ | ന്ത്യ | വി | ട്ട | റാ | ന്ന | ന | ൻ |
| റ | ജ | ം | ആ | ട് | യി | ൾ | ഈ | വേ | ഭാ | ക | കാ | ഡ |
| ഡാ | രാ | പ്ലാ | ങ് | ട | ൻ | ൻ | മാ | ൻ | റി | കാ | ർ | സ് |

I. അ. കാടുകളിൽ നിന്ന് കിട്ടുന്ന പഴങ്ങൾ ശേഖരിക്കുക ?

ആ. ഒട്ടകങ്ങളെ മേയ്ക്കുന്ന അറേബ്യൻ ജാതിക്കാർ ?

ഇ. വനങ്ങളിൽ നിന്ന് മരം മുറിക്കുന്നത് ?

ഇ. അന്തമാൻ നിക്കോബർ ദ്വീപുകളിൽ ആഹാരം ശേഖരിക്കുന്ന ജനങ്ങൾ ആരെല്ലാം ?

ഉ. വലിയ തോതിൽ ഉള്ള ഒരു പ്രാരംഭ ഘട്ടതൊഴിൽ ?

ഊ. മീനുകളുടെ ആഹാരം

## II. സംവാദം

മരം വെട്ടും തൊഴിൽ അയനമണ്ഡലങ്ങളിൽ വലിയ തൊഴിലായിട്ട് കരുതപ്പെടുന്നില്ല എന്തുകൊണ്ട് ?

## III. പ്രയോഗിക അഭ്യാസം

1. ലോകത്തിലുള്ള നാടോടികൾ, പ്രദേശങ്ങൾ, മൃഗങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കുക.
2. താഴെകൊടുത്തിട്ടുള്ളവയെക്കുറിച്ച് പ്രോജക്റ്റ് തയ്യാറാക്കുക

   അ) ആഫ്രിക്കയിലെ പിഗ്മികൾ

   ആ) ആന്റമാനിലെ ജാർവാസ്
3. ലോകഭൂപടത്തിൽ താഴെകൊടുത്തിട്ടുള്ളവയെ അടയാളപ്പെടുത്തുക

   അ) ഡോഗർ ബാങ്ക്

   ആ) പെറു

   ഇ) വടക്കൻ കടൽ

   ഈ) ജപ്പാൻ

   ഉ) കാനഡ

# പ്രാഥമിക ഘട്ട തൊഴിൽ -1

## 4. ഖനനം

ഖനനം എന്നത് ഒരു പ്രാഥമിക പ്രവർത്തനമാണ്. അത് വ്യവസായ വളർച്ചയെ സഹായിക്കുന്നു.

ഖനനം എന്നത് ഭൂമിയിൽ നിന്നും വിലപിടിപ്പുള്ള ഖനിജങ്ങളെയും ഭൂഘടനാ സംബന്ധമായ വസ്തുക്കളേയും കുഴിച്ചെടുക്കുന്ന പ്രവർത്തിയാണ്. ഭൂമിയിൽ നിന്ന് കല്ലുകളേയും ലോഹങ്ങളേയും കുഴിച്ചെടുക്കുന്ന പ്രവർത്തി ചരിത്രാതീതകാലം മുതൽക്കേ നടന്നു വരുന്നു. പുരാതന മനുഷ്യർ ഖനിജങ്ങൾ ഉപയോഗിച്ച് ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിച്ചിരുന്നു. ഇപ്പോൾ ഖനന തൊഴിൽ വൻതോതിൽ നടന്നു വരികയാണ്. കാരണം വ്യവസായ ശാലകൾ ഖനിജ വിഭവ ങ്ങളെ വൻതോതിൽ ഉപയോഗി ക്കുന്നു.

ഖനിവിഭവങ്ങൾ പുതുപ്പിക്കാനാവാത്ത ഒരു വിഭവമാണ്. അതി നാൽ ഖനനത്തെ ഒരു **അപകരണ തൊഴിൽ** എന്നു പറയപ്പെടുന്നു. കാരണം ഒരു പ്രാവശ്യം ഉപയോഗ ത്തിനായി കുഴിച്ചെടുക്കപ്പെട്ട ധാതു ക്കളെ തിരികെ വയ്ക്കാൻ സാധിക്കു കയില്ല എന്നതാണ്.

### ഖനിജങ്ങളുടെ തരങ്ങൾ

ഖനിജങ്ങളെ അതിലടങ്ങിയിരിക്കുന്ന ധാതുക്കളുടെ അടിസ്ഥാനത്തിൽ ലോഹധാതുക്കൾ, അലോഹധാതുക്കൾ, ഇന്ധന ധാതുക്കൾ എന്നും തരംതിരിക്കാം. ഇരുമ്പയിര് ഒരു ലോഹധാതുവാണ്. കാരണം അത് ഇരുമ്പുലോഹം അടങ്ങിയ താണ്. എന്നാൽ ചുണ്ണാമ്പു കല്ലു പോലുള്ള ഖനിജങ്ങൾ ലോഹമില്ലാതെ കാണപ്പെടുന്നു. ഇന്ധന ധാതു ക്കൾ ലോഹമല്ലാത്ത ധാതുക്കളാണ്. അവ വളരെ പ്രധാനപ്പെട്ട ഇന്ധന വിഭവങ്ങളാണ്.

ഖനിജങ്ങൾ ശുദ്ധമായതോ പാറകളിൽ മറ്റു വസ്തുക്കളോട് ചേർന്ന് ധാതുക്കളായോ ലഭിക്കുന്നു. ധാതുക്കൾ കുഴിച്ചെടുത്ത് ശുദ്ധീകരിച്ച് വിലയുയർന്ന വസ്തുക്കളായി പിരിച്ചെടുക്കുന്നു.

ഖനിജധാതുക്കൾ പാറകളുടെ പിളർപ്പുകളിലും പാറകൾക്കിടയിലും (Faults) യോജിക്കുന്ന ഭാഗത്തും ഉറഞ്ഞുകാണപ്പെടുന്നു. ഖനിജ ധാതു ഉറയുന്നത് അത് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനനുസരിച്ച് തരം തിരിക്കുന്നു.

| ലോഹധാതുക്കൾ | അലോഹധാതുക്കൾ | ഇന്ധനധാതുക്കൾ |
|---|---|---|
| ഇരുമ്പ് | ഗന്ധകം | കൽക്കരി |
| ചെമ്പ് | മൈക്ക | പെട്രോളിയം |
| സ്വർണ്ണം | നൈട്രേറ്റ് | പ്രകൃതിവാതകം |
| തകരം | ചുണ്ണാമ്പുകല്ല് | യുറേനിയം |
| അലുമിനീയം | ആസ്ബസ്റ്റോസ് | തോറിയം |

ധാതുനിക്ഷേപങ്ങളെ രൂപീകരണമനുസരിച്ച് കുറഞ്ഞ ധാതുപാളി (Vein) അധികധാതുനിക്ഷേപം (Lodes) അടിത്തട്ടിലുള്ള നിക്ഷേപം (bed) വണ്ടൽ നിക്ഷേപം എന്നു നാലായി വകഭേദം ചെയ്യാവുന്നതാണ്.

### ഖനനത്തിന്റെ തരങ്ങൾ

ഖനിജങ്ങൾ പല രീതികളിലും ഖനനം ചെയ്യപ്പെടുന്നു. ധാതുക്കൾ ലഭിക്കുന്ന സ്ഥലത്തി നനുസരിച്ച് ഭൂമിയുടെ ഉപരിതലത്തിലോ, ആഴത്തിലോ ലഭിക്കുന്ന ഖനിജങ്ങൾ വെട്ടിയെടുക്കപ്പെടുന്നു.



ചിത്രം.21-
തുറന്ന രീതിയിലുള്ള ഖനനം

ഭൂമിയുടെ ഉപരിതലത്തിൽ ഖനനം ചെയ്യുന്ന രീതികളെ തുറ സ്സായ ഖനന രീതി അടുക്കുകളായി എടുക്കുന്ന രീതി, വേർതിരിക്കു ന്നരീതി എന്നിങ്ങനെ തരം തിരിച്ചി രിക്കുന്നു. ഈ രീതികൾ ഭൂമിയുടെ ഉപരിതലത്തിലോ അതിനടുത്തോ ലഭിക്കുന്ന ധാതുക്കളെ വെട്ടിയെടുക്കുന്ന രീതിയാണ്.

തുറസ്സായഖനന രീതിയിൽ ഭൂമിയുടെ ഉപരരിതലത്തിൽ ലഭി ക്കുന്ന ഖനിജങ്ങൾ ഖനനം ചെയ്യ പ്പെടുന്നു. ചിത്രം (21)

അടുക്കുകളായി എടുക്കുന്ന രീതിയിൽ മേലുറഞ്ഞ മണ്ണിനെ നീളത്തിൽ വെട്ടിമാറ്റി മണ്ണിനേയും, പാറകളേയും നീക്കിയതിനുശേഷം ധാതുക്കൾ വെട്ടിയെടുക്കപ്പെടുന്നു. (ചിത്രം - 22)



ചിത്രം-22 അടുക്കുകളായ ഖനനം



ചിത്രം 23- വണ്ടൽ വേർതിരിച്ചെടുക്കുന്ന രീതി - സ്വർണ്ണം

വണ്ടൽ വേർതിരിക്കുന്ന രീതി എന്നത് ധാതുക്കളെ അരിച്ചോ കലക്കിയോ, തെളിച്ചെടുക്കുന്ന രീതിയാണിത്. സ്വർണ്ണം, തകരം തുടങ്ങിയ ധാതുക്കൾ വണ്ടലോടുകൂടി ചേർന്നു കാണുന്നതിനാൽ നദീഡൽറ്റകളിൽ ഇവ അരിച്ചെടുക്കുന്ന രീതി നിലവിലുണ്ട്. (ചിത്രം-23)

ക്വാറിങ് എന്ന വെട്ടിയെടുക്കൽ രീതി ചുണ്ണാമ്പുക്കൽ പോലുള്ള ഖരവസ്തുക്കൾ ഭൂമിയുടെ മേൽ പരപ്പിൽ നിന്നും വെട്ടിയെടുക്കുന്ന രീതിയാണ്.

ഭൂഗർഭ ഖനനം എന്നത് ധാതുക്കളെ ഭൂമിയുടെ അന്തർഭാഗത്ത് അധിക ആഴത്തിൽ നിന്നു വെട്ടിയെടുക്കുന്ന പ്രവർത്തിയാണ്. ഈ രീതി ഉപരിതല ഖനനത്തെക്കാൾ ചിലവു കൂടിയതാണ് സുരക്ഷ, മുൻകരുതൽ എന്നിവ ഭൂഗർഭ ഖനന ത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. (ചിത്രം - 24)



ചിത്രം 24. ഭൂഗർഭ ഖനനം

ഉദാഹരണത്തിന് കൽക്കരി ഖനികളിൽ ഭൂമിക്കടിയിൽ പ്രകൃതി വാതകം ഉള്ളതിനാൽ തീപിടിക്കാൻ സാദ്ധ്യത കളുണ്ട്.

ദ്വാരമിടുന്ന രീതി മുഖേന അസംസ്കൃത എണ്ണ പ്രകൃതി വാതകം എന്നീ ഇന്ധന ധാതുക്കൾ കുഴിച്ചെടുക്കപ്പെടുന്നു. എണ്ണ ക്കിണറുകളിൽ നിന്നും കുഴലുകളിലൂടെ എണ്ണ എടുക്കാൻ എണ്ണ റിഗ്ഗ് (Rigs) പ്രയോജനപ്പെടുത്തുന്നു. കിണറുകളിലൂടെ എണ്ണയെടുക്കുന്നഎണ്ണപ്പാടങ്ങളുള്ള സ്ഥലങ്ങളിൽ കാണുന്ന ഡെറിക് (derricks) എന്ന പേരോടു കൂടിയ യന്ത്രത്താലുള്ള ഗോപുരം പോലെ തോന്നിപ്പിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളെകാണാൻ സാധിക്കും. (ചിത്രം 25)




ചിത്രം-25
എണ്ണയെടുക്കുന്ന സ്റ്റേജുപോലുള്ള ഗോപുര ഘടന

**ധാതുക്കളുടെ വ്യാപനം**
**ലോഹധാതുക്കൾ**
**ഇരുമ്പുധാതു**

മാഗ്നറ്റൈറ്റ്, ഹേമറ്റൈറ്റ്, ലിമോണൈറ്റ്, സിഡറൈറ്റ് എന്നിവ ഇരുമ്പിന്റെ അയിരുകളാണ്. ഇരുമ്പു അയിരിനെ ഇരുമ്പിന്റെ അംശം അടങ്ങിയിട്ടുള്ള തോതനുസരിച്ച് തരം തിരിച്ചിരിക്കുന്നു. ഇരുമ്പുധാതു ലോകത്തിൽ അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ആസ്ട്രേലിയ, ചൈന, ബ്രസീൽ, ഇന്ത്യ, കസാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിൽ അധിക അളവിൽ കാണപ്പെടുന്നു.

## ലോകത്തിൽ ഇരുമ്പ് ചെമ്പ് എന്നിവ കിട്ടുന്ന പ്രദേശങ്ങൾ




ചിത്രം 26

## ചെമ്പ്

ഈ ധാതു ഉപരിതലത്തിൽ നിന്നും ഖനനം ചെയ്യപ്പെടുന്നു. അമേരിക്കൻ ഐക്യനാട്ടിലെ ഉട്ടാ, മെക്സിക്കോ, സാംബിയ, ചിലി, ഇൻഡോനേഷ്യ എന്നിവിടങ്ങളിൽ നിന്നും വൻ തോതിൽ ചെമ്പ് ഖനനം ചെയ്യപ്പെടുന്നു. (ചിത്രം-26)

## ബോക്സൈറ്റ്

അലുമിനിയത്തിന്റെ അയി രാണ് ബോക്സൈറ്റ്. ഇത് തുറസ്സായ ഖനികളിൽ നിന്നും വേർതിരിച്ചെടുക്കുന്നു. ആസ്ത്രേലിയ, ബ്രസീൽ, ജമൈക്ക, ഗിനിയ എന്നിവിടങ്ങളിൽ വൻതോതിൽ ബോക്സൈറ്റ് നിക്ഷേപങ്ങൾ ഉണ്ട്.

## തകരം

തകരത്തിന്റെ അയിരിനെ കേസിറ്ററൈറ്റ് (Cassiterite) എന്നു പറയപ്പെടുന്നു. ഇത് വണ്ടൽ ഖനനത്തിലൂടെ ലഭിക്കുന്നു. മലേഷ്യ, ബൊലീവിയ, ഇൻഡോനേഷ്യ ചൈന, റഷ്യ, നൈജീരിയ, കോംഗോ എന്നിവിടങ്ങളിൽ നിന്നും തകരം ഖനനം ചെയ്യപ്പെടുന്നു.

## സ്വർണ്ണം

വിലപിടിപ്പുള്ള ലോഹമായ സ്വർണ്ണം വണ്ടൽ ഖനനത്തിലൂടെ വേർതിരിക്കുന്നു. സ്വർണ്ണത്തിന്റെ പരിശുദ്ധി തെളിയിക്കുന്നത് കാരറ്റ് (Carat) എന്നറിയപ്പെടുന്ന അളവു തോതിലൂടെയാണ്. ലോകത്തിൽ സ്വർണ്ണം അധികതോതിൽ, ദക്ഷിണാഫ്രിക്ക, കാനഡ, അമേരിക്കൻ ഐക്യ നാടുകൾ, ആസ്ത്രേലിയ, ഘാന എന്നിവിടങ്ങളിൽ വൻതോതിൽ ഉൽപാദിപ്പിക്കുന്നു.

## അലോഹ ധാതുക്കൾ

ഉപ്പ്, പൊട്ടാഷ്, നൈട്രേറ്റ്, സൾഫർ, മൈക്ക, പാറഉപ്പ്, ഫാസ്ഫേറ്റ് എന്നിവ അലോഹ ധാതുക്കളാണ്. മാണിക്യവും വജ്രവും അലോഹ ധാതുക്കളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഗന്ധകം (സൾഫർ)

ഭൂഗർഭ ഖനനത്തിലൂടെ സൾഫർ വേർ തിരിച്ചെടുക്കുന്നു. കടും മഞ്ഞ നിറത്തിലുള്ള ധാതുവാണ്. വൻകിട രാസവ്യവസായശാലകളിൽ, രാസവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് സൾഫർ ആവശ്യമാണ്. അമേരിക്കൻ ഐക്യനാടുകൾ, മെക്സിക്കോ, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങൾ വൻതോതിൽ സൾഫർ ഉല്പാദിപ്പി ക്കുന്നു.

## മൈക്ക

മൈക്ക ഒരു കറുത്ത പാരദർശകമായ ഇതിനെ എളുപ്പ ത്തിൽ ചെറിയ തകിടുകളായും, പട്ടകളായും മുറിക്കാൻ സാധിക്കുന്നു. വൈദ്യുതോപകരണ ശാലകളിൽ മൈക്ക ഉപയോഗിക്കുന്നു. അമേരിക്കൻ ഐക്യനാടുകൾ, ഇന്ത്യ, നോർവേ, ബ്രസീൽ, റഷ്യ എന്നീ രാജ്യങ്ങൾ പ്രധാനപ്പെട്ട ഉല്പാദക രാജ്യങ്ങളാണ്.

## ആസ്ബറ്റോസ്.

പൊതുവായി ഇത് തുറന്ന ഖനികളിൽ നിന്നും വേർതിരിച്ചെടുക്കുന്നു. തീപിടിക്കാത്ത വസ്തുക്കൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നു. കാനഡ, റഷ്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക റൊഡേഷ്യ, ചൈന, അമേരിക്കൻ ഐക്യനാടുകൾ, ഇറ്റലി എന്നിവിടങ്ങളിൽ ഇത് ഖനനം ചെയ്യപ്പെടുന്നു.

### ഇന്ധന ധാതുക്കൾ

മൂന്നു പ്രധാനപ്പെട്ട ഊർജ്ജ വിഭവങ്ങളാണ് കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം. ഇവ അലോഹധാതുക്കളിൽ ഉൾപ്പെട്ടവയാണ്. പുതുപ്പിക്കാനാവാത്ത ഇത്തരം വിഭവങ്ങളെക്കുറിച്ച് മുൻപാഠത്തിൽ പഠിപ്പിക്കുന്നു.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. ഖനനത്തെ ____________തൊഴിൽ എന്നും പറയുന്നു.
2. തുറസ്സായ ഖനനത്തെ ____________എന്നും വിളിക്കുന്നു.
3. ധാതുക്കൾ പുതുപ്പിക്കാൻ സാധിക്കാത്ത____________ആണ്
4. മൈക്ക____________തൊഴിൽശാലകളിൽ ഉപയോഗിക്കുന്നു.
5. ____________എന്നത് എണ്ണപ്പാടങ്ങളിൽ കാണപ്പെടുന്ന ഗോപുരങ്ങളാണ്.

### II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വണ്ടൽ നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന ധാതു

   അ) സ്വർണ്ണം ആ) ഇരുമ്പ് ഇ) കൽക്കരി

2. അലുമിനിയത്തിന്റെ അയിര്

   അ) ഗന്ധകം ആ) ഉപ്പ് ഇ) ബോക്സൈറ്റ്

3. മാഗ്നറ്റൈറ്റ് എന്ന അയിരിൽ അടങ്ങിയിട്ടുള്ള ധാതു.

   അ) ഇരുമ്പ് ആ) കൽക്കരി ഇ)സ്വർണ്ണം

4. ഒരുതരം അലോഹ ധാതുവാണ്

   അ) പെട്രോളിയം ആ)ഗന്ധകം ഇ)ഇരുമ്പ്

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ഇന്ധനം | - | തകരം |
| 2. മലേഷ്യ | - | സ്വർണ്ണം |
| 3. വണ്ടൽ വേർതിരിക്കൽ | - | ക്വാറിങ് |
| 4. ചുണ്ണാമ്പുകല്ല് | - | ചിലി |
| 5. ചെമ്പ് | - | കൽക്കരി |

## IV. ഉത്തരം ചുരുക്കി എഴുതുക

1. ഭൂമിയിൽ ധാതുക്കൾ എപ്രകാരം കാണപ്പെടുന്നു.
2. ഭൂഗർഭ ഖനനം എന്നാൽ എന്ത് ?
3. കൽക്കരിയുടെ വിവിധ തരങ്ങൾ ഏതെല്ലാം ?
4. ഇന്ധന ധാതുക്കൾ ഏതെല്ലാം ?
5. വണ്ടൽ വേർതിരിക്കൽ എന്നാലെന്ത് ?


## V. വിവരിച്ച് ഉത്തരമെഴുതുക

1. ഖനനത്തിന്റെ തരങ്ങളെക്കുറിച്ച് വിവരിക്കുക ?
2. ലോഹധാതുക്കളെക്കുറിച്ച് വിവരിക്കുക ?

## രൂപീകരണ മൂല്യനിർണ്ണയം

### I. പ്രവർത്തനം

**ഇടത്തുനിന്നു വലത്തോട്ടും മുകളിൽ നിന്ന് കീഴോട്ടുമുള്ള വാക്കുകളെ കണ്ടുപിടിക്കുക.**



**ഇടത്തുനിന്നും വലത്തോട്ട്**

1. അലുമിനിയത്തിന്റെ അയിര് (4)
3. ഇരുമ്പയിരിന്റെ വകഭേദം (5)
5. വണ്ടൽ രീതിയിൽ വേർതിരിക്കുന്ന ധാതു (3)
7. ഒരു അലോഹധാതു (4)

**താഴോട്ട്**

1. ഉപരിതലത്തിലുള്ള ഖനനം (7)
2. മേലുറഞ്ഞ മണ്ണിനെയും, പാറകളേയും നീളത്തിൽ വെട്ടിമാറ്റുന്നത് (6)
4. വളരെ ആഴത്തിലുള്ള ഖനനം (4)
6. എണ്ണപ്പാടങ്ങളിൽ കാണുന്ന ഗോപുരാകൃതിയിലുള്ള ഘടന (4)

## II. പ്രോജക്ട് (പ്രവർത്തനം)

(a) വിവിധ തരം ഖനികളുടെ ചിത്രങ്ങൾ ശേഖരിക്കുക.

(b) നമ്മുടെ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽ ഖനനം ചെയ്യപ്പെടുന്ന ലോഹ അലോഹ ധാതുക്കളുടെ പട്ടിക തയ്യാറാക്കുക

(c) നമ്മുടെ സംസ്ഥാനത്തിൽ ഖനനതൊഴിൽ നടക്കുന്നുണ്ടോ? അങ്ങനെയുണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക ?

## III . ഭൂപടം

1. ലോകഭൂപടത്തിൽ ഇരുമ്പയിര് ലഭിക്കുന്ന പ്രദേശങ്ങളെ അടയാളപ്പെടുത്തുക.

## IV. ചർച്ച ചെയ്യുക.

1. ഇന്ധന ധാതുക്കളെ സംരക്ഷിക്കുന്ന രീതികളെക്കുറിച്ച് ചർച്ച ചെയ്യുക
2. തൊഴിൽശാലയിലോ വീട്ടിലോ ഇന്ധനവസ്തുക്കൾ ഒരു ദിവസം ഇല്ലാതിരുന്നാലുള്ള അവസ്ഥയെ സങ്കല്പിച്ച് ചർച്ച ചെയ്യുക.

# 1. ദേശീയോദ്ഗ്രഥനം

### ഇന്ത്യ - പലവർഗ്ഗക്കാരുടെ കാഴ്ചബംഗ്ലാവ്

ഇന്ത്യയെ ഭാരതം എന്നും അറിയപ്പെടുന്നു. ഇത് ഒരു വലിയ രാജ്യമാണ്. പല മതങ്ങളുടെ ജന്മഭൂമിയായി വിളങ്ങുന്നു

പണ്ടുകാലത്ത് ഇവിടെ ആര്യന്മാർ കുടിയേറി പാർത്തിരുന്നു. പിന്നീട് പേർഷ്യാക്കാർ, ഗ്രീക്കുകാർ, കുഷാണന്മാർ, ഹൂണന്മാർ, അറബികൾ, തുർക്കികൾ, മംഗോളിയന്മാർ, മുഗളന്മാർ, യൂറോപ്യന്മാർ എന്നിവർ ഇന്ത്യയിൽ വന്ന് അവർ സംയോജിച്ച് ഒരു പുതിയ വർഗ്ഗത്തെ അവർ സൃഷ്ടിച്ചു . അതിനാൽ ഇന്ത്യ പല വർഗ്ഗക്കാരുടെ കാഴ്ച ബംഗ്ലാവ് എന്നു പറയപ്പെടുന്നു.

ഇന്ത്യ മനുഷ്യ വർഗ്ഗങ്ങളുടെ കാഴ്ചബംഗ്ലാവായി കാണപ്പെടുന്നു.

### സാംസ്കാരിക ഐക്യം

ഇന്ത്യൻ സംസ്കാരം ലോകത്തിലെ ഏറ്റവും ഉന്നതമായ സംസ്കാരം എന്ന് കരുതപ്പെടുന്നു. സംസ്കാരമെന്നാൽ ഒരു മനുഷ്യനെ സമൂഹവുമായി ബന്ധപ്പെടുത്തി പരസ്പരമാശ്രയിച്ച് ജീവിക്കുന്നതാണ് ഇത് ഒരു മനുഷ്യന്റെ വ്യക്തിപരവും, സാമൂഹ്യപരവുമായ പ്രവർത്തന രീതികളെ കുറിക്കുന്നു. സംസ്കാരത്തെ പ്രദർശിപ്പിക്കുന്നത് ഭാഷാ, സാഹിത്യം, മതം, തത്വ ശാസ്ത്രം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിലൂടെയാണ്. ഇന്ത്യൻ സംസ്കാരം പല സംസ്കാരങ്ങൾ കൂടി ചേർന്ന് രൂപം പ്രാപിച്ച ഒന്നാണ്. അതിനാൽ ഇന്ത്യൻ സമൂഹം പല സംസ്കാരങ്ങളുടെ സമൂഹമാകുന്നു.

### ഭാഷകൾ

ജനങ്ങൾ പലഭാഷകൾ സംസാരിക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഭാഷയുടെ അടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളായി വിഭജിച്ചു. ഇന്ന് ഇന്ത്യയിൽ ഏകദേശം 845 ഭാഷകൾ സംസാരിക്കുന്നു. ഇതിൽ 22 എണ്ണം ഭരണഘടനയാൽ അംഗീകരിക്കപ്പെട്ടവയാണ്.ദേവനാഗിരി എഴുത്തിലെ ഹിന്ദിഭാഷയെ ഔദ്യോഗികയായി തിരഞ്ഞെടുത്തിരിക്കുന്നു. ഇംഗ്ലീഷ് ഭാഷയെ ഔദ്യോഗിക ബന്ധഭാഷയായി പ്രഖ്യാപിച്ചിരുന്നു.

### സാഹിത്യം

ഇന്ത്യ സാഹിത്യത്തിന്റെ ഖജനാവാണ് വേദങ്ങൾ, രാമായണം, മഹാഭാരതം, ഭഗവത് ഗീത, ബൈബിൾ, ഖുറാൻ, തിരുക്കുറൾ തുടങ്ങിയ സാഹിത്യങ്ങൾ ഇന്ത്യ മുഴുവൻ ഉള്ള ജനങ്ങൾക്ക് സുപരിചിതമായവയാണ്.

തമിഴിൽ എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൻകീഴ്കണക്ക്, ഐംപെരുംകാപ്പിയങ്ങൾ, പെരിയ പുരാണം, നളവെൺപാ, കലിംഗത്തു ഭരണി, തേവാരം, നാലായിരം ദിവ്യ പ്രബന്ധം എന്നിവ പ്രശസ്ത സാഹിത്യങ്ങളാണ്. ഇവ ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങളെ വിവരിക്കുകയും ഭാഷകളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

സംസ്കൃതത്തിൽ വാൽമീകി യുടെ രാമായണം, കാളിദാ സന്റെ മേഘദൂതം, ശാകുന്തളം തുടങ്ങിയവ പ്രശസ്ത സാഹിത്യ ങ്ങളാണ്. ഇന്ത്യാക്കാർ ജാതിമതഭാഷ വ്യത്യാസമില്ലാതെ ഈ സാഹിത്യങ്ങളെ വായിക്കുന്നു. ഈ സാഹിത്യങ്ങൾ ദേശീയോദ്ഗ്രഥനത്തിന് സഹായ കമായിരിക്കുന്നു.

## ആഘോഷങ്ങൾ

ഇന്ത്യ മതപരമായ ആഘോഷങ്ങൾക്ക പ്രശസ് തിയാർജിച്ച രാജ്യമാണ്. ഹിന്ദുക്കളുടെ ആഘോഷങ്ങളായ ദീപാവലി, രാമനവമി, കൃഷ്ണജയന്തി, നവരാത്രി, പൊങ്കൽ (മകരസം ക്രാന്തി) എന്നിവയെ ഇന്ത്യമുഴുവൻ ഉള്ള ജനങ്ങൾ ആഘോഷിക്കുന്നു. മുസ്ലീങ്ങളുടെ ആഘോഷങ്ങളാണ്



ദീപാവലി

മിലാഡിനബി, ബക്രീദ്, റംസാൻ തുടങ്ങിയവ. ക്രിസ്ത്യാനികൾ, ഈസ്റ്റർ, ക്രിസ്തുമസ് എന്നീ ആഘോഷങ്ങൾ കൊണ്ടാടുന്നു. സിക്കുകാർ ഗുരുനാനാക്ക് ജയന്തി ആഘോഷിക്കുന്നു. ബുദ്ധമത ക്കാർ ബുദ്ധ പൂർണ്ണിമയും, ജൈനമത ക്കാർ മഹാവീരജയന്തിയും ആഘോഷി ക്കുന്നു. ഇന്ത്യാക്കാർ ഒന്നടങ്കം പുതുവത്സര ദിനംആഘോഷിക്കുന്നു.



ക്രിസ്തുമസ്



റംസാൻ

ഈ ആഘോഷങ്ങൾ ഇന്ത്യൻ ജനങ്ങളുടെ ഇടയിൽ സൗഹൃദം, സാഹോദര്യം മത സഹിഷ്ണുത എന്നിവയെ വളർ ത്തുന്നു.

## ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യവും

ഇന്ത്യയുടെ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യവും ലോകജനതയെ അമ്പരിപ്പി ക്കുന്നതാണ്. ഇന്ത്യയുടെ പാരമ്പര്യം ഇന്ത്യാക്കാരിൽ സ്നേഹം, സൗഹൃദം, സാഹോദര്യം, ധർമ്മം, സഹിഷ്ണുത, സമാധാനം, ദൈവ വിശ്വാസം, മുതിർന്നവരോടുള്ള ബഹുമാനം എന്നിവയെ വളർത്തുന്നു. ഇത്തരം നല്ല സ്വഭാവങ്ങൾ ഇന്ത്യാക്കാരെ ഒത്തൊരുമയോടുകൂടി ജീവിക്കാൻ സഹായിക്കുന്നു.

## ആഹാരവും വസ്ത്രവും

തെക്കേ ഇന്ത്യയിലെ ജനങ്ങൾ കൂടുതലും അരി ആഹാരമാണ് കഴിക്കുന്നത്. എന്നാൽ ഉത്തരേന്ത്യയിലെ ജനങ്ങൾ ഗോതമ്പും പരിപ്പു വകകളുമാണ് കൂടുതലും ഉപയോഗിക്കുന്നത്. ഇന്ത്യയിലെ കാലാവസ്ഥ സ്ഥല ത്തിനു സ്ഥലം വ്യത്യാസപ്പെട്ടി രിക്കുന്നു. ജനങ്ങൾ കമ്പിളി, പരുത്തി, കൃത്രിമനൂലുകൾ, തോൽ,പട്ട് എന്നിവ കൊണ്ടുള്ള വസ്ത്രങ്ങൾ ധരിക്കുന്നു. ജനങ്ങൾ വ്യത്യാസമായ ഭക്ഷണരീതിയും, വസ്ത്രധാരണ രീതിയും തുടരുന്നു. എങ്കിലും സംസ്കാരത്തിൽ അവർ ഉറച്ചു നിൽക്കുന്നു.

പല വിദേശികളും ഇന്ത്യയെ ആക്രമിച്ചിരിന്നുവെങ്കിലും ഇന്ത്യ യുടെ സംസ്കാരം ഇന്നും വലിയ മാറ്റങ്ങൾ ഒന്നും കൂടാതെ നില നിൽക്കുന്നു.

## കലയും വാസ്തു ശിൽപകലയും.

കല, വാസ്തുശില്പകല, ചിത്രകല, ശില്പകല എന്നിവയിൽ ഇന്ത്യ പ്രശസ്തിയാർജിച്ച രാജ്യ മാണ്. അജന്താ, എല്ലോറ, ഗുഹാ ചിത്രങ്ങൾ ലോകപ്രശസ്തി യാർജ്ജിച്ചവയാണ്. ഇന്ത്യയിലെ ഗാന്ധാര ശില്പകല ഇന്ത്യൻ ശില്പകലയുടെ പ്രശസ്തിക്ക് ഉദാഹരണാമായി ശോഭിക്കുന്നു. കാശി, ബദ്രീനാഥ്, കേദാർനാഥ്, ഹരിദ്വാർ, പുരി, പ്രശസ്തമായ മുസ്ലീം ദർഗകൾ, ക്രിസ്ത്യൻ ദേവാലയങ്ങൾ, സാഞ്ചിസ്തൂപം, മൗണ്ട് അബുവിലുള്ള ജൈനക്ഷേത്രം, ശ്രാവണ ബലഗോള എന്നിവ പ്രശസ്തമായ ആരാധന സ്ഥല ങ്ങളും വാസ്തു ശില്പ കലയ്ക്ക് ഉത്തമോ ദാഹരണങ്ങളാണ്.

തെക്കെ ഇന്ത്യയിലുള്ള മധുരമീനാക്ഷി ക്ഷേത്രം, തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം, മാമല്ല പുരത്തിലെ ഗുഹാക്ഷേത്രങ്ങൾ, കാഞ്ചീപുരത്തിലെ കൈലാസ നാഥക്ഷേത്രവും, വൈകുണ്ഡ പെരുമാൾ ക്ഷേത്രവും, തിരുവണ്ണാമലയിലുള്ള അരുണാചലേശ്വര ക്ഷേത്രം,



ബൃഹദീശ്വരക്ഷേത്രം



സാന്തോം ചർച്ച്

ചിദംബരം, വെല്ലൂർ എന്നി വിടങ്ങളിലെ ക്ഷേത്രങ്ങൾ, സാന്തോംപള്ളി മുതലായവ ഇന്ത്യയുടെ കല, വാസ്തു ശില്പ കല എന്നിവയ്ക്ക് ഉത്തമ ഉദാഹരണ ങ്ങളാണ്.

## സംഗീതവും നൃത്തവും

കർണ്ണാടക സംഗീതവും ഹിന്ദുസ്ഥാനി സംഗീതവും ഉത്ഭവിച്ചത് ഇന്ത്യയിലാണ്. ഭരതനാട്യം, കുച്ചിപ്പുടി, കഥക്, ഒഡീസ്സി, മണിപ്പുരി തുടങ്ങിയവ ഇന്ത്യയിൽ നിലവിലുള്ള പ്രശസ്തമായ ചില നൃത്തരൂ

പങ്ങളാണ്.ഇവ ദേശീയ ഐക്യത്തിന് സുപ്രധാന പങ്കു വഹിക്കുന്നു.

### നാനാത്വത്തിൽ ഏകത്വം.

ഇന്ത്യൻ ജനങ്ങൾ ആഹാരം, സ്വഭാവം, വസ്ത്രധാരണം, ജാതി, മതം, വർഗ്ഗം, ഭാഷ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യസ്ത മായ പരിസ്ഥിതികളിലാണ് അവർ ജീവിക്കുന്നത്. എങ്കിലും നാമെല്ലാം ഇന്ത്യാക്കാർ എന്ന അറിയ പ്പെടുന്നു. ഇതാണ് നാനാത്വത്തിൽ ഏകത്വം.

### ദേശീയോദ്ഗ്രഥനത്തെ വളർത്തുന്ന ഘടകങ്ങൾ

നമ്മുടെ ഇടയി ൽപലവ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ടെ ങ്കിലും നാമെല്ലാം ഇന്ത്യാക്കാർ എന്നാണറിയപ്പെടുന്നത്. ഓരോരുത്തരും താൻ ഇന്ത്യാക്കാരനാ െ ണന്നമനോഭാവം വച്ചുപുലർത്തുന്നു. ഇത് ദേശീയ ഐക്യത്തിനെ പ്രോത്സാഹിപ്പിക്കുന്നു. ദേശീയോദ്ഗ്രഥനത്തെ വളർത്തുന്ന മറ്റു പല ഘടകങ്ങളു മുണ്ട്. അവ താഴെപ്പറയുന്നു.

### ഇന്ത്യയുടെ ഭൂസ്ഥിതി സവിശേഷതകളും അതിന്റെ സുരക്ഷയും

- സാംസ്കാരിക പൈതൃകവും, സാംസ്ക്കാരിക ഐക്യവും
- മത സഹിഷ്ണുത
- ഇന്ത്യൻ ഭരണഘടനയുടെ മതേതരത്വ സ്വഭാവം
- ദേശീയ ചിഹ്നങ്ങൾ,ദേശീയ ഗീതം,ദേശീയഗാനം
- ജനാധിപത്യതത്വങ്ങളായ സ്വാതന്ത്ര്യം, സമത്വം, സഹോദര്യത്വം എന്നിവ ദേശീയോദ്ഗ്രഥനത്തെ വളർത്തുന്നു.
- എല്ലാവർഷവും നവംബർ 19-ാം തിയതിയെ ദേശീയ ഐക്യദാർഢ്യ ദിനമായി ആദരിക്കുന്നു. ഇത് ദേശീയോദ്ഗ്രഥനത്തെ ശക്തിപ്പെടുത്തുന്നു.

**നവംബർ 19 ദേശീയോദ്ഗ്രഥന ദിനം.**

### ദേശീയോദ്ഗ്രഥനത്തെ ബാധിക്കുന്ന ഘടകങ്ങൾ

നാനാത്വത്തിൽ ഏകത്വത്തിന് പ്രശസ്തിയാർജ്ജിച്ച രാജ്യമാണ് ഇന്ത്യാ എങ്കിലും ദേശീയോദ്ഗ്രഥനത്തെ ബാധിക്കുന്ന പല ഘടകങ്ങളും ഉണ്ട്. അവ വർഗ്ഗീയവാദം, ഭാഷാവാദം, ജാതീയവാദം, സാമ്പത്തിക അസമത്വം, പ്രാദേശിക അസമത്വം എന്നിവയാകുന്നു.

### വർഗ്ഗീയവാദം

വർഗ്ഗീയവാദം എന്നത് ഒരു വർഗ്ഗത്തിലുള്ളവർ അവരുടെ വർഗ്ഗത്തെ മറ്റു വർഗ്ഗക്കാരേക്കാൾ അഥവാ തങ്ങളുടെ രാജ്യത്തെക്കാൾ ഉന്നത നിലയിൽ നിർത്തുന്നതാണ്. വർഗ്ഗീയത്വം എന്നത്. ഒരു വർഗ്ഗത്തിന് മറ്റു വർഗ്ഗക്കാരോട് തോന്നുന്ന സ്വാർത്ഥതയും അക്രമാസ്ക്തവു മായ സമീപനമാണ്. ഈ വികാരം ചിലപ്പോൾ വർഗ്ഗീയ ലഹളകൾക്ക് കാരണമാകുന്നു. അതുകൊണ്ട് നാം മതസഹിഷ്ണുതയും എല്ലാവരും ഒന്നാണെന്ന മനോഭാവവും വളർത്തിയെടുക്കുണം.

### ഭാഷാവാദം

1956-ാം വർഷം ഇന്ത്യ ഭാഷാടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടു. പൊതു വിൽ ഇന്ത്യാക്കാർ അവരുടെ മാതൃഭാഷയോട് പ്രത്യേകസ്നേഹം ഉള്ളവരാണ്. ചിലപ്പോൾ മറ്റുഭാഷ കളോട് അവർക്ക് ഒരു സങ്കുചിത മനോഭാവവും, വെറുപ്പും ഉള്ളതായി കാണാൻ കഴിയുന്നു അതിനാൽ ഐക്യം നിലനിർത്തുന്നതിനു വേണ്ടി നാം തീർച്ചയായും മറ്റു ഭാഷകളെയും

ബഹുമാനിക്കേണ്ടതാണ്.

## ജാതീയവാദം

ജാതീയവാദമെന്നാൽ സ്വന്തം ജാതിയെ ഉയർന്നതാണെന്ന് കരുതുന്നതാണ്. ഇന്ത്യൻ സാമൂഹ്യ ഘടന ജാതി വ്യവസ്ഥയെ അടിസ്ഥാനമാക്കിയതാണ്. ജാതി വ്യവസ്ഥ മൂല്യനിർണ്ണയത്തെയും സാമൂഹ്യ വ്യത്യാസത്തെയും ഏർപ്പെടുത്തി സമൂഹത്തിൽ വേറുപാടുകൾ, ഉയർച്ചതാഴ്ചകൾ, സാമൂഹ്യ ഐക്യമില്ലായ്മ എന്നിവ ഉണ്ടാക്കുന്നു. ജന്മം കൊണ്ട് എല്ലാപേരും സമന്മാരാണ്. ജാതി വ്യവസ്ഥ ജനങ്ങളുടെ മനസ്സിൽ ഉയർച്ച താഴ്ചയെ ഏർപ്പെടുത്തുന്നു. ഉയർന്ന ജാതിയി ലുള്ളവർ താഴ്ന്ന ജാതിക്കാരോട് ബന്ധം സ്ഥാപിക്കുകയോ ഇടപഴകുകയോ ചെയ്യുന്നതിന് മടി കാണിക്കുന്നു. ഈ ചിന്ത ജനാധിപത്യം സമാധാനപരമായി പ്രാവർത്തികമാക്കുന്നതിനും ദേശീയ ഐക്യത്തിന്റെ വളർച്ചയ്ക്കും തടസ്സമായി നിലകൊള്ളുന്നു.

## സാമ്പത്തിക അസമത്വം

സാമ്പത്തിക അസമത്വമെന്നാൽ സമൂഹത്തിലെ ജനങ്ങൾക്കിടയിലുള്ള തുല്യമല്ലാത്ത സാമ്പത്തിക നിലയെ കുറിക്കുന്നു ഇത് ജനസംഖ്യാ വർദ്ധനവ്, നിരക്ഷരത, പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യം എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. പാവപ്പെട്ടവനും പണക്കാരനുമിടയിലാണ് സാമ്പത്തിക അസമത്വം നിലനില്ക്കുന്നത്. ഈ വിടവ് നമ്മുടെ ഏകത്വത്തേയും. ദേശീയോദ്ഗ്രഥനത്തെയും ബാധിക്കുന്നു.

## പ്രാദേശിക അസമത്വം

പ്രാദേശിക അസമത്വമെന്നാൽ വ്യത്യസ്ത പ്രദേശങ്ങളിൽ വസിയ്ക്കുന്ന ജനങ്ങൾക്കിടയിൽ കാണപ്പെടുന്ന സാമൂഹ്യ സാമ്പത്തിക അസമത്വമാണ്. ഇന്ത്യയിൽ വ്യത്യസ്തമായ ഭൂപ്രകൃതിയാണുള്ളത്. ഇത് ഇന്ത്യാക്കാരുടെ മനസ്സിൽ സാംസ്ക്കാരികവ്യത്യാസത്തെ സൃഷ്ടിക്കുന്നു. സാംസ്ക്കാരിക പുരോഗതിയും, വിഭവശേഷിയും ഉള്ള പ്രദേശങ്ങൾ വളരെ വേഗം വളർച്ചപ്രാപിക്കുന്നു. എന്നാൽ സാംസ്ക്കാരിക പുരോഗതിയും, പ്രകൃതി വിഭവങ്ങളുടെയും അഭാവം കൊണ്ട് ചിലപ്രദേശങ്ങൾ പുരോഗമിക്കാതെ കാണപ്പെടുന്നു. ആയതിനാൽ ദാരിദ്ര്യം തൊഴിലില്ലായ്മ കുറഞ്ഞ ജീവിതനിലവാരം, കുറഞ്ഞ വ്യക്തിഗത വരുമാനം എന്നീ പ്രാദേശിക അസമത്വത്തിന് കാരണമാകുന്നു. ഇത്തരം പ്രാദേശിക അസമത്വം ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിലകൊള്ളുന്നു

ദേശീയ ഐക്യം വളർത്തിയെടുക്കുന്നതിന് സഹിഷ്ണുതയും എല്ലാവരും ഒന്നാണെന്ന മനോഭാവവും വച്ചു പുലർത്തേണ്ടതാണ്. ഭാഷയും മതവും ഒരു രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമായിരിക്കാതെ ഉയർച്ചയ്ക്കുവേണ്ടിയുള്ളതായിരിക്കണം. ഇന്ത്യക്കാരായ നാം നമ്മുടെ രാജ്യത്തിന്റെ സാംസ്കാരികപാരമ്പര്യം നിലനിർത്തി മറ്റു രാജ്യങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ സവിശേഷതയുള്ളതാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി നാമെല്ലാവരും ഏകമനോഭാവത്തോടെ ജീവിച്ച് ദേശീയ ഐക്യത്തെ കാത്തുസൂക്ഷിക്കണം.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. ഇന്ത്യയുടെ അംഗീകൃത ഭാഷകളുടെ എണ്ണം

   അ. 15 ആ. 18 ഇ.22

2. ഇന്ത്യയുടെ ഔദ്യോഗിക ഭാഷ __________.

   അ. ഇംഗ്ലീഷ് ആ.തമിഴ് ഇ.ഹിന്ദി

3. ഇന്ത്യയിൽ സംസ്ഥാനങ്ങൾ______________ ന്റെ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നു.

   അ. ഭാഷ ആ. സാഹിത്യം ഇ. ആചാരാനുഷ്ഠാനങ്ങൾ

4. ദേശീയ ഐക്യദാർഢ്യ ദിനമായി ആചരിയ്ക്കുന്നത്________.

   അ. നവംബർ 14 ആ. നവംബർ 19 ഇ.നവംബർ 1

### II. പൂരിപ്പിക്കുക

1. ഇന്ത്യയെ.__________.എന്നും വിളിക്കപ്പെടുന്നു.
2. ഗുഹാക്ഷേത്രങ്ങൾ കാണപ്പെടുന്നത__________.ലാണ്
3. ഇന്ത്യയുടെ സാമൂഹ്യഘടന _______വ്യവസ്ഥയെ അടിസ്ഥാനമാക്കിയിരിക്കുന്നു.
4. ബുദ്ധമതക്കാർ__________ആഘോഷത്തെ കൊണ്ടാടുന്നു.

### III. യോജിപ്പിക്കുക

1. കാളിദാസൻ - പുണ്യഗ്രന്ഥം
2. ബൈബിൾ - ജൈനക്ഷേത്രം
3. മൗണ്ട് അബു - അമൃതസരസ്
4. സുവർണ്ണക്ഷേത്രം- മേഘദൂതം

### IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. സാംസ്ക്കാരം എന്നതിന് നിർവ്വചനം നൽകുക
2. ഹിന്ദുക്കളുടെ ചില ആഘോഷങ്ങളെ സൂചിപ്പിക്കുക ?
3. തെക്കേ ഇന്ത്യയിലെ ചില ക്ഷേത്രങ്ങളുടെ പേരെഴുതുക ?
4. ദേശീയോദ്ഗ്രഥനത്തെ ബാധിക്കുന്ന ചില ഘടകങ്ങൾ ഏവ?

### V. വിശദീകരിക്കുക

1. ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വത്തെക്കുറിച്ച് വിവരിക്കുക
2. ദേശീയോദ്ഗ്രഥനത്തെ വളർത്തുന്ന ഘടകങ്ങൾ ഏവ? വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. ഇന്ത്യാ ഭൂപടത്തിൽ സംസ്ഥാനങ്ങളെയും അവയുടെ തലസ്ഥാനങ്ങളെയും അടയാളപ്പെടുത്തുക.
2. ഇന്ത്യാ ഗവണ്മന്റിന്റെ ഔദ്യോഗിക ഭാഷകളെക്കുറിച്ച് ഒരു പട്ടിക തയ്യാറാക്കുക.
3. ഓരോ സംസ്ഥാനങ്ങളിലും സംസാരിച്ചുവരുന്ന ഭാഷകളുടെ പട്ടിക തയ്യാറാക്കുക

## പ്രോജക്ട് തയ്യാറാക്കുക

മുഗളന്മാരുടെയും ബ്രിട്ടീഷുകാരുടെയും ഭരണ കാലത്തിൽ ഇന്ത്യൻ സാംസ്കാരത്തിലുണ്ടായ മാറ്റങ്ങളെ താഴെ കാണുന്ന ശീർഷകത്തിൽ പ്രോജക്ട് തയ്യാറാക്കുക

1. ഭാഷ
2. മതം
3. വസ്ത്രം
4. ആഘോഷങ്ങൾ
5. ആഹാരം
6. സംഗീതം, നൃത്തം
7. കല, വാസ്തുശില്പകല
8. ആചാരാനുഷ്ഠാനങ്ങൾ
9. സാഹിത്യം
10. വിദ്യാഭ്യാസം

# 2. സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ

### സസാമൂഹിക പ്രശ്നങ്ങൾ

സ്വാതന്ത്ര്യം നേടി എങ്കിലും നമ്മുടെ രാജ്യം പല സാമൂഹ്യക പ്രശ്നങ്ങളേയും നേരിടുന്നു. അവയിൽ പ്രധാനപ്പെട്ടവ നിരക്ഷരത, ബാലവേല, സ്ത്രീകൾക്കെതിരായ അനീതി എന്നിവയാകുന്നു. .

### നിരക്ഷരത

എഴുതുവാനും, വായിക്കാനുമുള്ള കഴിവില്ലായ്മയെയാണ് നിരക്ഷരത എന്നു പറയുന്നത്. ഒരു രാജ്യത്തുള്ള ജനങ്ങളുടെ വിദ്യാഭ്യാസവും, സാക്ഷരതനിരക്കും ആ രാജ്യത്തിന്റെ പുരോഗതിയെ നിർണ്ണയിക്കുന്നു. ഇൻഡ്യയിൽ നിലവിലിരിക്കുന്ന ഒരു വലിയ സാമൂഹ്യക പ്രശ്നമാണ് നിരക്ഷരത. ആയതിനാൽ നിരക്ഷരത നിരക്ക് കുറയ്ക്കുന്നതിനായി ഇന്ത്യ പല തീവ്രനടപടികളും കൈകൊണ്ടു വരുന്നു. കുറഞ്ഞതോതിലുള്ള സാക്ഷരതനിരക്ക് ഒരു രാജ്യ ത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. കൂടാതെ ഈ സമൂഹം സാമൂഹ്യക സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളാൽ ബുദ്ധിമുട്ട് അനുഭവിയ്ക്കുകയും ചെയ്യുന്നു. അതുപോലെ നിരക്ഷരർക്ക് സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് അറിഞ്ഞു കൂടാത്തതിനാൽ അവർക്ക് അത്തരം അന്യകൂല്യ ങ്ങൾ നഷ്ടമാകുന്നു. മാത്രമല്ല നിരക്ഷരത ബാലവേല, പെൺ ശിശുഹത്യ, ജനസംഖ്യാവർദ്ധനവ് എന്നീ പ്രശ്നങ്ങളിലേയ്ക്ക് വഴിതെളിയിക്കുന്നു. അങ്ങനെ നിരക്ഷരത ഒരു രാജ്യത്തിന്റെപുരോഗതിക്കും, സമൃദ്ധിക്കും തടസ്സമായി മാറുന്നു.

### നിരക്ഷരതയെ നീക്കാനുള്ള നടപടികൾ

നമ്മുടെ ഭരണഘടന നൽകുന്ന അടിസ്ഥാന അവകാശങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. അവകാശം 1948-1949 ലുള്ള സർവ്വകലാശാല സമിതി മാതൃഭാഷയെ ബോധനമാദ്ധ്യമമായി ഉപയോഗിക്കാനും, അപ്രകാരം സാക്ഷരതനിരക്ക് ഉയർത്തുവാനും ഊന്നൽ നൽകി.

1968 ലെ വിദ്യാഭ്യാസനയപ്രകാരം രാജ്യത്തിലാകമനം ഒരു ഏകീകൃത നയം (10+2+3) നിർദ്ദേശിച്ചു.

1986 ലെ ദേശീയ വിദ്യാഭ്യാസ നയം നിർബന്ധിത പ്രാരംഭ വിദ്യാഭ്യാസത്തിനു ഊന്നൽ നൽകി. വിദ്യാഭ്യാസം ഇടയിൽ നിറുത്തി പോകുന്നവരുടെഎണ്ണം കുറയുന്നതിനുവേണ്ടി അനൗപചാരിക വിദ്യാഭ്യാസമുറ ഏർപ്പെടുത്തി.

1992 ലെ ദേശീയ വിദ്യാഭ്യാസ നയപ്രകാരം സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ബ്ലാക്ക് ബോർഡ് ഓപ്പറേഷൻ എന്ന പദ്ധതി നടപ്പിലാക്കി 1991-ലെ പ്രൊഫ. ദാവോയുടെ കീഴിലുള്ള വിദ്യാഭ്യാസ സമിതി ആരംഭ വിദ്യാഭ്യാസത്തിന്റെ വളർച്ചക്കായി കുറഞ്ഞരീതിയിലുള്ള പഠനം (MLL) എന്ന പദ്ധതി നിർദ്ദേശിച്ചു.

ദേശീയ സാക്ഷരതാ സമിതി വയോജന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി. 2002ലെ സർവ്വ ശിക്ഷ, അഭ്യാൻ (SSA) പ്രാരംഭ വിദ്യാഭ്യാസത്തെ സമൂഹത്തിൽ

എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള പരിശ്രമമാണ്.

### നിരക്ഷതയെ ഒഴിവാക്കാൻ തമിഴ്നാട് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളനടപടികൾ

സ്കൂളിൽ ചേർക്കേണ്ട വയസ്സിൽ തന്നെ കുട്ടികളെ നിർബന്ധമായും സ്ക്കൂളിൽ ചേർക്കുക. സർവ്വ ശിക്ഷാഭ്യാൻ അനുസരിച്ചു എല്ലാ കുട്ടികളേയും 2010 ആകു മ്പോഴേക്കും പ്രാരംഭ വിദ്യാഭ്യാസം പൂർത്തിയാക്കി യിരിക്കണം. ലിംഗഭേദവും, സാമൂഹ്യ വ്യത്യാസവുമില്ലാതെ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് 2007- ൽ പദ്ധതികൾ കൊണ്ടുവന്നു. 300-ലോ അതിലധികമോ ജനസംഖ്യയുള്ള ഓരോ പ്രദേശത്തും ഓരോ പ്രാരംഭ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി കൊണ്ടുവന്നു. തമിഴ്നാട് സർക്കാർ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ **എല്ലാവർക്കും വിദ്യാഭ്യാസം** എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കി.

2011-ലെ ജനസംഖ്യക്കണക്ക് അനുസരിച്ച് തമിഴ്നാട്ടിലെ സാക്ഷരതാ 80.33 % മാണ്. ഇതിൽ പുരുഷന്മാർ 86.81% സ്ത്രീകൾ 73.86% വുമാണ്.

1990-നെ ഐക്യ രാഷ്ട്ര സംഘടന അന്തർദേശീയ സാക്ഷരതാ വർഷമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും സെപ്തംബർ 8-ാം തിയതി ലോക സാക്ഷരതാ ദിനമായി കൊണ്ടാടുന്നു

**ഇന്ത്യയിലെ സാക്ഷരതാ നിരക്ക് (%) (1951-2011)**

| കണക്കെടുപ്പു വർഷം | ജനങ്ങൾ % | പുരുഷന്മാർ % | സ്ത്രീകൾ % | പുരുഷന്മാർ- സ്ത്രീകൾസാക്ഷരതാ വ്യത്യാസം |
|---|---|---|---|---|
| 1951 | 18.33 | 27.16 | 8.86 | 18.30 |
| 1961 | 28.30 | 40.40 | 15.35 | 25.05 |
| 1971 | 34.45 | 45.96 | 21.97 | 23.98 |
| 1981 | 43.57 | 56.38 | 29.76 | 26.62 |
| 1991 | 52.21 | 64.13 | 39.29 | 24.84 |
| 2001 | 65.38 | 78.85 | 54.16 | 21.70 |
| 2011 | 74.04 | 82.14 | 65.46 | 16.68 |

ആധാരം ജനസംഖ്യാ കണക്കെടുപ്പു വിവരം

### ബാലവേല

14 വയസിന് താഴെയുള്ള തൊഴിലാളികളെയാണ് ബാലവേല ക്കാർ എന്നു പറയുന്നത് ലോകത്ത് ഏറ്റവും കൂടുതൽ ബാലവേലക്കാർ ഉള്ളത് ഇന്ത്യയിലാണ്. 2011-ലെ കണക്കു പ്രകാരം ഇന്ത്യയിലെ ബാല വേലക്കാരുടെ എണ്ണം 4.35 മില്ല്യ നാണ്. ഇത് ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 0.36 % മാണ്.

### ഇന്ത്യയിൽ ബാലവേല ഉണ്ടാകുന്നതിനുള്ള കാരണം.

ഇന്ത്യയിൽ ബാലവേല എന്നത് ഒരു സാമൂഹ്യക പ്രശ്നമാണ്. എന്തെന്നാൽ നമ്മുടെ രാജ്യത്തിലെ ഭൂരിഭാഗം കുട്ടികൾക്കും ശരിയായ രീതിയിൽ ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം എന്നിവ ലഭിക്കാത്തതിനാൽ ബാലവേലക്കാർ ഉണ്ടാകുന്നു. ആരംഭകാലത്തിൽ അവർ കടകൾ, ഹോട്ടൽ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നു. ഇത് ദാരിദ്ര്യം, പോഷ കാഹാരക്കുറവ്, നിരക്ഷരത എന്നിവയ്ക്ക് കാരണമാകുന്നു.

### ബാലവേല ഒഴിപ്പിക്കുന്നതിന് ഗവൺമെന്റ് കൈകൊണ്ടുണ്ടിട്ടുള്ള നടപടികൾ

1949-ലെ ബാലവേലാ നിയമം കുട്ടികളുടെ ജോലിക്കുള്ള കുറഞ്ഞ പ്രായപരിധി 14 വയസായും പിന്നീടത് 17 വയസായും ഉയർത്തി. 1991-ലെ തോട്ടത്തൊ ഴിലാളി നിയമം 12 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ ജോലിചെയ്യുന്നതിൽ നിന്നും തടഞ്ഞു.

1986-ലെ ബാലവേലാ നിയമം തൊഴിൽ ശാലകളിലും, ഖനി കളിലും 14 വയസ്സ് പൂർത്തിയാകാത്ത കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നതിൽ നിരോധനം ഏർപ്പെടുത്തി. ബാലവേല നിറുത്തലാക്കുന്നതിനുവേണ്ടി 1987-ൽ ബാലവേലാ നയം രൂപീകരിച്ചു. ബാല വേലക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി വിദ്യാലയങ്ങൾ ഏർപ്പെടുത്തി തൊഴിൽ സംബന്ധമായ ക്ലാസ്സുകൾ ആരംഭിച്ചു.

നമ്മുടെ മുൻ പ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധി 1976-ൽ അടിമത്തൊഴിൽ നിറുത്തലാക്കു ന്നതിനു വേണ്ടി നിയമം കൊണ്ടുവന്നു.

### സ്ത്രീകൾക്കെതിരെയുള്ള അനീതി

ആകെയുള്ള ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണെങ്കിലും അവർ സമൂഹത്തിൽ പുരുഷന്മാർക്ക് തുല്യമായി പരിഗണിക്കപ്പെട്ടിരുന്നില്ല.

### സ്ത്രീകൾക്കെതിരായ സാമൂഹ്യ ദുരാചാരങ്ങൾ

പുരുഷ മേധാവിത്വം, സതി അനുഷ്ഠിക്കുക, വൈധവ്യം, പെൺശിശുഹത്യ, സ്ത്രീധന സമ്പ്രദായം, വിദ്യാഭ്യാസ നിഷേധം എന്നിവയാണ്.

### സ്ത്രീകളുടെനില ഉയർത്തുന്നതിനുവേണ്ടി കൈകൊണ്ടിട്ടുള്ള നടപടികൾ.

1829-ലെ നിയമപ്രകാരം സതിയാചരണം നിറുത്തലാക്കി. 1856-ലെ നിയമപ്രകാരം വിധവകൾക്ക് പുനർ വിവാഹം അനുവദിച്ചു. 1929-ൽ ഡോക്ടർ മുത്തുലക്ഷ്മിയുടെ പരിശ്രമ പ്രകാരം നടപ്പിലാക്കിയ ശാരദാ നിയമം ബാല്യവിവാഹം നിരോധിച്ചു.

1956-ലെ ഹിന്ദു പിൻതുടർച്ചാവകാശപ്രകാരം മാതാപിതാക്കളുടെ സ്വത്തിൻമേൽ സ്ത്രീകൾക്കും തുല്യ പങ്ക് ലഭ്യമാക്കി. 1961-ലെ സ്ത്രീധന നിരോധനപ്രകാരം സ്ത്രീധനം ആവശ്യപ്പെടുന്നത് ശിക്ഷാർഹമാണ്.

1976-ലെ തുല്യ വേതനപ്രകാരം തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കി.

സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കുന്ന തിനുവേണ്ടി പരിശീലനം നൽകി നല്ല ജീവിതം നയിക്കാൻ സർക്കാർ പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ട്. 1992-ൽ തമിഴ്നാട് സർക്കാർ തൊട്ടിൽ ശിശു സമ്പ്രദായം കൊണ്ടു വന്നു. അത് പെൺ കുഞ്ഞുങ്ങളെ ശിശുഹത്യയിൽ നിന്ന് സംരക്ഷിച്ച് തമിഴ്നാട് സർക്കാർ സ്ത്രീകളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനെ തമിഴ്നാടു മുഴുവനും സ്ത്രീകൾക്കായി പ്രത്യേക പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

1978-ാം മാണ്ടിനെ ലോക വനിതാ വർഷമായിട്ട് അറിയിച്ചിട്ടുണ്ട്.

### സാമ്പത്തിക പ്രശ്നങ്ങൾ

സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യ പല സാമ്പത്തിക പ്രശ്നങ്ങളേയും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു. ദാരിദ്ര്യം തൊഴിലില്ലായ്മ, വിലക്കയറ്റം, ജനസംഖ്യാ വർദ്ധനവ് എന്നിവ ചില പ്രശ്നങ്ങളാണ്.

### ദാരിദ്ര്യം

ലോകബാങ്കിന്റെ അഭിപ്രായ പ്രകാരം ദാരിദ്ര്യമെന്നത് കുറഞ്ഞ ജീവിത നിലവാരം നേടാനാവാത്ത സ്ഥിതിയാണ്. ദാരിദ്ര്യമെന്നത് ഒരു സാമൂഹ്യ പ്രശ്നമാണ്. അത് സമൂഹത്തിൽ ഒരു വിഭാഗം ജനങ്ങൾ അവരുടെ അടിസ്ഥാനാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഇല്ലാതെ പ്രയാസപ്പെട്ടു വരുന്നു. ഇന്ത്യയിൽ മറ്റൊരു വിഭാഗം സാമ്പത്തിക സമൃദ്ധിയിൽ കഴിയുക യാണ്. സമൂഹത്തെ ദരിദ്രർ, ധനികർ എന്ന് രണ്ടായി തിരിക്കാം. ജനസംഖ്യയിൽ മൂന്നിലൊരുഭാഗം ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ദാരിദ്ര്യം ജനങ്ങളുടെ ആരോ ഗ്യത്തെ ബാധിക്കുന്നു അത് ജനങ്ങളുടെ കഴിവിനെ കുറക്കുന്നു. ഇതിനാൽ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയിൽ കോട്ടമുണ്ടാകുന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും ഇത് ബാധകമാണ്.

### ദാരിദ്ര്യത്തിനുള്ള കാരണങ്ങൾ

വളരെ വേഗത്തിലുള്ള ജനസംഖ്യാ വർദ്ധനവ്, കുറഞ്ഞ വരുമാനം, വിലക്കയറ്റം തൊഴി ലില്ലായ്മ, നിരക്ഷരത എന്നിവയാണ് ദാരിദ്ര്യത്തിനുള്ള കാരണങ്ങൾ.

### ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള നടപടികൾ.

ദാരിദ്ര്യ നിർമ്മാർജനത്തി നായി സർക്കാർ ദാരിദ്ര്യ നിർമ്മാ ർജന പദ്ധതി (PAP) ആരംഭിച്ചിട്ടുണ്ട്.

ഒന്നാം പഞ്ചവത്സര പദ്ധതി (1951-1956) ഭക്ഷ്യ സാധനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി. പഞ്ചവത്സര പദ്ധതികൾ (1969-1974) ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, വിലക്കയറ്റം കുറയ്ക്കുന്നതിനും മുൻഗണന നൽകി. അഞ്ചാം പഞ്ചവത്സര പദ്ധതി (1974-1979) ദാരിദ്ര്യ നിർമ്മാർജനത്തിന് ഊന്നൽ നൽകി. ഏഴാം പഞ്ചവത്സര പദ്ധതി -1985-1990) ദാരിദ്ര്യ നിർമ്മാർജനത്തിനും ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും പ്രധാന്യം നൽകി. പത്താം പഞ്ചവത്സര പദ്ധതി ജനങ്ങളുടെ ആളോഹരി വരുമാനത്തെ ഉയർത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൊണ്ടു വന്നു.

### ഗവൺമെന്റിന്റെ മറ്റു പദ്ധതികൾ

ഇന്ത്യൻ സർക്കാർ ദാരിദ്ര്യ നിർമ്മാർജനത്തിനായി **ജവഹർ റോസ്ഗാർ യോജന** പദ്ധതി നടപ്പിലാക്കി. 1975- ൽ മുൻ പ്രധാന മന്ത്രിയാ യിരുന്ന ഇന്ദിരാഗാന്ധി 20 അംശ പദ്ധതി ഗ്രാമ ജനതയുടെ ദാരിദ്ര്യം അകറ്റുന്നതിനും, പാവപ്പെട്ടവരുടെ ഉന്നമനത്തിനും, സാമൂഹിക സാമ്പ ത്തിക നീതിക്കും പ്രാധാന്യം നൽകി.

### തൊഴിലില്ലായ്മ.

തൊഴിലില്ലായ്മ എന്നത് ജോലിചെയ്യാനുള്ള താൽപര്യവും ആരോഗ്യവുമുണ്ടെങ്കിലും തക്കതായ ജോലികിട്ടാത്ത അവസ്ഥയാണ്. ഇത് ഇന്ത്യയിലെ പ്രശ്നങ്ങളിലൊന്നാണ്.

### തൊഴിലില്ലായ്മയ്ക്കുള്ള കാരണങ്ങൾ.

കാർഷിക രാജ്യമായ ഇന്ത്യയിൽ കൃഷി സംബന്ധമായ തൊഴിലവസരങ്ങൾ കുറഞ്ഞ അളവിൽ മാത്രമേയുള്ളു. ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച മനുഷ്യ പ്രവർത്തനത്തെ കുറക്കുന്നു. ജന സംഖ്യാ വർദ്ധനവ് തൊഴിലില്ലായ്മയ്ക്ക് മുഖ്യ കാരണമാകുന്നു.

### ഇന്ത്യൻ സർക്കാർ തൊഴിലില്ലായ്മയെ ഒഴിവാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ.

ഇന്ത്യാ ഗവൺമെന്റ് ദശീയ ഗ്രാമീണ തൊഴിൽ പദ്ധതി അനുസരിച്ച് (NREP)(1980) ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

1983-ൽ കൊണ്ടുവരപ്പെട്ട ഗ്രാമീണ ഭൂരഹിത തൊഴിലുറപ്പു പദ്ധതി (RLEGP) ഭൂരഹിതരായ കുടുംബ ത്തിലൊരാൾക്ക് വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിലുറ പ്പുനൽകി.

1979-ലെ ഗ്രാമീണ യുവജന തൊഴിൽ പരിശീലന പദ്ധതി (TRYEP) യുവാക്കൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കി. 1989-ൽ ജവഹർ റോസ്ഗർ യോജന പദ്ധതി (JRY) നടപ്പിലാക്കി. ഇത് ഗ്രാമപഞ്ചായത്തു മുഖേന ഗ്രാമപുറങ്ങളിലെ ജനങ്ങ ൾക്ക് സാമ്പത്തിക സഹായം നൽകി. അവരുടെ ക്ഷേമ ജീവിത ത്തിന് വഴിയൊരുക്കി.

### വിലക്കയറ്റം

ആവശ്യ സാധനങ്ങളുടെ ഉൽ പാദനം, ആവശ്യം എന്നിവ വസ്തു ക്കളുടെ വിലയെ നിർണ്ണയിക്കുന്നു. ഉൽപാദനം കുറവായും ആവശ്യം അധികവുമാണെങ്കിൽ വിലക്കയ റ്റമുണ്ടാകുന്നു.

### വിലക്കയറ്റത്തിനുള്ള കാരണങ്ങൾ

ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവ് കാർഷി കോൽപന്നങ്ങളുടെ അപര്യാപ്തത എന്നിവ വിലക്കയറ്റത്തിനു കാരണമാകുന്നു. കാലവർഷം മാറുന്നതിനാൽ കാർഷി കോൽപന്നങ്ങളുടെ അപര്യാപ്തത ഏർപ്പെടുന്നു. കൂടാതെ കള്ളക്കടത്ത്, പൂഴ്ത്തി വയ്പ്പ്, കരിഞ്ചന്ത എന്നിവയും വിലക്കയറ്റത്തിനുള്ള മറ്റു കാരണങ്ങളാണ്.

### വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ.

ഗവൺമെന്റ് പൊതു വിതരണ സമ്പ്രദായം (PDS) കാര്യക്ഷമമാക്കി ആവശ്യ സാധനങ്ങളെ ന്യായമായ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കി. സർക്കാർ കള്ളക്കടത്ത്, പൂഴ്ത്തി വയ്പ്പ്, കരിഞ്ചന്ത എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ എടുത്തുവരുന്നു. ന്യായവില ക്കടകൾ, സഹകരണ സ്ഥാപ നങ്ങൾ എന്നിവ മുഖേന ജനങ്ങൾക്ക് ആവശ്യ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യ മാക്കുന്നു.

### ജനസംഖ്യാ വർദ്ധനവ്

അപ്രതീക്ഷിതമായി ഏർപ്പെടുന്ന ജനസംഖ്യാ വളർച്ചയെയാണ് ജനസംഖ്യാ വർദ്ധനവ് എന്നു പറയുന്നത്. ജനസംഖ്യാ വർദ്ധനവ് ഇന്ത്യയിലെ ഒരു പ്രധാന പ്രശ്നമാണ്. ലോക ജന സംഖ്യയിൽ ഇന്ത്യ രണ്ടാം സ്ഥാ നത്ത് നിൽക്കുന്നു. വിസ്തൃതിയിൽ ഇന്ത്യ ലോകവിസ്തൃതിയുടെ 2.4 ശതമാനവും ജനസംഖ്യയിൽ 16.84. ശതമാനവുമാകുന്നു. 2011-ലെ ജനസംഖ്യാ കണക്കെടുപ്പു പ്രകാരം ഇന്ത്യയിൽ 121,01,93,422 ആളുകളുണ്ട്.

### ജനസംഖ്യാ വർദ്ധനവിനുള്ള കാരണങ്ങൾ

ഇന്ത്യയിൽ ജനന നിരക്ക് അധികവും മരണനിരക്ക് കുറവായും ഇരിക്കുന്നു. വൈദ്യ ശാസ്ത്രം, സാങ്കേതിക വിദ്യ എന്നിവയിലുണ്ടായ പുരോഗതി മരണ നിരക്ക് കുറയുന്നതിന് കാരണമായിരിക്കുന്നു. പകർച്ച വ്യാധികൾ പൂർണ്ണമായും ഇല്ലാതാക്കി യിരിക്കുന്നു. കുട്ടികളുടെ മരണ നിരക്ക് കുറഞ്ഞു കാണുന്നു. പാവപ്പെട്ടവർ തങ്ങളുടെ കുടുംബ വരുമാനത്തെ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ കുഞ്ഞുങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നു. ആൺ കുഞ്ഞ് ജനിക്കണ മെന്നാഗ്രവും ജനസംഖ്യാ വർദ്ധനവിന് കാരണമാകുന്നു.

### ജനസംഖ്യാ വർദ്ധന വിനാലുണ്ടാകുന്ന ഫലങ്ങൾ

ജനസംഖ്യാ വർദ്ധനവ് ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയെ ബാധിക്കുന്നു.

ഇത് ദാരിദ്ര്യം വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ സാമൂഹ്യക പ്രശ്നങ്ങൾക്കും കാരണമാകുന്നു.

അത് പരിസര മലിനീകരണ ത്തേയും അനാരോഗ്യ ത്തേയും ഉണ്ടാക്കുന്നു.

എല്ലാ വർഷ വും ജൂലൈ 11-ാം തിയതി ലോക ജനസംഖ്യാ ദിനമായി ആചരിക്കുന്നു.

### ജനസംഖ്യാ വർദ്ധനവിനെ നിയന്ത്രിക്കാൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ.

ഗവൺമെന്റ് ജനസംഖ്യയെ നിയന്ത്രിക്കാൻ കുടുംബാസൂത്രണ പദ്ധതിയെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചുവരുന്നു.

സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണത്തെ ഏർപ്പെടു ത്തുന്നു.

ബാല്യ വിവാഹത്തിനെയും ബഹു ഭാര്യാത്വത്തെയും ഒഴിവാക്കുന്നതി

നുള്ള നിയമ നടപടികൾ എടുത്തി ട്ടുണ്ട്. രണ്ടു കുട്ടികളെ മാത്രം പ്രസവിച്ച് ചെറിയ കുടുംബത്തെ രൂപീകരിക്കുന്നവർക്ക് ഗവൺമെന്റ് പ്രോത്സാഹന ധനസഹായം നൽകി ആദരിക്കുന്നു. കൂടാതെ ജനനം, മരണം, വിവാഹം എന്നിവയെ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധി പ്പിക്കുന്നു.

ഇന്ത്യൻ ജനങ്ങൾ മുൻകാലങ്ങളിൽ ഐശ്വര്യപൂർണ്ണമായ ജീവിതത്തെ നയിച്ചിരുന്നുവെങ്കിലും അറിഞ്ഞോ അറിയാതെയോ പല സാമൂഹ്യക, സാമ്പത്തിക പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നു. അതിനാൽ സമൂഹത്തിലെ ഒരു വിഭാഗക്കാർ വളരെയധികം ദുരിതങ്ങളനുഭവിച്ചുവന്നു. സ്വാതന്ത്ര്യാനന്തരം ഗവൺമെന്റിന്റെ നിതാന്ത പരിശ്രമത്താൽ ജനങ്ങളെ സാമൂഹ്യസാമ്പത്തിക പിന്നോക്ക അവസ്ഥയിൽ നിന്ന് അവരെ രക്ഷിക്കാൻ പല നടപടികളും കൈക്കൊണ്ടു. നാട്ടിലുള്ള എല്ലാ പ്രശ്നങ്ങളെയും തീർക്കുന്നതിന് എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള നടപടി എടുക്കണം.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. ദേശീയ വിദ്യാഭ്യാസ നയം കൊണ്ടുവന്നത് __________ വർഷത്തിലാണ്.

   അ) 1968　　ആ) 1986　　ഇ) 1996

2. ഒന്നാം പഞ്ചവത്സര പദ്ധതി _________ നു പ്രാധാന്യം നൽകി

   അ) വ്യവസായം　　ആ) സാങ്കേതികം　　ഇ) കൃഷി

3. ലോക സാക്ഷരത ദിനം ആഘോഷിക്കുന്നത് ______________

   അ) സെപ്തംബർ 8　　ആ) ഒക്ടോബർ 2　　ഇ) ജൂലായ് 15

4. 1829-ലെ നിയമപ്രകാരം ________ ഇല്ലാതാക്കി

   അ) പെൺ ശിശുഹത്യ　　ആ) ബാല്യ വിവാഹം　　ഇ) സതി

### II. പൂരിപ്പിക്കുക.

1. സർവ്വകലാശാല വിദ്യാഭ്യാസ കമ്മീഷൻ ___________ ഭാഷമാധ്യമത്തിലൂടെ വിദ്യാഭ്യാസം നടത്തണമെന്ന് നിർബന്ധിപ്പിച്ചു.
2. 1990-ാം വർഷത്തെ അന്തർദേശീയ സാക്ഷരതാ വർഷമായി പ്രഖ്യാപിച്ചത് ______________ ആകുന്നു.
3. 1986-ലെ ബാലവേല നിരോധനനിയമം കുട്ടികളെ _____________ ലും ___________ പണിയെടുപ്പിക്കുന്നതിന് ഇല്ലാതാക്കി.
4. വിധവാ പുനഃർ വിവാഹം ഏർപ്പെടുത്തിയ വർഷം ____________ ആകുന്നു.

**III. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. ശാരദാ നിയമം | - | 1992 |
| 2. തുല്യ വേദന നിയമം | - | 1976 |
| 3. ബ്ലേക്ക് ബോർഡ് ഓപ്പറേഷൻ | - | ശ്രീമതി ഇന്ദിരാഗാന്ധി |
| 4. ഇരുപതിന പരിപാടികൾ | - | 1929 |

**IV. ചുരുക്കി ഉത്തരമെഴുതുക**

1. സാക്ഷരത എന്നാലെന്ത് ?
2. സ്ത്രീകളുടെ നില ഉയർത്തുന്നതിനു വേണ്ടി ഗവൺമെന്റ് എടുത്ത നടപടികളെ സൂചിപ്പിക്കുക. ?
3. ദാരിദ്ര്യം - നിർവചിക്കുക
4. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് കൈക്കൊണ്ടിണ്ടുള്ള നടപടികൾ ഏതെല്ലാം.?

**V. വിവരിച്ച് ഉത്തരമെഴുതുക**

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് വിവരിക്കുക ?
2. ജനസംഖ്യാ വർദ്ധനവിനുള്ള കാരണങ്ങളെന്തെല്ലാം.? നമ്മുടെ ഗവൺമെന്റ് ജനസംഖ്യാ വർദ്ധനവിനെ നിയന്ത്രിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ ഏതെല്ലാം.

## രൂപീകരണ മൂല്യനിർണ്ണയം

1. നിങ്ങളുടെ അടുത്തുള്ള ഗ്രാമം സന്ദർശിച്ച് ജനങ്ങളുടെ സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നിവയെക്കുറിച്ചുള്ള ചേദ്യങ്ങൾ നൽകി വിവരങ്ങൾ ശേഖരിച്ച് ഒരു പട്ടിക തയ്യാറാക്കി നിങ്ങളുടെ ക്ലാസ്റൂമിൽ സംവദിക്കുക.
2. ബാലവേലക്കാർ നേരിടുന്ന പ്രശ്നങ്ങളെ ഇല്ലാതാക്കാൻ എന്തു ചെയ്യണം. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
3. ദിനപത്രം, വാരിക, മാസിക എന്നിവയിൽ വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളെക്കുറിച്ചുള്ള വാർത്തകളെ ശേഖരിക്കുക.

4. കെട്ടിടപ്പണി നടക്കുന്ന സ്ഥലത്തു ചെന്ന് അവിടെ ജോലി ചെയ്യുന്ന പുരഷന്മാരോടും സ്ത്രീകളോടും നേരിട്ട് ഒരു അഭിമുഖം നടത്തുക.

- അവരുടെ ജോലിസമയം
- ദിവസ ശമ്പളമായി എത്ര രൂപയാണ് ലഭിക്കുന്നത്
- ശമ്പളം ദിനം പ്രതിയാണോ, മൊത്തമായി ആഴ്ചയിൽ ഒരു പ്രാവശ്യമായിട്ടാണോ,
- മൊത്തമായി മാസത്തിൽ ഒരു പ്രാവശ്യമായിട്ടാണോ ലഭിക്കുന്നത്.
- സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം ലഭിക്കുന്നുണ്ടോ.
- മേൽപ്പറഞ്ഞ വിവരങ്ങൾ ശേഖരിച്ച് "വേതന ഭേദഗതി" ചർച്ച ചെയ്യുക

5. ജനസംഖ്യാ വർദ്ധനവ് രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അനുഗ്രഹ മാണോ, ശാപമാണോ എന്ന് സംവാദം നടത്തുക.

# 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
# ('I can ,I did')
# വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |